# GOVERNMENT OF KERALA

## Abstract

Co-operation Department-Administration Report for the year 2023-2024- Approved-Orders issued

---

## CO-OPERATION (D) DEPARTMENT

G.O.(Rt)No.343/2025/Co-Op Dated,Thiruvananthapuram, 16-07-2025

---

Read Letter No. RCS/6555/2024-S.T.A(2) dated 01.06.2025 from the Registrar of Co-operative Societies

## ORDER

Government are pleased to approve the Administration Report of Co-operation Department for the year 2023-2024 as appended herewith as Annexure to this order.

(By order of the Governor)
DILEEP S M
DEPUTY SECRETARY

To:
The Registrar of Co-operative Societies, Thiruvananthapuram.
The Principal Accountant General (Audit/ A&E) Kerala, Thiruvananthapuram.
The Director, Institute of Management in Government, Thiruvananthapuram
The Indian Institute of Public Administration, Indhraprastha Estate, Ring Road, Mahatma Gandhi Road, New Delhi 110002
General Administration (AR) Department
Stock File/Office Copy

Forwarded /By order

Signed by
Rajesh S
Date: 16-07-2025 16:45:45

Section Officer



File No. RCS/6555/2024-STA(2) (Computer No. 417025)
Generated from eOffice by MURUKESAN ASARI.K, STA( 2) RCS COOP, STA(2) RCS COOP, DEPARTMENT OF CO-OPERATION on 06/03/2026 05:01 PM

# സഹകരണ വകുപ്പ്

# വാർഷിക ഭരണ

# റിപ്പോർട്ട്

# 2023–24

# സഹകരണ വകുപ്പ്

## (2023–24)

| | | |
|---|---|---|
| **സഹകരണ വകുപ്പ് മന്ത്രി** | **:** | **ശ്രീ. വി. എൻ. വാസവൻ** |
| **സഹകരണ വകുപ്പ് സെക്രട്ടറി** | **:** | **ശ്രീമതി മിനി ആന്റണി ഐ.എ.എസ്.** |
| **സഹകരണ സംഘം രജിസ്ട്രാർ** | **:** | **ശ്രീ. സുഭാഷ് ടി.വി. ഐ.എ.എസ്** |


| ക്രമ നം | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 4 |
| 2. | ഘടനാ ചാർട്ട് | 5 |
| 3. | സഹകരണ വകുപ്പിന്റെ ഘടനയും പ്രവർത്തനവും | 6-14 |
| 4. | മാനവ വിഭവം | 14-16 |
| 5. | വകുപ്പിന്റെ കീഴിലുള്ള ആഫീസുകൾ | 16-20 |
| 6. | പരിശീലന കേന്ദ്രങ്ങൾ | 20-23 |
| 7. | പദ്ധതികളും മറ്റ് സാമ്പത്തിക സഹായങ്ങളും | 24-36 |
| 8. | പദ്ധതി വിഹിതം | 36-38 |
| 9. | സാമ്പത്തികം | 39-47 |
| 10. | സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ | 48-54 |
| 11. | അടിസ്ഥാന സൗകര്യ വികസനം | 54-56 |
| 12. | വകുപ്പ് തല പ്രസിദ്ധീകരണങ്ങൾ | 56-58 |
| 13. | അച്ചടക്ക നടപടികൾ | 58 |
| 14. | വകുപ്പുതല പരിപാടികൾ | 58-60 |
| 15. | ചട്ടങ്ങളും നിയമങ്ങളും | 60 |
| 16. | പ്രധാന നേട്ടങ്ങൾ | 61-65 |
| 17. | അപ്പെക്സ്/ഫെഡറൽ/ബോർഡുകൾ/മറ്റ് സ്ഥാപനങ്ങൾ | 65-94 |
| 18. | ആഡിറ്റ് വിഭാഗം | 94-107 |

# ആമുഖം

നമ്മുടെ സമ്പദ് വ്യവസ്ഥയുടെ ചാലകശക്തിയാണ് സഹകരണ മേഖല. സാമ്പത്തിക വ്യവഹാരങ്ങൾക്ക് ജനകീയവും സുതാര്യവും മാനുഷികവുമായ മുഖമാണ് സഹകരണ പ്രസ്ഥാനം നൽകുന്നത്. കേരളത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസം, ഭക്ഷ്യം, പാർപ്പിടം, ആരോഗ്യം,സാമ്പത്തികം, വിനോദ സഞ്ചാരം, പരിസ്ഥിതി സംരക്ഷണം, സ്ത്രീകളുടെ ഉന്നമനം, സാഹിത്യം തുടങ്ങിയ സകല മേഖലകളെയും സ്പർശിക്കുന്ന ജനങ്ങളുടെ നിത്യജീവിതത്തിന്റെ നട്ടെല്ലായി സഹകരണ മേഖല ഇന്ന് മാറിക്കഴിഞ്ഞു. ഇത്തരത്തിൽ എല്ലാ ഇടങ്ങളിലും കടന്നു ചെല്ലുന്ന ഇത്രയും വൈവിധ്യമാർന്ന സഹകരണ സംഘങ്ങൾ മറ്റൊരിടത്തും കാണാൻ കഴിയില്ല. സഹകരണ മേഖലയുടെ എല്ലാ വികസന പ്രവർത്തനങ്ങളുടെയും അടിത്തറ എന്ന് പറയുന്നത് വകുപ്പിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളാണ്. 1956 ൽ കേരളം രൂപീകരിച്ചപ്പോൾ 3111 സംഘങ്ങൾ ആണ് സഹകരണ മേഖലയുടെ ഉണർവ്വിന് കാരണമായതെങ്കിൽ 2024 ആയപ്പോഴേയ്ക്കും അത് 16393-ൽ എത്തിനിൽക്കുന്നു.

കേരളത്തിന്റെ സാമൂഹിക സാമ്പത്തിക രംഗത്ത് സുരക്ഷ ഒരുക്കുന്നതിൽ നിർണ്ണായക പങ്കാണ് സഹകരണ മേഖല ഇന്ന് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. സമൂഹത്തിലെ ദാരിദ്ര്യം അകറ്റുന്നതിനും സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനും വിവിധ ആശ്വാസ പദ്ധതികൾ നടപ്പിലാക്കുവാൻ സഹകരണമേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സഹകരണ പ്രസ്ഥാനവുമായി ഏതെങ്കിലും തരത്തിൽ ബന്ധമില്ലാത്ത ഒരു കുടുംബം പോലും കേരളത്തിൽ ഇല്ലെന്നുള്ളതാണ് വാസ്തവം. സംസ്ഥാനത്തെ ജനസംഖ്യയിൽ ഭൂരിപക്ഷം പേരും സഹകരണ മേഖലയുടെ നേരിട്ടുള്ള ഗുണഭോക്താക്കളാണ്. ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് പുറമേ ഒരു തൊഴിൽ ദാതാവ് എന്ന നിലയിലും കേരളത്തിലെ സംഘങ്ങൾ പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു.

വ്യക്തമായ തത്വത്തിന്റ അടിസ്ഥാനത്തിൽ പ്രവർത്തിച്ച് ഒരു ബദൽ സാമ്പത്തിക ശക്തിയായി മാറിയ സഹകരണ മേഖല കേരളത്തിന്റെ വളർച്ചയോടൊപ്പം സഞ്ചരിക്കുകയാണ്. തികഞ്ഞ മതേതരത്വത്തിൽ ഊന്നിനിന്നുകൊണ്ട് വർണ്ണ വർഗ്ഗ വൈജാത്യങ്ങൾക്ക് അതീതമായി "എല്ലാവരും എല്ലാവർക്കും വേണ്ടിയാണ്" എന്ന ആശയത്തിലൂന്നി നിന്നുകൊണ്ട് പരസ്പരാശ്രയത്തിലൂടെ അനുദിനം മുന്നേറുകയാണ് സഹകരണ മേഖല.


REGISTRAR OF CO-OPERATIVE SOCIETIES
ADDL. CONSUMER
ADDL. GENERAL
ADDL. PLANNING & ICDP
ADDL CREDIT
FINANCE OFFICER
LAW OFFICER
JR(SC/ST) TRAINING
JR PLANNING & MARKETING
DR INSP. CELL-I
DR INSP. CELL-II
DR CONSUMER
DR VIGILANCE
DR ICDP & PLAN
DR (CREDIT-II)
DR (CREDIT-I)
EPRO
EM-AR
MT-AR
SCT/PT-AR
CSHV-AR
EB AR
EA-AR
SUPT. ACCOUNTS
PLAN B-AR
MARKETING-AR
RESEARCH OFFICER
PLAN A-AR
CLT/AEL-AR
CB-AR
CP-AR
FIN AR

# സഹകരണ വകുപ്പിന്റെ ഘടനയും പ്രവർത്തനങ്ങളും

കേരള സംസ്ഥാന സഹകരണ വകുപ്പിൽ സ്പെഷ്യൽ സെക്രട്ടറിയുടെ കീഴിൽ അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി, സെക്ഷൻ ആഫീസർമാർ, മറ്റ് സ്റ്റാഫുകൾ തുടങ്ങിയവർ ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ പ്രവർത്തിക്കുന്നു. സഹകരണ വകുപ്പിന് നിലവിൽ രണ്ട് വിഭാഗങ്ങളുണ്ട്.

A. **ജനറൽ വിഭാഗം**
B. **ആഡിറ്റ് വിഭാഗം**

## ജനറൽ വിഭാഗം

### സഹകരണ സംഘം രജിസ്ട്രാർ

സഹകരണ സംഘം രജിസ്ട്രാർ ആഫീസിന്റെ തലവനാണ് സഹകരണ സംഘം രജിസ്ട്രാർ. സഹകരണ സംഘങ്ങളുടെ പ്രവർത്തനം നടക്കുന്നത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലാണ്.

2023-24 വർഷം സഹകരണ സംഘം രജിസ്ട്രാർ പദവിയിൽ സേവനം അനുഷ്ഠിച്ചത് ശ്രീ. സുഭാഷ്. ടി.വി. ഐ. എ. എസ്. ആണ്.

സഹകരണ വകുപ്പിന്റെ ആസ്ഥാനമായ സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിൽ സഹകരണ സംഘം രജിസ്ട്രാർക്ക് പുറമെ രജിസ്ട്രാറെ സഹായിക്കുന്നതിനായി നിയോഗിച്ചിരിക്കുന്ന പ്രധാന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | അഡീഷണൽ രജിസ്ട്രാർമാർ | - | 4 |
| 2. | ജോയിന്റ് രജിസ്ട്രാർമാർ | - | 2 |
| 3. | ഫിനാൻസ് ആഫീസർ | - | 1 |
| 4. | ലോ ആഫീസർ | - | 1 |
| 5. | ഡെപ്യൂട്ടി രജിസ്ട്രാർമാർ | - | 8 |
| 6. | റിസർച്ച് ആഫീസർ | - | 1 |
| 7. | ഇ. പി. ആർ. ഒ. | - | 1 |
| 8. | അസിസ്റ്റന്റ് രജിസ്ട്രാർമാർ | - | 13 |

### അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക കാർഷിക വികസന ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, മറ്റ് വായ്പ സംഘങ്ങൾ, ക്രെഡിറ്റ് മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, മറ്റ് പൊതു വിഷയങ്ങൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

**അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ)**

ഉപഭോക്തൃ സഹകരണ സംഘങ്ങൾ, സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ, മറ്റ് പലവക സംഘങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളും, സഹകരണ സംഘം ജീവനക്കാരുടെ വിഷയങ്ങളും കൈകാര്യം ചെയ്യുന്നു.

**അഡീഷണൽ രജിസ്ട്രാർ (ജനറൽ)**

സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയൻ, വിജിലൻസ് എന്നിവ സംബന്ധിച്ച വിഷയങ്ങൾ, വകുപ്പിലെ ജീവനക്കാരുടെ പൊതുവായ കാര്യങ്ങൾ, അച്ചടക്ക നടപടികൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നു.

**അഡീഷണൽ രജിസ്ട്രാർ (പ്ലാൻ & ഐ.സി.ഡി.പി.)**

സംയോജിത സഹകരണ വികസന പദ്ധതി സംബന്ധിച്ച കാര്യങ്ങൾ, സഹകരണ വിജിലൻസ് വിഭാഗം (വകുപ്പ് ജീവനക്കാരെ സംബന്ധിക്കുന്നവ ഒഴികെ) വിവിധ വാർഷിക പദ്ധതികൾ, തുടങ്ങിയവയെ സംബന്ധിച്ചുള്ള വിഷയങ്ങൾ, വിവരാവകാശ നിയമം അപ്പലേറ്റ് അതോറിറ്റി, സ്ഥിതി വിവരക്കണക്ക് ശേഖരണ മേൽനോട്ടം എന്നിവ കൈകാര്യം ചെയ്യുന്നു.

**ജോയിന്റ് രജിസ്ട്രാർ (മാർക്കറ്റിംഗ് & പ്ലാനിംഗ്)**

മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘങ്ങൾ, കാർഷിക ഉല്പന്ന സംഭരണം, വാർഷിക പദ്ധതി, പദ്ധതി നിർവ്വഹണം സംബന്ധിച്ച വിഷയങ്ങൾ, സ്ഥിതി വിവരക്കണക്ക് റിപ്പോർട്ട് മേൽനോട്ടം എന്നിവ കൈകാര്യം ചെയ്യുന്നു.

**ജോയിന്റ് രജിസ്ട്രാർ (പട്ടികജാതി/പട്ടികവർഗ്ഗ & ട്രെയിനിംഗ്)**

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സംബന്ധിച്ച വിഷയങ്ങൾ, സഹകരണ സംഘം ജീവനക്കാരെ സംബന്ധിച്ച വിഷയങ്ങൾ, പരിശീലനം സംബന്ധിച്ച കാര്യങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നു.

**എഡിറ്റർ കം പ്രസ്സ് റിലേഷൻ ആഫീസർ (ഇ.പി.ആർ.ഒ.)**

സഹകരണ വീഥിയുടെ പ്രസിദ്ധീകരണം, വിതരണം എന്നിവയെ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

# വകുപ്പിന്റെ പ്രവർത്തനങ്ങൾ

1. സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുക
2. സഹകരണ സംഘങ്ങളുടെ നിയമാവലിയും അവയുടെ കാലാകാലങ്ങളിലുള്ള ഭേദഗതിയും പരിശോധിച്ച് രജിസ്റ്റർ ചെയ്ത് നൽകുക.
3. സഹകരണ സംഘങ്ങളിലെ ഭരണ സമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തിക്കൊടുക്കുക.
4. സഹകരണ സംഘങ്ങളിൽ ഒരു കമ്മിറ്റി രൂപീകരണം പരാജയപ്പെടുമ്പോഴോ നിലവിലുള്ള കമ്മിറ്റി പിരിച്ചുവിടുമ്പോഴോ പകരം അഡ്മിനിസ്ട്രേഷൻ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ച് ഭരണ സ്തംഭനം ഒഴിവാക്കുക.
5. സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.
6. എല്ലാതരം സഹകരണ സംഘങ്ങളുടെയും ആഡിറ്റ് നിർവ്വഹിക്കുക.
7. സഹകരണ സംഘങ്ങളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തുകയും ആവശ്യമായ കാര്യങ്ങളിൽ അന്വേഷണം നടത്തുകയും ക്രമക്കേടുകളും അഴിമതികളും കണ്ടുപിടിച്ച് കുറ്റക്കാർക്ക് എതിരെ നടപടി സ്വീകരിക്കുകയും സംഘത്തിനുണ്ടായ സാമ്പത്തിക നഷ്ടം ഈടാക്കുകയും ചെയ്യുക.
8. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കുക, നിർദ്ദേശങ്ങൾ നൽകുക, നിയമ-ചട്ട വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.
9. അംഗങ്ങൾ, ജീവനക്കാർ, ഇടപാടുകാർ എന്നിവരും സഹകരണ സംഘങ്ങളും തമ്മിലുള്ള തർക്കങ്ങൾക്ക് തീർപ്പ് കല്പിക്കുക(ആർബിട്രേഷൻ)
10. ആർബിട്രേഷൻ തീർപ്പ് നടപ്പിലാക്കി കൊടുക്കുക.(വിധി നടത്തിപ്പ്)
11. സഹകരണ സംഘങ്ങൾ പ്രവർത്തന ക്ഷമമല്ലാതെ വരുമ്പോൾ ലിക്വിഡേഷൻ നടപടികൾ നിർവ്വഹിക്കുക
12. ആർബിട്രേഷൻ തീർപ്പിന്മേലുള്ള അപ്പീൽ, റിവിഷൻ, റിവ്യൂ ഇവ നടത്തുക.
13. സഹകരണ സംഘങ്ങൾക്കും അതിലെ ജീവനക്കാർക്കും, ഇടപാടുകാർക്കും ബാധകമായ എല്ലാ കാര്യങ്ങളിലും, സർക്കാർ നിർദ്ദേശങ്ങൾക്കും നിയമ-ചട്ട വ്യവസ്ഥകൾക്ക് അനുസൃതവും ആയി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

## മറ്റ് വകുപ്പുകളിൽ നിന്നും ഈ ആഫീസിൽ നിയമിക്കപ്പെട്ട പ്രധാന ഉദ്യോഗസ്ഥർ

### ഫിനാൻസ് ആഫീസർ

സഹകരണ സംഘം രജിസ്ട്രാർക്ക് ധനസംബന്ധമായ കാര്യങ്ങളിൽ ഉപദേശങ്ങൾ നൽകുന്നതിനും സഹായിക്കുന്നതിനും ധനകാര്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിരിക്കുന്നു.

### ലോ ആഫീസർ

സഹകരണ സംഘം രജിസ്ട്രാർക്ക് നിയമ സംബന്ധമായ കാര്യങ്ങളിൽ ഉപദേശം നൽകുന്നതിനായി നിയമ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിരിക്കുന്നു.

### റിസർച്ച് ആഫീസർ

സഹകരണ വകുപ്പുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്നതിന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ നിന്നും നിയമിക്കപ്പെട്ടിരിക്കുന്നു.

## സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ വിവിധ സെക്ഷനുകളും അവയുടെ ചുമതലകളും

സഹകരണ വകുപ്പിന്റെ ആസ്ഥാനമായ സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിലെ പ്രധാനപ്പെട്ട സെക്ഷനുകൾ.

1. **& 2. എസ്റ്റാബ്ലിഷ്മെന്റ് എ (ഇ.എ.) എസ്റ്റാബ്ലിഷ്മെന്റ് ബി (ഇ.ബി.)**

   സഹകരണ വകുപ്പ് ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങളായ തസ്തിക, നിയമനം, സ്ഥലം മാറ്റം, പ്രൊബേഷൻ ഡിക്ലറേഷൻ, പ്രമോഷൻ, പെൻഷൻ, ബിസിനസ് സ്റ്റേറ്റ്മെന്റ്, കോൺഫിഡൻഷ്യൽ റിപ്പോർട്ട്, സർക്കാർതല മീറ്റിംഗുകൾ സംബന്ധിച്ച വിവരങ്ങൾ മുതലായവയാണ് എസ്റ്റാബ്ലിഷ്മെന്റ് എ (ഇ.എ) (നോൺഗസറ്റഡ് ഉദ്യോഗസ്ഥർ) & എസ്റ്റാബ്ലിഷ്മെന്റ് ബി (ഇ.ബി) (ഗസറ്റഡ് ഉദ്യോഗസ്ഥർ) സെക്ഷനുകൾ കൈകാര്യം ചെയ്യുന്നത്.

3. **എംപ്ലോയീസ് മാറ്റേഴ്സ് ഓഫ് കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂഷൻസ് (ഇ.എം.)**

   സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ, സേവന വേതന വ്യവസ്ഥകൾ, ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ, നിയമ ഭേദഗതികൾ, കേസുകൾ എന്നിവ കൈകാര്യം ചെയ്യുന്നു.

4. **അക്കൗണ്ട്സ്**

ജീവനക്കാരുടെ ശമ്പളം, ശമ്പള പുനർനിർണ്ണയം, ഇൻക്രിമെന്റ്, അവധികൾ, യാത്രാ ബത്ത, ടൂർ ഡയറി, അലവൻസുകൾ, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, ജി. പി. എഫ്, എൻ. ആർ. എ., ഇൻകം ടാക്സ്, പ്രൊഫഷണൽ ടാക്സ്, സ്റ്റേറ്റ്മെന്റുകൾ, സാലറി സർട്ടിഫിക്കറ്റ് വിതരണം, ട്രഷറി ബില്ലുകൾ, എഫ്.ബി.എസ്., എച്ച്.ബി.എ., എസ്.എൽ.ഐ., ജി.ഐ.എസ്., മെഡിസെപ്പ് മുതലായ കാര്യങ്ങൾ അക്കൗണ്ട്സ് സെക്ഷൻ കൈകാര്യം ചെയ്യുന്നു.

5. **ഇൻഫർമേഷൻ ടെക്നോളജി (ഐ.റ്റി.)**

ആഫീസിന്റെ കമ്പ്യൂട്ടർവൽക്കരണം, ഇ-ആഫീസ് മാനേജ്മെന്റ്, ജീവനക്കാരുടെ പഞ്ചിംഗ് സ്റ്റേറ്റ്മെന്റ്, ഐ.സി.ഡി.എം.എസ്, ഔദ്യോഗിക മെയിൽ & വെബ് സൈറ്റ് മാനേജ്മെന്റ് എന്നിവ ഉൾപ്പെടെയുള്ള ആഫീസിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

6. **ഫിനാൻസ് (ഫിൻ.)**

ആഡിറ്റ് പാര, പി.എ.സി. റിപ്പോർട്ട്, സി.എ.ജി. റിപ്പോർട്ട്, ഡി.സി.ബി. സ്റ്റേറ്റ്മെന്റ്, നോൺ-ടാക്സ് റവന്യൂ കളക്ഷൻ, ബജറ്റ് അലോട്ട്മെന്റ്, ആഡിറ്റ് ഫീസ്, കെ.എസ്.ആർ. കോസ്റ്റ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്, എസ്.ഡി.ജി. എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, സഹകരണ വകുപ്പിലെ സംസ്ഥാനത്തെ മുഴുവൻ ആഫീസുകളിലെയും പദ്ധതി - പദ്ധതിയേതര വരവു ചെലവുകൾ ഓരോ വർഷവും ക്രോഡീകരിച്ച് വകുപ്പ്, ട്രഷറി, അക്കൗണ്ടന്റ് ജനറൽ എന്നിവിടങ്ങളിലെ കണക്കുമായി അനുരഞ്ജനം ചെയ്ത് നേരിട്ട് അക്കൗണ്ടന്റ് ജനറലിന് നൽകുന്നു. കൂടാതെ കെ.എസ്.ആർ. ചട്ടം 144 പ്രകാരം സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ ഫോറിൻ സർവ്വീസ് അക്കൗണ്ടുകളുടെയും ടി അക്കൗണ്ടുകളുടെ എൽ.എസ്. ആന്റ് പി.സി. വിഹിതം ഒടുക്കുന്നത് സംബന്ധിച്ചുമുള്ള വിവരങ്ങളും കെ.എസ്.ആർ. ചട്ടം 156 പ്രകാരം സ്പെഷ്യൽ സെയിൽ ആഫീസർ, കൺകറന്റ് ആഡിറ്റർ തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ ആവറേജ് കോസ്റ്റ്, എൽ.എസ്. ആന്റ് പി.സി. വിഹിതം എന്നിവ ഒടുക്കുന്നത് സംബന്ധിച്ചുമുള്ള വിവരങ്ങളും കൈകാര്യം ചെയ്യുന്നു.

7. **മാർക്കറ്റിംഗ് & പ്രോസസ്സിംഗ് (എം.പി.)**

സംസ്ഥാനത്തെ എല്ലാ പ്രാഥമിക വിപണന സംസ്കരണ സഹകരണ സംഘങ്ങൾ, ഫെഡറൽ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, അപെക്സ് മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവയുടെ ഭരണപരമായ വിഷയങ്ങൾ, പ്രത്യേകിച്ചും അഡ്മിനിസ്ട്രേറ്റർമാരുടെ നിയമനം, സഹകരണ നിയമ പ്രകാരമുള്ള അന്വേഷണങ്ങൾ, മാർക്കറ്റിംഗ് രംഗത്തെ പുതിയ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ, റിട്ട് ഹർജികൾ, സംഘത്തെക്കുറിച്ചുള്ള

പരാതികളിന്മേൽ അന്വേഷണങ്ങൾ, ഫെഡറൽ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, അപ്പെക്സ് മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവയുടെ നിയമാവലി ഭേദഗതി, തെരഞ്ഞെടുപ്പ് നടപടികൾ തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ഇതിനുപരിയായി വിപണന സംസ്കരണ സഹകരണ സംഘങ്ങളുടെ ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ സംബന്ധിച്ച വിഷയങ്ങളും നെല്ല്, കൊപ്ര, റബ്ബർ എന്നിവയുടെ സംഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

8. **കൺസ്യൂമർ സൊസൈറ്റീസ്/ഹൗസിംഗ് & വനിതാ സൊസൈറ്റീസ് (സി.എസ്./എച്ച്.വി.)**

വനിതാ സഹകരണ സംഘങ്ങൾ, ഹൗസിംഗ് സഹകരണ സംഘങ്ങൾ, എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങളും, വിവിധ പദ്ധതികൾ പ്രകാരം നൽകുന്ന ഓഹരി മൂലധനം, വായ്പ, സബ്സിഡി/ മൂലധനം തുടങ്ങിയ സാമ്പത്തിക സഹായങ്ങളും കൈകാര്യം ചെയ്യുന്നു. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങളിലെയും ഉപഭോക്തൃ സഹകരണ സംഘങ്ങളിലെയും ഭരണപരവും സാമ്പത്തികവുമായ കാര്യങ്ങളും വ്യത്യസ്ത പദ്ധതികളുടെ നടത്തിപ്പിനെ കുറിച്ച് ബന്ധപ്പെട്ട കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

9. **മിസെല്ലേനിയസ് ടൈപ്പ്- ആശുപത്രി സഹകരണ സംഘങ്ങൾ, സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ (എം.റ്റി.)**

വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള സഹകരണ അക്കാദമി(CAPE), സാഹിത്യ പ്രവർത്തക സഹകരണ സംഘം, ടൂറിസം സഹകരണ സംഘം, മറ്റ് പലവക സഹകരണ സംഘങ്ങൾ എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങളും വിവിധ പദ്ധതികൾ പ്രകാരം നൽകുന്ന ഓഹരി മൂലധനം, വായ്പ, സബ്സിഡി/മൂലധനം തുടങ്ങിയ സാമ്പത്തിക സഹായങ്ങളെ കുറിച്ചുള്ള കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

10. **ജനറൽ**

ജോയിന്റ് രജിസ്ട്രാർ ആഫീസുകളിൽ നിന്നും മാസം തോറും ലഭിക്കുന്ന പ്രവർത്തന റിപ്പോർട്ട് കൈകാര്യം ചെയ്യുക, വകുപ്പുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ തയ്യാറാക്കുക, കേരള സഹകരണ നിയമം ഭേദഗതി ചെയ്യൽ, സഹകരണ ലൈബ്രറിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, സർക്കുലർ പ്രസിദ്ധീകരിക്കുക, വിവരാവകാശം ക്രോഡീകരിക്കുക, സംഘങ്ങളിൽ നിന്നുള്ള സംഭാവനകൾ ഫലപ്രദമായി വിനിയോഗിക്കാൻ വേണ്ട നടപടി സ്വീകരിക്കൽ തുടങ്ങിയ പൊതുവായ കാര്യങ്ങളാണ് ജനറൽ സെക്ഷൻ കൈകാര്യം ചെയ്യുന്നത്. കൂടാതെ വിവിധ പദ്ധതികൾ, ജില്ലാ സഹകരണ ബാങ്കുകളിലെയും റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെയും, നബാർഡിന്റെയും ഇൻസ്പെക്ഷൻ

റിപ്പോർട്ട്, വിവിധ കടാശ്വാസ പദ്ധതികൾ എന്നിവ സംബന്ധിച്ച കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

11. **<u>വിജിലൻസ്</u>**

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അച്ചടക്ക നടപടികളും പാസ്പോർട്ട് അപേക്ഷയിന്മേലുള്ള എൻ.ഒ.സി. നൽകുന്നതിനുള്ള നടപടികളും എടുക്കുക, സഹകരണ സംഘങ്ങളെ സംബന്ധിച്ച പരാതിയിന്മേലുള്ള പ്രാഥമിക അന്വേഷണം ആവശ്യമെങ്കിൽ സഹകരണ നിയമ പ്രകാരമുള്ള അന്വേഷണ പരിശോധന നടപടികൾ നടത്തുക, കേസിന്റെ ഗൗരവം കണക്കിലെടുത്ത് സഹകരണ വിജിലൻസിന്റെ അന്വേഷണത്തിന് നൽകുക, സർക്കാരിന്റെ നിർദ്ദേശ പ്രകാരമുള്ള അന്വേഷണങ്ങൾക്ക് നടപടി സ്വീകരിക്കുക, സഹകരണ ജീവനക്കാരുടെ സ്വത്ത് വിവര സ്റ്റേറ്റ്മെന്റ് വാങ്ങി സൂക്ഷിക്കുക എന്നിവയാണ് വിജിലൻസ് വിഭാഗം ചെയ്യുന്നത്.

12. **<u>പബ്ലിക്കേഷൻസ് & ട്രെയിനിംഗ്(പി.റ്റി.)</u>**

സഹകരണ വീഥി, സഹകരണ ഗൈഡ്, സഹകരണ പ്രചരണ പദ്ധതി, സഹകരണ കോൺഗ്രസ്, സഹകരണ വിദ്യാഭ്യാസം, പരിശീലനം, ഔദ്യോഗിക ഭാഷാ പുരോഗതി റിപ്പോർട്ട് തയ്യാറാക്കൽ മുതലായവ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

13. **<u>ഷെഡ്യൂൾഡ് കാസ്റ്റ് & ട്രൈബ്സ് (എസ്.സി.റ്റി.)</u>**

എസ്.സി./എസ്.റ്റി. ഫെഡറേഷൻ, എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങൾ എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

14. **<u>ക്രെഡിറ്റ് & ലോങ്ങ് ടേം(സി.എൽ.റ്റി./എ.ഇ.എൽ.)</u>**

കേരള കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക്, പ്രാഥമിക കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക് എന്നിവയുമായി ബന്ധപ്പെട്ട ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

15. **<u>ക്രെഡിറ്റ് ബാങ്കിംഗ് (സി.ബി.</u>)**

കേരള സംസ്ഥാന സഹകരണ ബാങ്കിലെ സ്ഥിര ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരുടെ ഭരണപരമായ കാര്യങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ SHG പദ്ധതി, പ്രധാനമന്ത്രി ആവാസ് യോജന, വിള ഇൻഷ്വറൻസ് എന്നീ പദ്ധതികൾ, കേരളാ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക്, നബാർഡ് എന്നിവയുടെ റിവ്യൂ മീറ്റിംഗ്, സംസ്ഥാന സഹകരണ ബാങ്കുകളിലെ ആർബിട്രേഷൻ കേസ് ഫയലിംഗ്, കേസ് തീർപ്പാക്കൽ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

16. **<u>ക്രെഡിറ്റ് പ്രൈമറീസ് (സി.പി.)</u>**

പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് ബാങ്കുകൾ, അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ, റൂറൽ സഹകരണ സംഘങ്ങൾ, കാർഷികേതര വായ്പ സഹകരണ സംഘങ്ങൾ എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങളും വിവിധ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളും കൂടാതെ അപെക്സ് എംപ്ലോയീസ് സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി ഉൾപ്പെടെയുള്ള എംപ്ലോയീസ് സംഘങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

17. **<u>ഇന്റഗ്രേറ്റഡ് കോ-ഓപ്പറേഷൻ ഡെവലപ്മെന്റ് പ്രോജക്റ്റ് (ഐ.സി.ഡി.പി.</u>)**

സംയോജിത സഹകരണ വികസന പദ്ധതിയെ സംബന്ധിച്ച കാര്യങ്ങളാണ് ഐ.സി.ഡി.പി. സെക്ഷൻ കൈകാര്യം ചെയ്യുന്നത്.

18. & 19. **<u>പ്ലാനിംഗ് & മോണിറ്ററിംഗ് (പി.&എം.(എ) & പി.&എം.(ബി))</u>**

സഹകരണ വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പദ്ധതി തയ്യാറാക്കി പ്ലാനിംഗ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ ബില്ല് ട്രഷറിയിൽ സമർപ്പിച്ച് സംഘങ്ങളുടെ അക്കൗണ്ടിലേയ്ക്ക് തുക മാറി നൽകുന്നു. കൂടാതെ ജില്ലകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ, പ്ലാൻ സ്പേസ് അപ്ഡേഷൻ, ഗവർണർ പ്രസംഗം, ബഡ്ജക്റ്റ് പ്രസംഗം, വാർഷിക പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കൽ, ബഹു. ചീഫ് മിനിസ്റ്റർ, ചീഫ് സെക്രട്ടറി എന്നിവരുടെ മീറ്റിംഗിന് ആവശ്യമായ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

20. **<u>സ്റ്റാറ്റിസ്റ്റിക്സ് (എസ്.റ്റി.)</u>**

സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സംഘങ്ങളിൽ നിന്നും വിവര ശേഖരണം നടത്തി സ്റ്റാറ്റിസ്റ്റിക്കൽ അബ്സ്ട്രാക്റ്റ്, സഹകരണ സംഘങ്ങളുടെ നമ്പർ സ്റ്റേറ്റ്മെന്റ്, പി.എ.സി.എസ്. ബേസിക് ഡാറ്റ, കാർഷിക മന്ത്രാലയത്തിന് വേണ്ടിയുള്ള വിവരങ്ങൾ, സംഘങ്ങളുടെ നിശ്ചിത പ്രൊഫോർമയിൽ ശേഖരിച്ച സ്ഥിതി വിവരക്കണക്കുകൾ എന്നിവയും കോ-ഓപ്പറേറ്റീവ് ഡയറക്ടറി, വാർഷിക ഭരണ റിപ്പോർട്ട്, സാമ്പത്തിക അവലോകന റിപ്പോർട്ട് എന്നിവയും തയ്യാറാക്കുന്നു.

21. **<u>സഹകരണ ഇൻഫർമേഷൻ ബ്യൂറോ</u>**

സഹകരണ വകുപ്പിലെ ഔദ്യോഗിക പ്രസിദ്ധീകരണമായ സഹകരണ വീഥി പ്രസിദ്ധീകരിക്കുന്നത് സഹകരണ ഇൻഫർമേഷൻ ബ്യൂറോ ആണ്.

22. **ലോ സെക്ഷൻ**

ആക്ട് ആന്റ് റൂൾ ഭേദഗതികൾ തയ്യാറാക്കൽ, പരിശോധന, സെക്ഷനുകൾ തയ്യാറാക്കുന്ന സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സുകൾ പരിശോധിച്ച് നൽകൽ, ഓപ്പറേഷൻ മാനുവൽ എന്നിവ തയ്യാറാക്കലും പരിഷ്കരിക്കലും, ഹൈക്കോടതി കേസുകളിന്മേൽ നിരീക്ഷണം, ലെയ്സൺ ആഫീസറിൽ നിന്നും കേസുകളെ സംബന്ധിച്ച പ്രതിവാര വിശദാംശങ്ങൾ യഥാസമയം ശേഖരിക്കൽ, ഓരോ കേസുകളെ സംബന്ധിച്ചുള്ള നിലവിലുള്ള സ്ഥിതി ആവശ്യപ്പെടുക, കരട് വിജ്ഞാപനങ്ങൾ പരിശോധിക്കുക, ബൈലോ അമെൻമെന്റുകളുടെ പരിശോധന എന്നിവ ചെയ്യുന്നു.

23. **ഇൻസ്പെക്ഷൻ സെൽ**

സഹകരണ വകുപ്പുമായി ബന്ധപ്പെട്ട ആഫീസുകളിലും സഹകരണ സംഘങ്ങളിലും പരിശോധന നടത്തുകയാണ് പ്രധാന കർത്തവ്യം.

## സഹകരണ സംഘം രജിസ്ട്രാറുടെ കീഴിലുള്ള ജില്ലാ/സർക്കിൾ ആഫീസുകളുടെ ഘടന

സഹകരണ സംഘം രജിസ്ട്രാർ ആഫീസിന് പുറമേ 14 ജില്ലാ ആഫീസുകളും 78 സർക്കിൾ ആഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ജില്ലാ ആഫീസുകളുടെ പ്രവർത്തനം ജോയിന്റ് രജിസ്ട്രാർ ജനറലിന്റെയും, സർക്കിൾതല ആഫീസുകളുടെ പ്രവർത്തനം അസിസ്റ്റന്റ് രജിസ്ട്രാറുടെയും നിയന്ത്രണത്തിലാണ് നടക്കുന്നത്. ജില്ലകളിൽ ജോയിന്റ് രജിസ്ട്രാറെ സഹായിക്കുന്നതിന് ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം), അസിസ്റ്റന്റ് രജിസ്ട്രാർ(പ്ലാൻ), അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി) എന്നീ പ്രധാന ഉദ്യോഗസ്ഥരും അവർക്ക് കീഴിൽ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ഡ്രൈവർ, ക്ലർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ്, സ്വീപ്പർ എന്നീ ഉദ്യോഗസ്ഥരും ഉണ്ട്.

## മാനവ വിഭവം

## ജീവനക്കാർ

**31.03.2024 ലെ സഹകരണ വകുപ്പിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക | കെ.എസ്.ആർ തസ്തിക | ആകെ |
|---|---|---|---|---|
| 1 | സഹകരണ സംഘം രജിസ്ട്രാർ | 1 | - | 1 |
| 2 | സഹകരണ ആഡിറ്റ് ഡയറക്ടർ | 1 | - | 1 |
| 3 | അഡീഷണൽ രജിസ്ട്രാർ/ അഡീഷണൽ ഡയറക്ടർ | 7 | 4 | 11 |
| 4 | ജോയിന്റ് രജിസ്ട്രാർ/ ജോയിന്റ് ഡയറക്ടർ | 32 | 22 | 54 |

| | | | | |
|---|---|---|---|---|
| 5 | ഡെപ്യൂട്ടി രജിസ്ട്രാർ/ ഡെപ്യൂട്ടി ഡയറക്ടർ | 37 | 11 | 48 |
| 6 | അസിസ്റ്റന്റ് രജിസ്ട്രാർ/ അസിസ്റ്റന്റ് ഡയറക്ടർ/ ഇ.പി.ആർ.ഒ. | 236 | 231 | 467 |
| 7 | രജിസ്ട്രാറുടെ/ഡയറക്ടറുടെ പി.എ. | 2 | – | 2 |
| 8 | കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ (ജൂനിയർ, സീനിയർ, സ്പെഷ്യൽ ഗ്രേഡ്) | 1182 | 1265 | 2447 |
| 9 | ഫെയർ കോപ്പി സൂപ്രണ്ട് | 3 | – | 3 |
| 10 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 11 | – | 11 |
| 11 | ക്ലർക്ക് | 214 | – | 214 |
| 12 | ടൈപ്പിസ്റ്റ് | 136 | – | 136 |
| 13 | ഡ്രൈവർ | 18 | – | 18 |
| 14 | ഓഫീസ് അറ്റൻഡന്റ്/നൈറ്റ് വാച്ച്മെൻ | 300 | – | 300 |
| 15 | ബൈൻഡർ | 1 | – | 1 |
| 16 | പാർട്ട് ടൈം സ്വീപ്പർ | 71 | – | 71 |
| 17 | ഫുൾ ടൈം സ്വീപ്പർ | 3 | – | 3 |
| 18 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 | – | 2 |
| **മറ്റ് വകുപ്പിലെ ഉദ്യോഗസ്ഥർ** | | | | |
| 19 | ഫിനാൻസ് ആഫീസർ | 1 | – | 1 |
| 20 | ലോ ആഫീസർ | 1 | – | 1 |
| 21 | റിസർച്ച് ആഫീസർ | 1 | – | 1 |
| 22 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1 | 5 | – | 5 |
| **ആകെ** | | 2265 | 1533 | 3798 |

**ദിവസവേതനത്തിൽ ജോലി ചെയ്യുന്നവർ** – 28

1. ഓഫീസ് അസിസ്റ്റന്റ് – 14
2. പാർട്ട് ടൈം സ്വീപ്പർ – 14

**ആശ്രിത നിയമനങ്ങൾ ഉൾപ്പെടെയുള്ള ആകെ നിയമനങ്ങൾ** – 225

1. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ – 132
2. എൽ.ഡി. ക്ലർക്ക് –54
3. എൽ.ഡി. ടൈപ്പിസ്റ്റ് –18
4. ഓഫീസ് അറ്റൻഡന്റ് – 20
5. പാർട്ട് ടൈം സ്വീപ്പർ – 1

**ഡെപ്യൂട്ടേഷനിൽ പോയവർ** – 27

1. അഡീഷണൽ രജിസ്ട്രാർ/അഡീഷണൽ ഡയറക്ടർ – 2
2. ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ – 4
3. ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർ – 1
4. അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ – 20

**പുതിയ തസ്തിക സൃഷ്ടിക്കൽ** – ഇല്ല

**2023-24 വർഷം സർവ്വീസിൽ നിന്ന് വിരമിച്ചവർ**

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | അഡീഷണൽ രജിസ്ട്രാർ/അഡീഷണൽ ഡയറക്ടർ | 2 |
| 2 | ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ | 10 |
| 3 | ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർ | 8 |
| 4 | അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ | 59 |
| 5 | കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ (ജൂനിയർ, സീനിയർ, സ്പെഷ്യൽ ഗ്രേഡ്) | 26 |
| 6 | ക്ലർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| **ആകെ** | | **109** |

## വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് ഓഫീസുകൾ

1. **സഹകരണ വിജിലൻസ്**

കേരള സർക്കാരിന്റെ 02.02.2008 ലെ 41/08 നമ്പർ ഉത്തരവും ബഹുമാനപ്പെട്ട സഹകരണ സംഘം രജിസ്ട്രാറുടെ 12.05.2008 ലെ 32/08, 16.06.2018 ലെ 31/18 എന്നീ നമ്പർ സർക്കുലറുകൾ പ്രകാരവും സഹകരണ നിയമം വകുപ്പ് 68 (എ) പ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ സഹകരണ വിജിലൻസ് വിഭാഗം 2008 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ഇതിൽ ഒരു ഹെഡ് ഓഫീസും 3 മേഖല ഓഫീസുകളും പ്രവർത്തിച്ചുവരുന്നു.

കേരള സംസ്ഥാനം മുഴുവൻ അധികാര പരിധിയോട് കൂടി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്(ഡി.ഐ.ജി) റാങ്കിലുള്ള ഉദ്യോഗസ്ഥനെയാണ് വിജിലൻസ് ആഫീസറായി നിയമിക്കുന്നത്. സഹകരണ വിജിലൻസ് ആഫീസിന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്. സഹകരണ വിജിലൻസ് ആഫീസറുടെ കീഴിൽ ഓരോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ അധികാര പരിധിയായി ആലപ്പുഴ ദക്ഷിണ മേഖല ആഫീസും, പാലക്കാട്, ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകൾ പ്രവർത്തന പരിധിയായി തൃശ്ശൂർ മധ്യമേഖല ആഫീസും, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്

എന്നീ ജില്ലകൾ പ്രവർത്തന പരിധിയായി കണ്ണൂർ ഉത്തര മേഖല ആഫീസുമായി ആകെ 3 മേഖലാ ആഫീസുകൾ പ്രവർത്തിച്ചുവരുന്നു. സഹകരണ വിജിലൻസിൽ ആകെ 39 തസ്തികകൾ ഉണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ ഗുരുതരമായ ക്രമക്കേടുകൾ (പണാപഹരണം, അഴിമതി തുടങ്ങിയവ) അന്വേഷിക്കുന്നതിന് രജിസ്ട്രാർ നിർദ്ദേശിക്കുന്ന പരാതികളിൽ മേഖലാ ആഫീസുകളിലെ ഡി.വൈ.എസ്.പി/ ഇൻസ്പെക്ടർ ഓഫ് പോലീസ് എന്നിവർ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ സഹകരണ വിജിലൻസ് ആഫീസറുടെ ശുപാർശയോടുകൂടി തിരികെ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ചു പോരുന്നു. ഭരണപരമായ കാര്യങ്ങൾ ആസ്ഥാന ആഫീസിൽ ജോയിന്റ് രജിസ്ട്രാറും മേഖലാ ആഫീസുകളിൽ ഡെപ്യൂട്ടി രജിസ്ട്രാർമാരും കൈകാര്യം ചെയ്തുവരുന്നു.

2023-24 വർഷത്തിൽ 35 കേസുകൾ അന്വേഷണത്തിനായി ലഭിച്ചിട്ടുണ്ട്. തൻവർഷം 37 കേസുകളിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ ആകെ ലഭിച്ച 11 വിവരാവകാശ അപേക്ഷകൾക്ക് യഥാസമയം മറുപടി നൽകിയിട്ടുണ്ട്.

## 2. സഹകരണ ട്രൈബ്യൂണൽ

1969 ലെ കേരള സഹകരണ സംഘം നിയമം സെക്ഷൻ 81 പ്രകാരം നിലവിൽ വന്ന കേരള സഹകരണ ട്രൈബ്യൂണൽസഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനം മുഴുവൻ അധികാര പരിധിയുള്ള അപ്പലേറ്റ് അതോറിറ്റിയാണ്. സഹകരണ ട്രൈബ്യൂണലായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർവ്വീസിലുള്ള ഒരു ജില്ലാ ജഡ്ജ് സേവനം അനുഷ്ഠിക്കുന്നു.നിലവിൽ ബഹു. കെ. സോമൻ, ജില്ലാ ജഡ്ജ് അവർകളാണ് ട്രിബ്യൂണൽ ആയി സേവനം അനുഷ്ഠിക്കുന്നത്. കൂടാതെ സഹകരണ വകുപ്പിലെ 10 ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നു. സെക്ഷൻ 82 പ്രകാരമുള്ള അപ്പീൽ, സെക്ഷൻ 84 പ്രകാരമുള്ള റിവിഷൻ, സെക്ഷൻ 85 പ്രകാരമുള്ള റിവ്യൂ മുതലായവയാണ് സഹകരണ ട്രൈബ്യൂണൽ പ്രധാനമായും കൈകാര്യം ചെയ്യുന്നത്.

**2023-24 വർഷം ലഭിച്ച ആകെ അപേക്ഷകളുടെയും തീർപ്പാക്കിയ അപേക്ഷകളുടെയും വിവരം**

| | മുൻവർഷ ബാക്കി | തൻവർഷം ലഭിച്ചത് | തൻവർഷം തീർപ്പാക്കിയത് | ബാക്കി |
|---|---|---|---|---|
| അപ്പീൽ | 399 | 446 | 569 | 276 |
| റിവിഷൻ | 109 | 210 | 188 | 131 |
| റിവ്യൂ | 6 | 43 | 32 | 17 |
| റസ്റ്റോറേഷൻ | 16 | 83 | 74 | 125 |
| **ആകെ** | 530 | **782** | **863** | 449 |

## 3. സഹകരണ ആർബിട്രേഷൻ കോടതി

1969 ലെ കേരള സഹകരണ നിയമം വകുപ്പ് 69 , 70 (ബി) പ്രകാരം ധനപരമല്ലാത്ത തർക്കങ്ങൾ തീർപ്പാക്കുന്നതിന് വേണ്ടി 2010 ആഗസ്റ്റ് 11 ലെ ജി.ഒ.(പി) 147/2010 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ കോടതി സ്ഥാപിതമായത്.

നിലവിൽ ഫയലിംഗിന്, ജീവനക്കാരുടെ തർക്കങ്ങൾക്ക് 1000/- രൂപയും തെരഞ്ഞെടുപ്പ് തർക്കങ്ങൾക്ക് 5000/- രൂപയും രണ്ടിലും പെടാത്ത തർക്കങ്ങൾക്ക് 3000/- രൂപയും ഫീസ് ഒടുക്കേണ്ടതാണ്.

### a. (നോർത്തേൺ) കോഴിക്കോട്

കോഴിക്കോട് ആസ്ഥാനമായി വടക്കൻ ജില്ലകളായ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളാണ് ഈ കോടതിയുടെ പ്രവർത്തന പരിധിയിലുള്ളത്. 2023-24 കാലയളവിൽ ആകെ 46 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. 44 കേസുകൾ തീർപ്പ കൽപ്പിച്ചിട്ടുണ്ട്. കോടതിയുടെ തൻ വർഷത്തെ മൊത്തം വരവ് 72,000/- രൂപയും നോൺ ടാക്സ് റവന്യൂ 72,000/- രൂപയുമാണ്. 237 കേസുകൾ വർഷാവസാനം ബാക്കി നിൽക്കുന്നുണ്ട്.

### b. (സതേൺ) തിരുവനന്തപുരം

തിരുവനന്തപുരം ആസ്ഥാനമായി തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ 7 ജില്ലകളാണ് ഈ കോടതിയുടെ പ്രവർത്തന പരിധിയിലുള്ളത്.

നിലവിൽ തിരുവനന്തപുരത്തും ആലപ്പുഴയിലും എറണാകുളത്തും സിറ്റിംഗ് നടത്തിവരുന്നു. തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെ കേസുകൾ തിരുവനന്തപുരം ആസ്ഥാനത്തുവെച്ചും, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ കേസുകൾ ആലപ്പുഴ ക്യാമ്പ് സിറ്റിംഗിലും കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ കേസുകൾ എറണാകുളം ക്യാമ്പ് സിറ്റിംഗിലും വെച്ച് തീർപ്പ് കൽപ്പിച്ച വരുന്നു. 2023-24 കാലയളവിൽ സഹകരണ ആർബിട്രേഷൻ കോടതി(സതേൺ) യിൽ ആകെ 75 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഫയലിംഗ് ഫീസ് ഇനത്തിൽ സർക്കാരിലേയ്ക്ക് 1,71,000/- രൂപ ചെലാൻ മുഖാന്തിരം ഒടുക്കിയിട്ടുണ്ട്. ഇക്കാലയളവിൽ 97 കേസുകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

## 4. സഹകരണ ഓംബുഡ്സ്മാൻ

1969 ലെ കേരള സഹകരണ നിയമം വകുപ്പ് 69 (എ) പ്രകാരം രൂപീകൃതമായ കേരള സംസ്ഥാനം മുഴവൻ പ്രവർത്തന പരിധിയുള്ള തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സഹകരണ ഓംബുഡ്സ്മാൻ. സഹകരണ മേഖലയിലെ ബാങ്കിംഗ് സേവനവുമായി

ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് ഗസറ്റിൽ വിജ്ഞാപനം ചെയ്ത് 2011 ൽ നടപ്പിലാക്കിയതാണ് 'കേരള കോ-ഓപ്പറേറ്റീവ് ഓംബുഡ്സ്മാൻ' സ്കീം. ഓംബുഡ്സ്മാന്റെ കാലാവധി 3 വർഷമോ, അല്ലെങ്കിൽ 65 വയസോ ഏതാണോ ആദ്യം അതായിരിക്കും. 10 വർഷത്തെ അഭിഭാഷക പരിചയമുള്ള ബാങ്കിംഗ് രംഗത്തോ, സഹകരണ മേഖലയിലോ പരിചയമുള്ള വ്യക്തിയെയാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത്. സർക്കാർ നിയന്ത്രണത്തിലാണ് ഓംബുഡ്സ്മാൻ പ്രവർത്തിക്കുന്നത്. കേരള സംസ്ഥാന സഹകരണ ഓംബുഡ്സ്മാൻ ഓഫീസ് കേരളത്തിലെ 14 ജില്ലകളിലും സിറ്റിംഗ് നടത്തി വരുന്നു.

2023-24 വർഷത്തിൽ 430 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഫയലിംഗ് ഫീസ് ഇനത്തിൽ തൻവർഷം 21,500/- രൂപ സർക്കാരിലേയ്ക്ക് ചെലാൻ മുഖാന്തിരം ഒടുക്കിയിട്ടുണ്ട്. 380 പരാതികൾ തീർപ്പ കൽപ്പിച്ചിട്ടുണ്ട്.

## സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ

സംസ്ഥാനത്തെ വായ്പ, ഫെഡറൽ, സെൻട്രൽ, അപെക്സ് സഹകരണ സംഘങ്ങളിലെ ഭരണ സമിതി തെരഞ്ഞെടുപ്പിന്റെ മേൽനോട്ടം, നിയന്ത്രണം, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ ചുമതലപ്പെടുത്തിക്കൊണ്ട് 2001 ൽ സർക്കാർ, സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിച്ചു. ആയതിലേയ്ക്ക് ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സംസ്ഥാന മുഖ്യ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണറായി ഗവൺമെന്റ് നിയമിച്ചു. തെരഞ്ഞെടുപ്പ് കമ്മീഷൻ ആഫീസിൽ 8 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഈ ആഫീസ് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കെട്ടിടത്തിൽ വാടകയ്ക്ക് ആണ് പ്രവർത്തിക്കുന്നത്. ഈ ആഫീസിന്റെ പ്രവർത്തനം ജവഹർ സഹകരണ ഭവനിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.

2001 ൽ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിച്ചപ്പോൾ രണ്ടായിരത്തിലധികം സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പ് മാത്രമേ കമ്മീഷന് നടത്തേണ്ടിയിരുന്നുള്ളൂ. എന്നാൽ ഇന്ന് അത് പന്ത്രണ്ട് ഇരട്ടിയോളം വർദ്ധിച്ച് ഏകദേശം 24500 സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽനോട്ടത്തിലാണ് നടത്തപ്പെടുന്നത്.

97-ാം ഭരണഘടന ഭേദഗതി അനുസരിച്ചും സഹകരണ നിയമ ഭേദഗതി അനുസരിച്ചും കേരള സഹകരണ നിയമം വകുപ്പ് 28 ബി ഭേദഗതി ചെയ്തതനുസരിച്ചും ഇതര വകുപ്പുകളുടെ (വ്യവസായം, കയർ, ഖാദിയും ഗ്രാമോദ്ധാരണവും, ഡയറി, ഫിഷറീസ്, ഹാന്റ് ലൂം ) ഭരണ നിയന്ത്രണത്തിൽ ഉൾപ്പെടുന്ന എല്ലാ സഹകരണ സംഘങ്ങളിലെയും തെരഞ്ഞെടുപ്പുകളും സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽനോട്ടത്തിലും

നിയന്ത്രണത്തിലുമാണ് നിർവ്വഹിക്കേണ്ടത്. ഇപ്രകാരം സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പും, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഹോണററി സെക്രട്ടറി, ചെയർമാൻ എന്നീ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും, പ്രാതിനിധ്യ പൊതുയോഗസഭ തെരഞ്ഞെടുപ്പും സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. 2023 ലെ സഹകരണ ഭേദഗതി നിയമപ്രകാരം സർക്കിൾ സഹകരണ യൂണിയനുകളുടെയും, സംസ്ഥാന സഹകരണ യൂണിയന്റെയും തെരഞ്ഞെടുപ്പുകൂടി സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമായി.

സഹകരണ തെരഞ്ഞെടുപ്പ് പ്രക്രിയ ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ സഹകരണ വകുപ്പിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളിൽ ഭരണ സമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈൻ മുഖേന സ്വീകരിച്ച് പൂർണ്ണമായും ഓൺലൈൻ വഴിയാണ് ഇപ്പോൾ നൽകി വരുന്നത്. ഓൺലൈൻ അപേക്ഷ C-DIT വികസിപ്പിച്ചെടുത്ത OEMS- Online Election Management System-ൽ കൂടിയാണ് സ്വീകരിക്കുന്നത്. ടി സംവിധാനം സുതാര്യവും കാര്യക്ഷമവും ആയി ഉപയോഗിച്ചുവരുന്നു.

2023-24 സാമ്പത്തിക വർഷം എല്ലാ സഹകരണ സംഘങ്ങളിലും കൂടി ആകെ 5385 തെരഞ്ഞെടുപ്പുകൾ നടത്തിയിട്ടുണ്ട്.

## <u>പരിശീലന കേന്ദ്രങ്ങൾ</u>

സഹകരണ വകുപ്പിന്റെ കീഴിൽ കേരള സംസ്ഥാന സഹകരണ യൂണിയൻ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള സഹകരണ അക്കാദമി (CAPE), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (KICMA), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് ((ICM) തിരുവനന്തപുരം, കണ്ണൂർ), അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI), KSCARDB-ITM, KCSEPM-III TM-K, സെന്റർ ഫോർ ട്രെയിനിംഗ് ഇൻ ഫിനാൻഷ്യൽ മാനേജ്മെന്റ് (CTFM) എന്നീ സ്ഥാപനങ്ങളാണ് സഹകരണ മേഖലയിൽ പരിശീലനം നടത്തുന്നത്.

1. **<u>കേരള സംസ്ഥാന സഹകരണ യൂണിയൻ</u>**

1969 ലെ കേരള സഹകരണ നിയമത്തിലെ 89-ാം വകുപ്പ് പ്രകാരം സർക്കാർ സ്ഥാപിച്ച ഒരു നിയമാനുസൃത സ്ഥാപനമാണ് 1970 നവംബർ 21-ാം തീയതി നിലവിൽ വന്ന കേരള സംസ്ഥാന സഹകരണ യൂണിയൻ. കേരള സംസ്ഥാന സഹകരണ യൂണിയൻ മുഖ്യമായും സഹകരണ വിദ്യാഭ്യാസം, സഹകരണ പരിശീലനം, സഹകരണ സംഘങ്ങളുടെ സംഘാടനം, വികസനം, സഹകരണ തത്വങ്ങളുടെ പ്രചരണം, സഹകരണ മേഖലയിലെ ഗവേഷണം, വിദഗ്ദോപദേശക സമിതി രൂപീകരണം എന്നീ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ

നൽകിയിരിക്കുന്നത്. ഇന്ത്യയിൽ സഹകരണ പരിശീലനം ആദ്യമായി തുടങ്ങിയ സ്ഥാപനമാണ് കേരള സംസ്ഥാന സഹകരണ യൂണിയൻ.

സംസ്ഥാനത്തെ പ്രധാന ജില്ലകളിലായി 10 സഹകരണ പരിശീലന കേന്ദ്രങ്ങളും 6 എക്സ്റ്റൻഷൻ സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്. ജെ.ഡി.സി. കോഴ്സിനു പുറമെ എച്ച്. ഡി. സി. & ബി. എം. കോഴ്സുകളും നടത്തുന്നുണ്ട്. പരിശീലന കേന്ദ്രങ്ങളായ കൊട്ടാരക്കര, ചേർത്തല, വയനാട്, കണ്ണൂർ എന്നിവ എസ്.സി/ എസ്.റ്റി വിദ്യാർത്ഥികൾക്കുവേണ്ടി പരിശീലനം നടത്തുന്നവയും ടി വിദ്യാർത്ഥികളുടെ അഭാവത്തിൽ ജനറൽ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഈ സീറ്റിൽ പ്രവേശനം നൽകുകയും ചെയ്യുന്നുണ്ട്.

2. **<u>തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള സഹകരണ അക്കാദമി</u>** <u>(CAPE)</u>

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ ആസ്ഥാന മന്ദിരം തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജിലെ ക്യാമ്പസിലാണ്. വിവിധ സാങ്കേതിക രംഗങ്ങളിൽ വിദ്യാഭ്യാസവും ട്രെയിനിംഗും ഗവേഷണവും വികസനവും കൺസൾട്ടൻസിയും അനുബന്ധ സേവനങ്ങളും അന്തർദ്ദേശീയ നിലവാരത്തിൽ പ്രധാനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രൊഫഷണൽ കോഴ്സുകളാണ് ടി സ്ഥാപനം നടത്തിവരുന്നത്. കേപ്പിന്റെ നിയന്ത്രണത്തിൽ കേരളത്തിൽ 9 എഞ്ചിനീയറിംഗ് കോളേജുകൾ, ഒരു എം.ബി.എ. കോളേജ്, KIMB, ഒരു മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ തുടങ്ങിയവ പ്രവർത്തിക്കുന്നു. സഹകരണ വകുപ്പിൽനിന്നും പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട്, നോൺ പ്ലാൻ എന്നീ ഇനങ്ങളിൽ ഉൾപ്പെടുത്തി കേപ്പിന് സാമ്പത്തിക സഹായം അനുവദിക്കുന്നു.

സർക്കാരിന്റെ രണ്ടാം ഘട്ട നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തി കേപ്പിന്റെ ആസ്ഥാന മന്ദിരത്തിന് പുതിയ കെട്ടിടം നിർമ്മിക്കുകയും കേപിന്റെ കീഴിലുള്ള ആലപ്പുഴ പുന്നപ്രയിൽ പ്രവർത്തിക്കുന്ന KIMB എന്ന സ്ഥാപനത്തെ Skill and Knowledge Development Centre ആയി ഉയർത്തുകയും ചെയ്തു. സർക്കാരിന്റെ മൂന്നാം ഘട്ട നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി കേപ്പിന്റെ കീഴിലുള്ള മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജിൽ വിദ്യാർത്ഥികൾക്കായി ഒരു ടെക്നിക്കൽ വർക്ക്ഷോപ്പ്

- ലബോറട്ടറി ബ്ലോക്ക് 12.04.2023 –ന് നിർമ്മാണം പൂർത്തീകരിച്ചു. 2023-24 സാമ്പത്തിക വർഷം പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാഡമിക്ക് നൽകുന്ന ധനസഹായമായി കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങ ളിലെ അടിസ്ഥാന സൌകര്യ വികസനത്തിനായി 283.75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

3. **<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (</u>**<u>KICMA)</u>

സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ നെയ്യാർ ഡാമിൽ എ.ഐ.സി.റ്റി.ഇ. യുടെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു മാനേജ്മെന്റ് സ്ഥാപനമാണ് KICMA. ഒരു ആർട്സ് & സയൻസ് കോളേജും അവിടെ പ്രവർത്തിക്കുന്നു. സംസ്ഥാന സഹകരണ യൂണിയനാണ് ഈ രണ്ട് സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്നത്. എം.ബി.എ. കോഴ്സിന്റെ മൊത്തം സീറ്റ് 60 ആണ്. സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടുകൂടി ചട്ടം 185

പ്രകാരം KICMA ൽ സഹകരണ സംഘം ജീവനക്കാർക്കായി പരിശീലന പരിപാടികളും നടത്തുന്നുണ്ട്. KICMA ആർട്സ് & സയൻസ് കോളേജിൽ ബി.ബി.എ, ബി.എ. (കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്), ബി.കോം. (കമ്പ്യൂട്ടർ), ബി.എസ്.സി.(കമ്പ്യൂട്ടർ സയൻസ്), ബി.കോം.(കോ-ഓപ്പറേഷൻ) എന്നിങ്ങനെ പ്രധാനമായും 5 കോഴ്സുകളാണ് നടത്തുന്നത്. ആർട്സ് & സയൻസ് കോളേജിലെ മൊത്തം സീറ്റുകളുടെ എണ്ണം 160 ആണ്.

4. **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ICM)**

നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ്(NCCT) യുടെ നിയന്ത്രണത്തിൻ കീഴിൽ സഹകരണ മേഖലയിൽ പരിശീലനം നൽകുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മാനേജ്മെന്റ് സ്ഥാപനങ്ങളാണ് തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലെ ICM സെന്ററുകൾ. IMG യുമായി ചേർന്ന് Induction Training Program, Training on General Awareness to officers of Co-operative Department, Training on Project Formulation, Financial Scrutiny and Project Monitoring എന്നിവ നടത്തുന്നു. BR ACT Amendment, Income Tax and GST, Reading of Financial Statement and use of Ratios in Audit, Funds and Investment Management, Project Appraisal Monitoring and Evaluation, Audit Compliance, Managerial Effectiveness, MDS/GDS എന്നിങ്ങനെ വിവിധ പ്രോഗ്രാമുകളിലായി 775 ൽ അധികം ഉദ്യോഗസ്ഥർക്ക് 2023-24 കാലയളവിൽ പരിശീലനം നൽകിയിട്ടുണ്ട്.

5. **അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)**

1992-ൽ എൻ.സി.ഡി.സി. യുടെ ധനസഹായത്തോടെ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരം മൺവിള കേന്ദ്രമാക്കി ആരംഭിച്ച പരിശീലന കേന്ദ്രമാണ് ACSTI. സർക്കാർ 2018 നവംബറിൽ ACSTI യെ സ്വയം ഭരണ സ്ഥാപനമായി പ്രഖ്യാപിച്ചു. ടി പരിശീലന കേന്ദ്രത്തിൽ വായ്പാ സഹകരണ സംഘങ്ങൾ, മറ്റു പല വക സംഘങ്ങളിലെ ജീവനക്കാർ, ഇതര സംസ്ഥാന സഹകരണ പ്രസ്ഥാനങ്ങളിലെ ഭരണ സമിതി അംഗങ്ങൾ/ജീവനക്കാർ മുതലായവർക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ സഹകരണ വകുപ്പിലെ ജീവനക്കാർക്കും സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശപ്രകാരം പരിശീലനം നൽകിവരുന്നുണ്ട്. സഹകരണ മേഖലയിൽ ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിലെ ആഡിറ്റർമാർക്കായി "ടീം ആഡിറ്റ് പരിശീലനം" ടി സ്ഥാപനത്തിൽ വച്ച് സംഘടിപ്പിക്കുകയും Training Program for Election Procedures, Training on Arbitration, Execution, Court Procedures, Preparation of Statement of Facts, Special Reports and Counter Affidavit, Training Program for Officers of Vigilance (Officers of Co-operative Department and Police Department) എന്നിങ്ങനെ വിവിധ പ്രോഗ്രാമുകളിലായി 2023-24 കാലയളവിൽ 449 ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കി.

# സ്റ്റാറ്റ്യൂട്ടറി പ്രവർത്തന റിപ്പോർട്ട്

ആർബിട്രേഷൻ, എക്സിക്യൂഷൻ, ലിക്വിഡേഷൻ എന്നിവയുമായി ബന്ധപ്പെട്ട 2023-24 വർഷത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## 31.03.2024 – ലെ ആർബിട്രേഷൻ കേസുകളുടെ ബാക്കി നിൽപ്പ്

| ക്രമ നമ്പർ | ആർബിട്രേഷൻ | എണ്ണം | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 31.03.2023- ലെ ബാക്കി നിൽപ്പ് | 110386 | 536645.12 |
| 2 | 01.04.2023 മുതൽ 31.03.2024 വരെ സ്വീകരിച്ചത് | 259652 | 985562.46 |
| | **ആകെ** | **370038** | **1522207.58** |
| 3 | 01.04.2023 മുതൽ 31.03.2024 വരെ തീർപ്പാക്കിയത് | 292218 | 1140884.28 |
| | 31.03.2024 ലെ ബാക്കി നിൽപ്പ് | 77820 | 381323.3 |

മേൽ സൂചിപ്പിച്ചതിൽ തിരുവനന്തപുരം, കോഴിക്കോട് ആർബിട്രേഷൻ കോടതികളിലെ ആർബിട്രേഷൻ കേസുകളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ആർബിട്രേഷൻ | എണ്ണം (തിരുവനന്തപുരം) | എണ്ണം (കോഴിക്കോട് ) |
|---|---|---|---|
| 1 | 31.03.2023- ലെ ബാക്കി നിൽപ്പ് | 233 | 211 |
| 2 | 01.04.2023 മുതൽ 31.03.2024 വരെ സ്വീകരിച്ചത് | 75 | 64 |
| | **ആകെ** | **308** | **275** |
| 3 | 01.04.2023 മുതൽ 31.03.2024 വരെ തീർപ്പാക്കിയത് | 97 | 38 |
| | 31.03.2024 ലെ ബാക്കി നിൽപ്പ് | 211 | 237 |

## 31.03.2024- ലെ എക്സിക്യൂഷൻ കേസുകളുടെ ബാക്കി നിൽപ്പ്

| ക്രമ നം | എക്സിക്യൂഷൻ | എണ്ണം | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 31.03.2023- ലെ ബാക്കി നിൽപ്പ് | 220140 | 831391.58 |
| 2 | 01.04.2023 മുതൽ 31.03.2024 വരെ സ്വീകരിച്ചത് | 126717 | 619098.88 |
| | **ആകെ** | **346857** | **1450490.46** |
| 3 | 01.04.2023 മുതൽ 31.03.2024 വരെ തീർപ്പാക്കിയത് | 84548 | 295905.73 |
| | 31.03.2024 ലെ ബാക്കി നിൽപ്പ് | 262309 | 1154584.73 |

## 31.03.2024- ലെ ലിക്വിഡേഷൻ കേസുകളുടെ ബാക്കി നിൽപ്പ് (തുക ലക്ഷത്തിൽ)

| ക്രമ നം | ലിക്വിഡേഷൻ | എണ്ണം | ആസ്തി | ബാദ്ധ്യത |
|---|---|---|---|---|
| 1 | 31.03.2023- ലെ ബാക്കി നിൽപ്പ് | 632 | 7217.89 | 6749.77 |
| 2 | 01.04.2023 മുതൽ 31.03.2024 വരെ ലിക്വിഡേഷനിലായത് | 128 | 1216.25 | 1634.61 |
| | **ആകെ** | **760** | **8434.14** | **8384.38** |
| 3 | 01.04.2023 മുതൽ 31.03.2024 വരെ ലിക്വിഡേഷൻ പൂർത്തീകരിച്ചത് | 61 | 159.86 | 172.7 |
| | 31.03.2024 ലെ ബാക്കി നിൽപ്പ് | 699 | 8274.28 | 8211.68 |

# പദ്ധതികളും മറ്റ് സാമ്പത്തിക സഹായങ്ങളും
# വകുപ്പിന്റെ പദ്ധതികൾ

## 1. സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.)

ഗ്രാമീണ കാർഷിക സമ്പദ് വ്യവസ്ഥയിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും സ്വാധീനവും കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും അതുവഴി പൊതു സമ്പദ് വ്യവസ്ഥയിൽ വികസനം സാധ്യമാക്കുന്നതിനും ലക്ഷ്യമിട്ട് ദേശീയ സഹകരണ വികസന കോർപ്പറേഷൻ(എൻ.സി.ഡി.സി.) ദേശീയ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി(ഐ.സി.ഡി.പി.) ഏഴാം പഞ്ചവത്സര പദ്ധതി കാലത്താണ് ഈ പദ്ധതി ആരംഭിച്ചത്.

വികസന പദ്ധതികൾ ആവിഷ്കരിച്ച് ധനസഹായം അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കി, ഒരു ജില്ലയെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി, ആ ജില്ലയിൽ സഹകരണ മേഖലയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കിക്കൊണ്ടാണ് സംയോജിത സഹകരണ വികസന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. കർഷകർക്കും ഗ്രാമീണ ജനതയ്ക്കും മെച്ചപ്പെട്ട പ്രയോജനം ലഭ്യമാക്കുന്ന തരത്തിൽ സഹകരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും ഈ പദ്ധതി മൂലം സാധിക്കുന്നതാണ്.

ഒരു പ്രദേശത്തിന്റെ വികസനത്തിന് സഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ട പശ്ചാത്തലത്തിലാണ് ഐ.സി.ഡി.പി. പദ്ധതി ആരംഭിക്കുന്നതിന് എൻ.സി.ഡി.സി തീരുമാനിച്ചത്. അതോടുകൂടി 'ഒരു പ്രദേശത്തിന്റെ വികസനം സഹകരണ സംഘങ്ങളിലൂടെ' എന്ന ആശയത്തിന് ശാക്തീകരണം ലഭിച്ചു. മറ്റൊരർത്ഥത്തിൽ, തെരഞ്ഞെടുക്കപ്പെടുന്ന ജില്ലകൾ കേന്ദ്രമാക്കി അതത് ജില്ലകളിലെ സഹകരണ സ്ഥാപനങ്ങളെ ഗ്രാമീണ വികസന പ്രക്രിയയുടെ കേന്ദ്രബിന്ദുവായി വളർത്തിയെടുക്കുകയാണ് ഐ.സി.ഡി.പി. കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. സഹകരണ മേഖലയുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള പ്രവർത്തന മൂലധനത്തിന്റെ കുറവ്, കാര്യക്ഷമത കുറഞ്ഞ മനുഷ്യ വിഭവ ശേഷി, സർക്കാരിനോടുള്ള പരിധിയില്ലാത്ത സാമ്പത്തിക ആശ്രയത്വം തുടങ്ങിയവയ്ക്ക് കഴിയുന്നത്ര പരിഹാരം കണ്ടെത്തുക എന്നതും ഐ.സി.ഡി.പി. യുടെ പ്രധാന ലക്ഷ്യങ്ങളാണ്.

1986 ഡിസംബറിൽ ഇന്ത്യയിലാദ്യമായി ഐ.സി.ഡി.പി. പദ്ധതി പശ്ചിമ ബംഗാളിലെ 'നഡിയ' ജില്ലയിൽ ആരംഭിച്ചു. കേരളത്തിൽ ആദ്യമായി 1989 ൽ വയനാട് ജില്ലയിലാണ് പദ്ധതി ആരംഭിച്ചത്. വയനാട് ജില്ലയിൽ പദ്ധതിയുടെ രണ്ടാം ഘട്ടം 2009 ൽ ആരംഭിച്ച് 2013 ൽ പൂർത്തിയാക്കി. പദ്ധതിയുടെ രണ്ടാം ഘട്ട

പ്രവർത്തനം പാലക്കാട്, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിൽ ആരംഭിച്ചു. ഇടുക്കി, പാലക്കാട് ജില്ലകളിലെ പദ്ധതിപ്രവർത്തനം പൂർത്തിയായിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പദ്ധതിപ്രവർത്തനം പുരോഗമിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കാത്തതുകൊണ്ട് നടപ്പ സാമ്പത്തിക വർഷമായ 2023-24 ൽ സാമ്പത്തിക സഹായം ഒന്നും തന്നെ NCDC അനുവദിച്ചു നൽകിയില്ല.

2. <u>ST(SAO) **പുനർവായ്പ**</u>

2023-24 സാമ്പത്തിക വർഷം സംസ്ഥാന സഹകരണ ബാങ്ക് ST(SAO) പുനർവായ്പയായി 14 ജില്ലാ ആഫീസുകൾ മുഖേന 5459.42 കോടി രൂപ വിതരണം ചെയ്തു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| STATEMENT INDICATING CUMULATIVE CROP LOAN DISBURSEMENT DURING 2023-24 | | |
|---|---|---|
| **Sl. No.** | **District** | **Cumulative Crop Loans Disbursed from 1.4.2023 to 31.3.24** |
| 1 | Thiruvananthapuram | 17855 |
| 2 | Kollam | 30446 |
| 3 | Pathanamthitta | 17748 |
| 4 | Alappuzha | 26956 |
| 5 | Kottayam | 47276 |
| 6 | Idukki | 27465 |
| 7 | Ernakulam | 57524 |
| 8 | Thrissur | 40590 |
| 9 | Palakkad | 33258 |
| 10 | Malappuram | 33263 |
| 11 | Kozhikkode | 66108 |
| 12 | Wayanad | 35512 |
| 13 | Kannur | 71722 |
| 14 | Kasaragod | 40219 |
| **Total** | | **545942** |

3. <u>**പട്ടികജാതി കടാശ്വാസ പദ്ധതി**</u>

സർക്കാരിന്റെ 30.03.2015ലെ സ.ഉ.(അച്ചടി) 24/15/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാനത്തിലെ പട്ടികജാതി ജനവിഭാഗം സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010 ന് മുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകൾക്ക് ഒരു ലക്ഷം രൂപയുടെ കടാശ്വാസം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി പദ്ധതിയിൻകീഴിൽ 31.03.2015 ന് ശേഷം (31.03.2015 മുതൽ 31.05.2015 വരെ) വായ്പാകടം അവസാനിച്ച വകയിൽ 49.89 കോടി രൂപയും, 31.08.2015 ന് മുമ്പ് (01.06.2015 മുതൽ 31.08.2015 വരെ) വായ്പാകടം അനുവദിച്ച വകയിൽ 11.25 കോടി രൂപയും ഉൾപ്പെടെ 132.87 കോടി രൂപ സംഘങ്ങൾ/ബാങ്കുകൾക്ക് അർഹതയുള്ളതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 30.03.2015 ലെ

സ.ഉ.(സാധാ) 24/15/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം 44.34 കോടി രൂപയും (44,33,96,000/-രൂപ), പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24.03.2017 ലെ ഡെവ.ബി2/21510/14 നമ്പർ ഉത്തരവ് പ്രകാരം 88.54 കോടി രൂപയും (88,53,64,000/- രൂപ) ഉൾപ്പെടെ ആകെ 132,87,60,000/- രൂപ അനുവദിക്കുകയും ടി തുകയിൽ നിന്നും 31.03.2021 വരെ 45918 വായ്പകളിലായി 88,04,81,883/- രൂപ അനുവദിച്ച് നൽകിയിട്ടുമുണ്ട്.

ടി ഇനത്തിൽ 2021 ഒക്ടോബർ മാസം വരെ ലഭ്യമായ അർഹതയുള്ള എല്ലാ അപേക്ഷകൾക്കും തുക അനുവദിച്ച് നൽകിയിട്ടുള്ളതും ബാക്കി നിൽപ്പ് തുക പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 14.11.2017 ലെ ഡെവ.ബി2-21510/14 ലെ നിർദ്ദേശാനുസരണം സഹകരണ സംഘം രജിസ്ട്രാറുടെ 29.11.2021 ലെ 4496/2018 നമ്പർ ഉത്തരവ് പ്രകാരം 2225-80-911-99 ROP എന്ന ശീർഷകത്തിലേയ്ക്ക് ബാക്കി നിൽപ്പുണ്ടായിരുന്ന 14,40,493/- രൂപ സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുള്ളതുമാണ്.

4. **<u>മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി</u>**

സർക്കാരിന്റെ 06.12.2010 ലെ സ. ഉ. (പി) 91/2010/മതുവ. നമ്പർ ഉത്തരവ് പ്രകാരം, കേരള സംസ്ഥാനത്തിലെ മത്സ്യത്തൊഴിലാളികൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതിയിൻകീഴിൽ സർക്കാരിൽനിന്നും പരമാവധി 75,000/- രൂപ കടാശ്വാസമായി അനുവദിക്കുകയും ടി തുക വായ്പയുടെ മുതൽ തുകയിൽ വരവുവയ്ക്കുകയുമാണ് ചെയ്യുന്നത്. മുതൽ തുകയിൽ കടാശ്വാസം അനുവദിച്ച തുകയിൽ അധികരിച്ച് ബാക്കി നിൽക്കുന്ന തുക വായ്പക്കാരൻ അടയ്ക്കേണ്ടതും, പലിശ, പിഴപ്പലിശ എന്നിവ സംഘങ്ങൾ/ബാങ്കുകൾ എഴുതിത്തള്ളേണ്ടതുമാണ്. 01.01.2001 മുതൽ 31.12.2007 വരെ വിതരണം ചെയ്തിട്ടുള്ള വായ്പകളിൽ 31.12.2009 ൽ ബാക്കി നിൽക്കുന്ന പലിശയുടെ 25% തുകയും സർക്കാരിൽ നിന്നും അനുവദിക്കുന്നതാണ്. 05.08.2021 ലെ സ.ഉ.(സാധാ) 379/2021/മതുവ ഉത്തരവ് പ്രകാരം 01.01.2008 മുതൽ 31.12.2008 വരെയുള്ള വായ്പകൾക്ക് മുതലിനത്തിൽ പരമാവധി 1,00,000/- രൂപയും പലിശ കണക്കാക്കുന്ന തീയതി 31.03.2008 എന്നും നിശ്ചയിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 12,41,41,79/- രൂപ സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

5. **<u>കർഷക കടാശ്വാസ പദ്ധതി</u>**

കർഷക കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം നൽകുന്ന ധനസഹായമാണിത്. ടി ആക്ട് പ്രകാരം കർഷകർ തന്നെ വരുമാന വർദ്ധനവിനായി കാർഷികാനുബന്ധ വാണിജ്യ ആവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പകളെയാണ് കടാശ്വാസത്തിനായി പരിഗണിക്കുന്നത്. നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വയ്ക്കുകയും വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തതും കൃഷി ഉപജീവന മാർഗ്ഗമായിരിക്കുകയും ചെയ്യുന്ന കർഷകനാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത്. മുതൽ, പലിശ, പിഴപ്പലിശ

എന്നിവ ഉൾപ്പെടുന്ന കട തുക 50,000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ കടതുകയുടെ 75% വും 50,000/- രൂപയിൽ കൂടുതൽ ആണെങ്കിൽ 50% അധികരിക്കാത്ത തുകയോ അല്ലെങ്കിൽ ഒരു ലക്ഷം രൂപയോ ഏതാണോ കുറവ് അതായിരിക്കും കർഷകന് ഇളവ് ലഭിക്കുന്ന തുക.

2023-24 വർഷത്തിൽ കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അവാർഡുകളുടെ അടിസ്ഥാനത്തിൽ 219 അവാർഡുകളിലായി 22680138/- രൂപ സർക്കാർ ഏറ്റെടുക്കുകയും, ടി തുക സഹകരണ സംഘങ്ങൾക്ക് അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

6. **<u>ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്</u>**

സഹകരണ സംഘങ്ങൾ ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉല്പന്നങ്ങൾ ലഭ്യമാക്കുക, ദേശീയ അന്തർദേശീയ വിപണിയിലേയ്ക്ക് ചുവടുവയ്ക്കുക, പ്രധാന സ്ഥലങ്ങളിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുക, ഗുണ നിലവാര പരിശോധനാ ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നീ ലക്ഷ്യ സാക്ഷാത്കാരത്തിനായി സഹകരണ വകുപ്പ് രൂപം നൽകിയിട്ടുള്ളതാണ് ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് എന്ന പദ്ധതി. സഹകരണ ഉല്പന്നങ്ങൾക്ക് ഏകീകൃത സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിലേയ്ക്ക് Coopkerala എന്ന ട്രേഡ് മാർക്ക് രൂപകൽപ്പന ചെയ്തു. സഹകരണ ഉല്പന്ന വിപണന ശാലകൾക്ക് Coopmart എന്ന നാമധേയവും നൽകി.

പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടം ആരംഭിച്ച 14 കോപ്പ്മാർട്ടുകൾക്ക് പുറമെ പുതിയ 16 കോപ്പ്മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പുതിയ 200 കോപ്മാർട്ടുകൾ ആരംഭിക്കുന്നതിന് വേണ്ടി സന്നദ്ധതയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിയും അന്തിമ ഘട്ടത്തിലാണ്. അപ്രകാരം ഘട്ടം ഘട്ടമായി കോപ്മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണ്. പദ്ധതിയുടെ ഭാഗമായി സഹകരണ ഉത്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

7. **<u>കാർഷികോൽപ്പാദന സമാശ്വാസ പദ്ധതി (</u>**<u>APCR)</u>

സഹകരണ വായ്പാ സംഘങ്ങൾ വഴി എടുത്തിട്ടുള്ള 25,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് **5%** പലിശ ഇളവ് നൽകുന്നതിലേയ്ക്കായി സർക്കാർ ഉത്തരവ് നമ്പർ 11/92 സഹ. തീയതി 07.03.1992 പ്രകാരം ഒരു പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽനിന്നും കാർഷിക വായ്പയെടുത്ത് കൃത്യമായി തിരിച്ചടച്ചിട്ടുള്ള കർഷകർക്ക് കേരള സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര വിഹിതത്തിൽ ഉൾപ്പെടുത്തി

കാർഷികോല്പാദന സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നു. ആയത് പ്രകാരം 2021-22 വരെ ബഡ്ജറ്റിൽ വകയിരുത്തി തുക അനുവദിച്ചിരുന്നു. ജില്ലകളിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരം ടി പദ്ധതിയ്ക്ക് 1,30,74,419 രൂപ ഇനിയും അനുവദിക്കാൻ ഉണ്ട്.

8. **ഉത്തേജന പലിശയിളവ് പദ്ധതി**

2011-2012 **സാമ്പത്തിക വർഷം മുതൽ** പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ / ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശ രഹിത വായ്പയായി മാറ്റുന്നതിനായി കേരള സംസ്ഥാന സർക്കാർ പദ്ധതിയേതര വിഹിതത്തിൽ **'ഉത്തേജന പലിശ'** ഇളവ് പദ്ധതി നടപ്പിലാക്കി വരുന്നു.

നബാർഡിൽനിന്നും 3% പലിശ സബ്സിഡി (യഥാസമയം തിരികെ അടയ്ക്കുന്ന വായ്പകൾക്ക് നബാർഡിൽനിന്നും അനുവദനീയമായ 1% സബ്സിഡി ഉൾപ്പെടെ) കിഴിച്ച് പരമാവധി 5% പലിശ (വായ്പയുടെ പലിശയ്ക്ക് അനുസൃതമായി) സബ്സിഡി അനുവദിക്കുന്നതാണ്.

ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം 2023-2024 സാമ്പത്തിക വർഷം 5 കോടി രൂപ അനുവദിച്ച് ഉത്തരവ് നൽകിയിരുന്നു. ആയതിൽ 14076954.00 രൂപ ബില്ല് മാറാൻ കഴിഞ്ഞു.

9. **നവകേരളീയം കുടിശ്ശിക നിവാരണം**

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാതിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകൾ ആക്കി മാറ്റുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേരള സഹകരണ നിയമം വകുപ്പ് 66(A) 74(F) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" കാലാകാലങ്ങളിൽ നടപ്പിലാക്കാറുണ്ട്. 2023-24 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം 187996 വായ്പക്കാർക്ക് 197810 വായ്പകളിലായി 489.17 കോടി രൂപ ഇളവ് അനുവദിച്ചു. 5791.28 കോടി രൂപയുടെ കുടിശ്ശിക വരവ് ലഭിച്ചു.

10. **സഹകാരി സാന്ത്വനം (അശരണരായ സഹകാരികൾക്കുള്ള ആശ്വാസ പദ്ധതി)**

സഹകരണ നവരത്നം ബമ്പർ ലോട്ടറി നടത്തിപ്പിലൂടെ ലഭിച്ച ലാഭ വിഹിതത്തിൽ നിന്നും അശരണരായ സഹകാരികൾക്ക് ആശ്വാസ നിധി എന്ന പദ്ധതിയിലൂടെ സർക്കാരിന്റെ 02.12.2009 ലെ സ.ഉ.(സാധാ)നം. 674/2009/സഹ. നമ്പർ ഉത്തരവ് പ്രകാരം ടി പദ്ധതി രൂപീകരിച്ചിരുന്നു. വാർഷിക വരുമാനം 36,000/- രൂപയിൽ താഴെ ഉള്ളവരും, നിരാലംബരുമായ സഹകാരികൾക്ക് രോഗ ശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി പരമാവധി 50,000/- രൂപയും സഹകാരി മരണപ്പെട്ട

പോയിട്ടുണ്ടെങ്കിൽ അവരുടെ കുടുംബത്തിന്/ആശ്രിതർക്ക് പരമാവധി 25,000/- രൂപ ധനസഹായം നൽകുന്നതിനും ആയിട്ടാണ് ടി പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ടി പദ്ധതി കാലോചിതമായി പരിഷ്ക്കരിച്ച് സർക്കാരിന്റെ 18.02.2022 ലെ സ. ഉ.(സാധാ) നം.80/2022/സഹ. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം വാർഷിക വരുമാന പരിധി 3,00,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ 54 അപേക്ഷകളിലായി 18,95,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

11. **<u>സ്നേഹതീരം</u>**

കേരളത്തിലെ തീരദേശ ജില്ലകളിലേയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലേയും മത്സ്യത്തൊഴിലാളികൾക്ക് സഹകരണ മേഖല വഴി ലളിതമായ നടപടിക്രമങ്ങളിലൂടെ വളരെ കുറഞ്ഞ സർവ്വീസ് ചാർജ്ജ് മാത്രം ഈടാക്കി പലിശ രഹിത ദിനവായ്പ നൽകുന്നതാണ് ഈ പദ്ധതി. 17.05.2022 ലെ സ.ഉ. (സാധാ) നം. 341/2022/സഹകരണം നമ്പർ ഉത്തരവ് പ്രകാരം സ്നേഹതീരം വായ്പാ പദ്ധതി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചു. ഫിഷറീസ് വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ് സ്നേഹതീരം വായ്പാ പദ്ധതി നടപ്പാക്കുന്നത്. കോട്ടയം ജില്ലയിൽ പൈലറ്റ് പ്രോജക്ട് ആയി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏഗ്രിമെന്റ്, സബ്റൂൾ എന്നിവ തയ്യാറാക്കിയിട്ടുള്ളതും ജില്ലയിലെ അയ്മനം വില്ലേജ് സഹകരണ ബാങ്കിൽ നിന്നും 5 പേർക്ക് വായ്പ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്.

12. **<u>പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി മത്സ്യഫെഡ് ഔട്ട് ലെറ്റുകൾ</u>**

ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെയും, ഫിഷറീസ് വകുപ്പ് മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ 22.04.2020 ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2020-21 സാമ്പത്തിക വർഷം മുതൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കീഴിൽ മത്സ്യഫെഡ് ഔട്ട് ലെറ്റുകൾ ആരംഭിച്ചു. ആയതിൻപ്രകാരം 2020 മുതൽ 2023 വരെയുള്ള കാലയളവിൽ 57 നിയോജക മണ്ഡലങ്ങളിലായി 60 മത്സ്യഫെഡ് ഔട്ട് ലെറ്റുകൾ ആരംഭിച്ചിരുന്നു. 10-15 ലക്ഷം രൂപ മുടക്കി ആരംഭിച്ചിട്ടുള്ള ടി ഔട്ട് ലെറ്റുകൾ പരിപാലിക്കുന്നതിന് സംഘങ്ങൾക്ക് നല്ലൊരു തുക ചെലവഴിക്കേണ്ടിവരുന്നതായും ഓരോ പ്രദേശത്തെയും ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള മത്സ്യം ലഭ്യമാകാത്തതിനാലും പ്രാദേശിക വിപണിയേക്കാൾ അമിതവില ഈടാക്കുന്ന സാഹചര്യത്തിലും സംഘങ്ങൾക്ക് നഷ്ടമുണ്ടാകുന്നതിനാൽ ജില്ലകളിലെ ഭൂരിഭാഗം സംഘങ്ങളും ഔട്ട് ലെറ്റുകളുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതുമാണ്. നിലവിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട, എറണാകുളം ജില്ലകളിലായി 18 ഔട്ട് ലെറ്റുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്.

13. **<u>സാമൂഹ്യ സുരക്ഷ പെൻഷൻ - കൺസോർഷ്യം</u>**

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന്റെ സുഗമമായ നടത്തിപ്പിനായി കമ്പനി ആക്ട് പ്രകാരം സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിയ്ക്ക് പെൻഷൻ

വിതരണത്തിനുള്ള തുക വായ്പയായി നൽകുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നിന്നും തുക സ്വരൂപിക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർക്ക് ആയതിനുള്ള അനുമതി നൽകി 14.03.2019 ലെ **G.O. (Rt) No. 200/2019/Co-op** പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ടി കൺസോർഷ്യത്തിൽ 29.03.2019 ൽ **G.O. (Rt) No. 232/2019/Co-op** നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എംപ്ലോയീസ് സംഘങ്ങളെയും **G.O. (Rt) No. 257/2019/Co-op** നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മറ്റ് പ്രാഥമിക സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള പലിശ നിരക്കിൽ കൺസോർഷ്യം മുഖേന ഫണ്ട് സമാഹരിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ രണ്ട് ഘട്ടങ്ങളിലായി 1378.60 കോടി രൂപയാണ് സമാഹരിച്ചിട്ടുള്ളത്. മുൻകാലങ്ങളിൽ സമാഹരിച്ചിട്ടുള്ള 4601.33 കോടി രൂപ ഉൾപ്പെടെ ആകെ 5979.93 കോടി രൂപയാണ് 2023-24 സാമ്പത്തികവർഷം ടി കൺസോർഷ്യത്തിൽ ബാക്കിനിൽപ്പുള്ളത്.

14. **<u>സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം</u>**

2023-24 വർഷത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം 79-ാം ഘട്ടം വരെ പൂർത്തിയാക്കി. നാളിതുവരെ 27,94,64,95,600/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

15. **<u>സഹകരണം സൗഹൃദം</u>**

സർക്കാരിന്റെ ഒന്നാം വാർഷികം പ്രമാണിച്ച് രണ്ടാം നൂറു ദിന പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ വിതരണം ചെയ്യുന്ന പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 02/2022, 15/2022 നമ്പരായി സർക്കുലറുകൾ പുറപ്പെടുവിച്ചു. നാളിതു വരെ വിവിധ ജില്ലകളിലായി 519 വായ്പകളിലായി 4.30 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ആയതുവഴി 578 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

16. **<u>മെമ്പർ റിലീഫ് ഫണ്ട് പദ്ധതി</u>**

സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ **എ** ക്ലാസ് അംഗങ്ങളിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ (ക്യാൻസർ, വൃക്ക രോഗം, കരൾ രോഗം, എച്ച്.ഐ.വി., ഹൃദ്രോഗം, പരാലിസിസ്/അപകടത്തിൽ ശയ്യാവലംബരായവർ), മാതാപിതാക്കൾ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട കുട്ടികൾ, മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർ എന്നിവർക്ക് അടിയന്തിര സഹായം ലഭ്യമാക്കുന്നതിനുവേണ്ടി വകുപ്പ് രൂപം നൽകിയ പദ്ധതിയാണ് മെമ്പർ റിലീഫ് ഫണ്ട് പദ്ധതി. 20.09.2024 ൽ കൂടിയ ഉന്നതതല

യോഗം 2329 അപേക്ഷകൾ പരിഗണിക്കുകയും അർഹരായവർക്ക് 4,94,05,000/- രൂപ അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തു.

17. **മുറ്റത്തെ മുല്ല - ലഘു ഗ്രാമീണ വായ്പ പദ്ധതി**

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ട നഷ്ടങ്ങൾക്ക് ഒരു പരിധി വരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി. മുറ്റത്തെ മുല്ല പദ്ധതിയുടെ പ്രയോജനം കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള ക്യാമ്പയിൻ ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിനും കൂടുതൽ ജനങ്ങളെ ടി പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിന് ഓരോ ജില്ലയ്ക്കും ടാർജറ്റ് നൽകുന്നതിനും എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

- 2018 ൽ പൈലറ്റ് പദ്ധതിയായി പാലക്കാട് ജില്ലയിലാണ് " മുറ്റത്തെ മുല്ല" ആദ്യം നടപ്പിലാക്കിയത്. നിലവിൽ ടി പദ്ധതി 14 ജില്ലകളിലും വിജയകരമായി നടപ്പിലാക്കി വരുന്നു.
- പദ്ധതി പ്രകാരം ഒരാൾക്ക് 1000 രൂപ മുതൽ 50,000 രൂപ വരെ വായ്പയായി നൽകുന്നു.
- സംഘം കുടുംബശ്രീയ്ക്ക് 9 ശതമാനം പലിശയ്ക്കും കുടുംബശ്രീ വായ്പക്കാരന് 12 ശതമാനം പലിശയ്ക്കും വായ്പ നൽകുന്നു.
- കുടുംബശ്രീയ്ക്ക് പലിശ നേട്ടം 3 ശതമാനം.
- ഓരോ വാർഡിലേയും പ്രവർത്തന മികവും വിശ്വാസവുമുള്ള ഒന്നു മുതൽ മൂന്നു വരെ കുടുംബശ്രീ യൂണിറ്റുകളിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.
- വായ്പ നൽകുവാൻ ആവശ്യമായ സംഖ്യ കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് പരമാവധി 20 ലക്ഷം രൂപ വരെ 9 ശതമാനം പലിശ നിരക്കിൽ ക്യാഷ് ക്രഡിറ്റ് വായ്പയായി അനുവദിക്കും.
- 31.03.2024 വരെ ഈ പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾ മുഖേന 3874.89 കോടി രൂപ അംഗങ്ങൾക്കായി വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

18. **കെയർ കേരള പദ്ധതി**

2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽപ്പെട്ടവർക്ക് അഭയം നൽകുന്നതിനുവേണ്ടി കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ ആകെ കൂട്ടി യോജിപ്പിച്ചു കൊണ്ട് സംസ്ഥാന സഹകരണ വകുപ്പ് ആവിഷ്കരിച്ച ജനകീയ പദ്ധതിയാണ് കെയർ കേരള പദ്ധതി. ഇത് പ്രകാരം കെയർഹോം, കെയർലോൺ, കെയർഗ്രെയ്സ് എന്നിങ്ങനെ 3 പദ്ധതികൾ നടപ്പാക്കി. ഇന്ത്യയിൽ സജീവമായി പ്രവർത്തിക്കുന്ന തിങ്ക് ടാങ്ക് ഗ്രൂപ്പായ സ്കോച്ച്

കൺസൾട്ടൻസി ഏർപ്പെടുത്തിയിട്ടുള്ള സ്കോച്ച് അവാർഡ് 2022 ൽ സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന കെയർ ഹോം പദ്ധതിക്കു ലഭിച്ചു.

A. **<u>കെയർ ഹോം പദ്ധതി</u>**

പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് കെയർഹോം പദ്ധതി. കെയർഹോം പദ്ധതിയുടെ ഒന്നാം ഘട്ട പൂർത്തീകരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ചടങ്ങിൽവച്ച് കെയർ ഗ്രെയ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി കെയർഹോം ഗുണഭോക്താക്കൾക്കും, കുടുംബാംഗങ്ങൾക്കുമായി പ്രഥമ ശുശ്രൂഷ കിറ്റ്, അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയ ആരോഗ്യ കാർഡ്, ഡിസാസ്റ്റർ മാനേജ്മെന്റ് കൈപ്പുസ്തകം, അവശ്യരേഖകൾ സൂക്ഷിക്കുന്നതിനുള്ള ഫയൽബോർഡ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(i) **<u>കെയർഹോം ഒന്നാം ഘട്ടം</u>**

കെയർഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2022 മാർച്ച് 31 വരെ 2093 വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് സർക്കാർ അനുമതി ലഭിച്ചിട്ടുള്ളത്. 2024 മാർച്ച് 31 വരെ 2092 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ii) **<u>കെയർഹോം രണ്ടാം ഘട്ടം</u>**

കെയർഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയും താമസ സ്ഥലവും ഇല്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ/ജില്ലാ കളക്ടർമാർ നിർദ്ദേശിച്ച സ്ഥലത്ത് ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് താമസിക്കുന്നതിനായി നിർമ്മിച്ച ആദ്യ ഭവന സമുച്ചയത്തിന്റെ ഉദ്ഘാടനം 2021 ഡിസംബർ 6 ന് നിർവ്വഹിച്ചിട്ടുണ്ട്.

കെയർഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ കണ്ണാടി വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെയും കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെയും നിർമ്മാണം ത്വരിത ഗതിയിൽ പുരോഗമിച്ചുവരുന്നു.

മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ എടപ്പാൾ വില്ലേജിലെ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥലത്ത് കെയർഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭവന സമുച്ചയം നിർമ്മിക്കുന്നതിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് **(DPR)** തയ്യാറാക്കി വരുന്നു.

19. **<u>പാലിയേറ്റീവ് കെയർ പദ്ധതി</u>**

സർക്കാരിന്റെ രണ്ടാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി 'സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ' എന്ന ഉദ്ദേശത്തോടെ ആശുപത്രി സഹകരണ സംഘങ്ങൾ ഉൾപ്പെടുത്തി പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ടി പദ്ധതിയിൽ അംഗങ്ങളാകുന്നതിനായി

നിശ്ചിത തുക സംഘങ്ങളിലൊടുക്കി രജിസ്റ്റർ ചെയ്യുകയും ചികിത്സാവശ്യം അറിയിക്കുന്ന മുറയ്ക്ക് രോഗിയെ ബന്ധപ്പെട്ട സഹകരണ ആശുപത്രിയിലെത്തിച്ച് ആവശ്യമായ ചികിത്സ നൽകി തിരികെ വീടുകളിലെത്തിക്കുകയും തുടർ ചികിത്സ ആവശ്യമാണെങ്കിൽ നിശ്ചിത ഇടവേളകളിൽ താമസസ്ഥലത്തെത്തി ആവശ്യമായ രോഗനിർണ്ണയ പരിശോധന നടത്തുകയും ആയതിന്റെ ഫീസ് ഈടാക്കുകയും ചെയ്യുന്നു. ആലപ്പുഴ, വയനാട് ജില്ലകൾ പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുവാൻ ഉതകുന്ന സഹകരണ ആശുപത്രികൾ ഇല്ലാത്തതിനാൽ ടി ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിലെ ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി ആരംഭിക്കുവാൻ തീരുമാനിക്കുകയുണ്ടായി. 9 ജില്ലകളിലെ 18 ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി പെയ്ഡ് പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിച്ചിരുന്നു. പുതുതായി തൃശ്ശൂർ ജില്ലയിലെ ഒരു ആശുപത്രിയിൽക്കൂടി സേവനം നിലവിൽ വന്നിട്ടുണ്ട്. അപ്രകാരം 23 ആശുപത്രി സഹകരണ സഹകരണ സംഘങ്ങൾ പാലിയേറ്റീവ് കെയർ പദ്ധതിയിൽ വരുന്നു. കോട്ടയം ജില്ലയിൽ ടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

20. **<u>മെഡിസെപ്പ് പദ്ധതി - ആശുപത്രി സഹകരണ സംഘങ്ങളിലൂടെ</u>**

സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി കേരള സർക്കാർ നടപ്പിലാക്കിയ മെഡിസെപ്പ് പദ്ധതിയിൽ സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്.

21. **<u>സഹായ ഹസ്തം വായ്പാ പദ്ധതി</u>**

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രാഥമിക സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറു സംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനുമായി ഓട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി വായ്പാ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതിയാണ് സഹായ ഹസ്തം വായ്പാ പദ്ധതി. പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരം, കരട് സർക്കുലർ, കരട് മാതൃകാ സബ് റൂൾ എന്ന സർക്കാർ അംഗീകരിക്കുകയും തുടർന്ന് 10.03.2023 ൽ 12/2023 നമ്പറായി സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2949 വായ്പകളിലായി 589.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

22. **<u>നൈപുണ്യം വായ്പാ പദ്ധതി</u>**

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ കേരളത്തിലെ പ്രാഥമിക സഹകരണ ബാങ്കുകൾ/സംഘങ്ങൾ മുഖാന്തിരം ASAP-KERALA, KASE, ODEPEC, GIFT എന്നിവ നടത്തുന്ന വിവിധ കോഴ്സുകളിൽ പരിശീലനം ലഭിക്കുന്നതിനുള്ള കോഴ്സ്

ഫീ വായ്പയായി നൽകുകയെന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. ടി സ്ഥാപനങ്ങൾ നടത്തുന്ന വിവിധ കോഴ്സുകളിൽ പരിശീലനം ലഭിക്കുന്നതിനുള്ള ഫീസ് വായ്പയായി നൽകുന്നതിനും പ്രസ്തുത കോഴ്സിനു ശേഷം തിരിച്ചടവ് തുടങ്ങുന്നതിനുമാണ് നിലവിൽ ടി പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരം, കരട് സർക്കുലർ, കരട് മാതൃകാ സബ് റൂൾ എന്നിവ സർക്കാർ അംഗീകരിക്കുകയും തുടർന്ന് 10.03.2023 ൽ 13/2023 നമ്പറായി സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 42 വായ്പകളിലായി 20.17 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

23. **സൗര ജ്യോതി വായ്പാ പദ്ധതി**

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ കേരളത്തിലെ പ്രാഥമിക സഹകരണ ബാങ്കുകൾ/സംഘങ്ങൾ മുഖാന്തിരം വ്യക്തികൾക്ക് വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുത നിലയങ്ങൾ ആരംഭിക്കുന്നതിനായി വായ്പാ വിതരണം ചെയ്യുന്നതാണ് പ്രസ്തുത പദ്ധതി. ടി പദ്ധതി സംബന്ധിച്ച വിവരം, കരട് സർക്കുലർ, കരട് മാതൃകാ സബ്റൂൾ എന്നിവ സർക്കാർ അംഗീകരിക്കുകയും തുടർന്ന് 10.03.2023 ൽ 14/2023 നമ്പറായി സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 330 വായ്പകളിലായി 584.27 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

24. **പുനർജനി പദ്ധതി**

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സമഗ്ര പദ്ധതിയാണ് പുനർജനി പദ്ധതി. പട്ടികജാതി/ പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ സംരംഭകത്വശേഷി വർദ്ധിപ്പിക്കുന്നതും സാമ്പത്തിക ഉന്നമനവുമാണ് ടി പദ്ധതി വിഭാവനം ചെയ്യുന്നത്. 2023-24 സാമ്പത്തിക വർഷം ധനസഹായം ലഭിച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**2023-24**

| ക്രമ നം. | സംഘം | ജില്ല | പ്രോജക്റ്റ് | ഓഹരി | സബ്സിഡി | ആകെ |
|---|---|---|---|---|---|---|
| 1 | കൊട്ടാരക്കര പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണസംഘം (ക്ലിപ്തം), കൊല്ലം | കൊല്ലം | റെഡിമെയ്ഡ് വസ്ത്രശാലയും ടെയ് ലറിംഗ് യൂണിറ്റും | 364228 | 520325 | 884553 |
| 2 | കുറുംബ പട്ടികവർഗ്ഗ സഹകരണ സംഘം(ക്ലിപ്തം), പാലക്കാട് | പാലക്കാട് | ചെറുകിട വനവിഭവ ശേഖരണവും വിപണനവും | 3307316 | 4724737 | 8032053 |
| 3 | പെരുമാട്ടി പഞ്ചായത്ത് പട്ടികജാതി സർവീസ് | പാലക്കാട് | ടെയ് ലറിംഗ് യൂണിറ്റും പരിശീലനവും | 416325 | 594750 | 1011075 |

| | | | | | | |
|---|---|---|---|---|---|---|
| | സഹകരണസംഘം (ക്ലിപ്തം)പാലക്കാട് | | | | | |
| 4 | പുതുനഗരം പട്ടികജാതി സഹകരണ സംഘം(ക്ലിപ്തം),പാലക്കാട്. | പാലക്കാട് | ഹോട്ടൽ / കാന്റീൻ | 691250 | 987500 | 1678750 |
| 5 | അട്ടപ്പാടി പട്ടികജാതി സർവീസ് സഹകരണസംഘം (ക്ലിപ്തം),പാലക്കാട് | പാലക്കാട് | പ്ലാന്റ് നഴ്സറി | 621807 | 888296 | 1510102 |
| 6 | കൊടുവായൂർ പട്ടികജാതി സഹകരണ സംഘം (ക്ലിപ്തം), പാലക്കാട്. | പാലക്കാട് | കാറ്ററിംഗ് സർവീസ് | 361900 | 517000 | 878900 |
| 7 | ചാത്തമംഗലം പട്ടികജാതി സഹകരണസംഘം (ക്ലിപ്തം) പാലക്കാട് | പാലക്കാട് | പേപ്പർ പ്ലേറ്റ് & ഗ്ലാസ്സ് നിർമ്മാണ യൂണിറ്റ് | 421750 | 602500 | 1024250 |
| 8 | കുഴിമണ്ണ പഞ്ചായത്ത് പട്ടികജാതി സർവീസ് സഹകരണസംഘം (ക്ലിപ്തം) മലപ്പുറം | മലപ്പുറം | റെഡിമെയ്ഡ് വസ്ത്രശാലയും ടെയ് ലറിംഗ് യൂണിറ്റും | 1440075 | 2057250 | 3497325 |
| 9 | പള്ളിപ്പുറം പട്ടികജാതി / പട്ടികവർഗ്ഗ സർവീസ് സഹകരണസംഘം (ക്ലിപ്തം)നം. ഇ.685 | എറണാകുളം | ബേക്കറി കം ടീ ഷോപ്പ് | 665000 | 950000 | 1615000 |
| 10 | നായരമ്പലം പട്ടികജാതി / പട്ടികവർഗ്ഗ സർവീസ് സഹകരണസംഘം (ക്ലിപ്തം)നം. ഇ. 337 | എറണാകുളം | അക്വാ ടൂറിസം പദ്ധതി | 525000 | 750000 | 1275000 |
| | **ആകെ** | | | **8814651** | **12592358** | **21407009** |

## 25. **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി(CITA)**

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾക്കനുസരിച്ച്, കൃഷിയുടെയും അനുബന്ധമേഖലയുടെയും മത്സരക്ഷമതയും നിലനിൽപ്പും വർദ്ധിപ്പിക്കുന്നതിന്, സാങ്കേതിക വിദ്യാപ്രയോഗത്തിനും കൃഷിയിലെ കൂട്ടായ പരിശ്രമങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ട് തുടങ്ങിയ ഈ സംരംഭം 2022-23 മുതൽ നടപ്പിലാക്കി വരുന്നു. സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷിക മേഖലയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദനം, സംയോജനം, സംഭരണം, മൂല്യവർദ്ധന, വിപണനം എന്നിവയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഉത്പാദനത്തിലും സംഭരണത്തിലും വിപണനത്തിലുമുള്ള ഇടപെടലിനൊപ്പം കൃഷി ചെയ്യുന്നതു മുതൽ വിപണനം നടത്തുന്നതുവരെയുള്ള എല്ലാ പ്രവർത്തികളെയും പരിപോഷിപ്പിക്കുക

എന്നതാണ് ആത്യന്തികമായി ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾക്കുള്ളിൽ നിർത്തിക്കൊണ്ട് പ്രവർത്തനം സുഗമമാക്കുന്നതിന് പഴയ ഘടകങ്ങൾ ഒരുമിച്ച് ലയിപ്പിച്ചിരിക്കുന്നു. 2023-24 ബഡ്ജറ്റിൽ 3450.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

## 2023-24 പദ്ധതി വിഹിതം

2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന സംസ്ഥാന പദ്ധതിയിലെ 14000 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കിയ 85 ലക്ഷം രൂപയും ഉൾപ്പെടെ 14085 ലക്ഷം രൂപ ലഭിച്ചതിൽ 1762.06288 ലക്ഷം രൂപയും എൻ.സി.ഡി.സി. പദ്ധതിയിൽ വകയിരുത്തിയിരുന്ന 3491.00 ലക്ഷം രൂപ ലഭിച്ചതിൽ 716.7316 ലക്ഷം രൂപയും സംഘങ്ങളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് അനുവദിച്ച് നൽകാൻ കഴിഞ്ഞിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി വിഹിതത്തിൽ 12.53% ഉം എൻ.സി.ഡി.സി. പദ്ധതി വിഹിതത്തിൽ 20.53% ഉം ചെലവഴിക്കാൻ സഹകരണ വകുപ്പിന് സാധിച്ചിട്ടുണ്ട്.

| പദ്ധതികൾ | ചെലവഴിച്ച തുക | സംഘങ്ങളുടെ എണ്ണം |
|---|---|---|
| സംസ്ഥാന പദ്ധതികൾ | 1762.06288 ലക്ഷം രൂപ | 473 |
| എൻ.സി.ഡി.സി. പദ്ധതികൾ | 716.7316 ലക്ഷം രൂപ | 24 |

2023-24 സാമ്പത്തിക വർഷത്തിലെ പ്രധാനപ്പെട്ട പദ്ധതികളും ടി പദ്ധതികൾ പ്രകാരം ധനസഹായം ലഭിച്ച സംഘങ്ങളുടെ വിവരവും ചുവടെ പ്രതിപാദിക്കും വിധമാണ്.

1. **പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുള്ള ധനസഹായം**

| ഇനം | സംഘങ്ങളുടെ എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| സ്വയം സഹായ സംഘങ്ങൾക്കുള്ള സബ്സിഡി ധനസഹായം | 5 | 4.45 |
| സ്വയം സഹായ സംഘങ്ങൾക്കുള്ള ഓഹരി ധനസഹായം | 16 | 15.275 |
| നെൽകർഷകർക്കുള്ള പലിശ സബ്സിഡി | 10 | 94.56 |
| പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക്/അർബൻ സഹകരണ ഓഹരി മൂലധന സഹായം | 57 | 56.80 |
| റിസ്ക് ഫണ്ട് പദ്ധതി | - | 200.00 |
| **ആകെ** | | **371.085** |

2. **ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതിസ്റ്റോറുകൾക്കുമുള്ള സഹായം**

| ഇനം | സംഘങ്ങളുടെ എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമുള്ള ധനസഹായം | 213 | 63.40 |
| **ആകെ** | **213** | 63.40 |

3. **പലവക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം**

| ഇനം | സംഘങ്ങളുടെ എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| പലവക സംഘങ്ങൾക്കുള്ള സബ്സിഡി | 25 | 141.42 |
| പലവക സംഘങ്ങൾക്കുള്ള ഓഹരി | 17 | 37.60 |
| **ആകെ** | **42** | **179.02** |

4. **പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ധനസഹായം**

| ഇനം | സംഘങ്ങളുടെ എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| മാനേജീരിയൽ സബ്സിഡി | 1 | 1.20 |
| പുനർജ്ജനി | 10 | 206.57 |
| റിവൈവൽ സ്കീം | 1 | 14.00 |
| ഓഹരി മൂലധനം | 4 | 12.00 |
| സ്പെഷ്യൽ റിവൈവൽ സ്കീം | 1 | 30.00 |
| എസ്.സി./എസ്.റ്റി. ഫെഡറേഷൻ | 1 | 50.00 |
| **ആകെ** | **18** | **313.77** |

5. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാദമിക്ക് നൽകുന്ന ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി 283.75 ലക്ഷം രൂപ സബ്സിഡി ആയി അനുവദിച്ചിട്ടുണ്ട്.
6. സഹകരണ മേഖലയിലെ നൂതന കണ്ടുപിടുത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മാതൃകാ സഹകരണ സംഘങ്ങളുടെ പ്രോത്സാഹനത്തിനുമായി 2023-24 സാമ്പത്തിക വർഷം സഹകരണ സംഘങ്ങൾക്കായി 10.00 ലക്ഷം രൂപ ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.
7. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും വനിതാ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമായി വനിതാഫെഡിനും

വനിതാ സഹകരണ സംഘങ്ങൾക്കുമായി 250.00 ലക്ഷം രൂപ അനുവദിച്ചു. 6 സംഘങ്ങൾക്ക് വർക്കിംഗ് ക്യാപ്പിറ്റൽ ഗ്രാന്റ് ഇനത്തിൽ 52.56 ലക്ഷം രൂപയും 10 സംഘങ്ങൾക്ക് ഓഹരി മൂലധന സഹായമായി 40.00 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

8. സഹകരണ വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി 8.4151 ലക്ഷം രൂപ അനുവദിച്ചു.
9. സഹകരണ പരീക്ഷാ ബോർഡിനുള്ള ധനസഹായമായി 20.00 ലക്ഷം രൂപ അനുവദിച്ചു.
10. 16 പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായമായി 46.00 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.
11. സഹകരണ അംഗ സമാശ്വാസ നിധിയിലേയ്ക്കായി 200.00 ലക്ഷം രൂപയും അനുവദിച്ചു.
12. കേരള സംസ്ഥാന സഹകരണ ബാങ്കിന് 20.00 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.
13. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ വകുപ്പിന്റെ നൂതന പദ്ധതി (CITA) വഴി കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി സബ്സിഡിയിനത്തിൽ 17.50 ലക്ഷം രൂപയും ഓഹരിയിനത്തിൽ 15.00 ലക്ഷം രൂപയും കാർഷിക സഹകരണ സംഘങ്ങൾക്ക് 32.50 ലക്ഷം രൂപയും അനുവദിച്ചു.
14. എൻ.സി.ഡി.സി. പദ്ധതിയിൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം/ പദ്ധതിയിൽ ഉൾപ്പെടുത്തി 24 സഹകരണ സംഘങ്ങൾക്കായി 716.7316 ലക്ഷം രൂപയും അനുവദിച്ചു.
15. 2023-24 സാമ്പത്തിക വർഷം 12 സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി ആകെ 28.975 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

# സാമ്പത്തികം

## REVENUE EXPENDITURE FOR THE YEAR 2023-24

| HEAD OF ACCOUNT | SALARY 01 | WAGES 02 | TRAVEL EXPENSES-04 | OFFICE EXPENSES-05 | RRT-06 | MOTOR VEHICLE-21 | IMPLEMENTATION OF OFFICIAL LANGUAGE 26 | OTHER CHARGES-34-3 | P.O.L-45 | Hire charges of motor vehicles-97 | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| 2425-001-99 | 136338881 | 971090 | 865969 | 1927843 | 308000 | 103321 | 50000 | 31458 | 243500 | 0 | 140840062 |
| 2425-001-98 | 1083150322 | 14663468 | 2744353 | 2905298 | 3415525 | 94796 | 99000 | 0 | 202956 | 174948 | 1107450666 |
| 2425-001-97 | 31638562 | 485313 | 123747 | 168590 | 360000 | 59498 | 0 | 0 | 10000 | 0 | 32845710 |
| 2425-001-89 | 27677663 | 482760 | 73266 | 107174 | 0 | 7335 | 0 | 0 | 65162 | 0 | 28413360 |
| 2425-001-88 | 0 | 1393221 | 25502 | 94888 | 96830 | 21400 | 0 | 0 | 19500 | 0 | 1651341 |
| 2425-003-98 | 67614663 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 67614663 |
| 2425-101-99 | 1421647334 | 2178100 | 1836051 | 857370 | 223225 | 0 | 0 | 0 | 0 | 0 | 1426742080 |
| 2425-101-98 | 1457580 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1457580 |
| 2425-101-96 | 6549741 | 1870231 | 8100 | 432415 | 50000 | 39125 | 0 | 99949 | 56603 | 0 | 9106164 |
| 2425-101-95 | 5826353 | 218421 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 6044774 |
| 2425-101-93 | 0 | 2980687 | 4404 | 81044 | 232494 | 15199 | 0 | 14479 | 36653 | 0 | 3364960 |
| 2425-101-92 | 16199374 | 711710 | 93840 | 85663 | 0 | 29306 | 92258 | 33799 | 104102 | 0 | 17350052 |
| Total | | | | | | | | | | | 2842881412 |
| 2425-003-92-31 | GRANT TO STATE CO-OPERATIVE UNION FOR RUNNING CO-OPERATIVE TRAINING FOR SC/ST | | | | | | | | | | 211000 |
| 2425-003-97-31 | CO-OPERATIVE INSTITUTION GRANT -IN-AID | | | | | | | | | | 56000 |
| 2425-108-47-31 | GRANT TO STATE CO-OPERATIVE ACADEMY FOR PROFESSIONAL EDUCATION | | | | | | | | | | 44880000 |
| 2425-108-80-33 | SUBSIDIES TO CO-OPERATIVES FOR CONDUCTING FESTIVAL MARKETS | | | | | | | | | | 350033146 |
| 2425-107-72-33 | STIMULUS INTEREST SUBSIDY | | | | | | | | | | 12944680 |
| 4425-108-29 | LEGISLATIVE ASSEMBLY CONSTITUENCY ASSET DEVELOPMENT SCHEME (LAC-ADS) | | | | | | | | | | 1356291 |
| Total | | | | | | | | | | | 409481117 |
| **GRAND TOTAL** | | | | | | | | | | | **3252362529** |

<table>
<tr><th colspan="8">Department: Co-operation</th></tr>
<tr><th colspan="8">Nontax revenue Collection Details for the month of March 2024</th></tr>
<tr><th colspan="5">FINAL YEAR 2023-24</th><th colspan="3">(₹ in Lakhs)</th></tr>
<tr><th>Item</th><th>Head of Account</th><th>Budget Estimate</th><th>Amount collected during the month</th><th>Amount collected up to previous month</th><th>Progressive Total</th><th>Collection up to the month during the last year (2022-23)</th><th>Percentage against Budget Estimate</th></tr>
<tr><td>1</td><td>2</td><td>3</td><td>4</td><td>5</td><td>6(4+5)</td><td>7</td><td>8</td></tr>
<tr><td>Audit fees</td><td>0425-101-99</td><td>4000.00</td><td>298.57</td><td>1478.03</td><td>1776.60</td><td>1653.87</td><td>44.42</td></tr>
<tr><td>KSR Cost</td><td>0425-101-98</td><td>24000.00</td><td>1317.71</td><td>13691.65</td><td>15009.36</td><td>14747.01</td><td>62.54</td></tr>
<tr><td>Election fees</td><td>0425-501-99</td><td>65.82</td><td>0.41</td><td>25.15</td><td>25.56</td><td>83.49</td><td>38.83</td></tr>
<tr><td>Arbitration fees</td><td>0425-501-98</td><td>10000.00</td><td>491.69</td><td>6585.65</td><td>7077.34</td><td>8555.07</td><td>70.77</td></tr>
<tr><td>Liquidation charges</td><td>0425-501-97</td><td>9.52</td><td>0.67</td><td>7.71</td><td>8.38</td><td>0.99</td><td>88.03</td></tr>
<tr><td>Fees on Appeal or Application for Revision</td><td>0425-501-96</td><td>38.82</td><td>3.67</td><td>9.65</td><td>13.32</td><td>4.88</td><td>34.31</td></tr>
<tr><td>Application fee for registration</td><td>0425-501 -95</td><td>74.00</td><td>0.38</td><td>79.19</td><td>79.57</td><td>17.20</td><td>107.53</td></tr>
<tr><td>Fee for opening of branches</td><td>0425-501 -94</td><td>4.50</td><td>0.20</td><td>19.03</td><td>19.23</td><td rowspan="5">1559.46</td><td>427.33</td></tr>
<tr><td>Fee for reclassification of Societies</td><td>0425-501 -93</td><td>25.00</td><td>0.29</td><td>2.12</td><td>2.41</td><td>9.64</td></tr>
<tr><td>Fee for monthly deposit scheme</td><td>0425-501 -92</td><td>2000.00</td><td>111.58</td><td>952.75</td><td>1064.33</td><td>53.22</td></tr>
<tr><td>Other items</td><td>0425-501 -91</td><td>1500.00</td><td>25.99</td><td>330.51</td><td>356.50</td><td>23.77</td></tr>
<tr><td>Other items</td><td>0425-800-93</td><td>10.20</td><td>-</td><td>-</td><td>-</td><td>-</td></tr>
<tr><td>Grand from NCDC</td><td>0425-800-99</td><td>0.01</td><td>-</td><td>-</td><td>-</td><td>-</td><td>-</td></tr>
<tr><td colspan="2">TOTAL</td><td>41727.87</td><td>2251.16</td><td>23181.44</td><td>25432.60</td><td>26621.97</td><td>60.95</td></tr>
<tr><td colspan="8">Remarks:- Non tax revenue collection of Co-operation Department during 2023-24 was Rs.254.33 Crore as against the original budget estimate of Rs.417.28 crore, ie 60.95%. But as against the revised budget estimate of Rs.249.82 Crore, percentage of collection is 101.80%</td></tr>
</table>

| **YEARLY DCB STATEMENT OF CO-OPERATIVE SOCIETIES AS ON 31.03.2024** | | | | | | | **(₹ in lakhs)** | |
|---|---|---|---|---|---|---|---|---|
| **Item** | **Total Opening Balance (Total amount disbursed minus repayment made up to 01.04.23)** | **Opening dues as on 01.04.23** | **Demand (01.04.23 to 31.03.24)** | **TOTAL** | **on (01.04.23 to 31.03.24)** | **Balance dues as on 31.03.24** | **Sanctioned during 2023-24 (Loan/ Share)** | **Total Closing Balance as on 31.03.24** |
| 1 | 2 | 3 | 4 | 5(3+4) | 6 | 7(5-6) | 8 | 9(2-6+8)* |
| Loan | | | | | | | | |
| Govt. | 43567.83 | 20767.35 | 6506.89 | 27274.24 | 545.16 | 26729.08 | 429.70 | 43452.37 |
| NCDC | 23478.44 | 15715.96 | 1386.00 | 17101.96 | 1103.51 | 15998.45 | 1376.56 | 23751.49 |
| NABARD | 3611.27 | 0.00 | 355.65 | 355.65 | 0.00 | 355.65 | 2030.50 | 5641.77 |
| Total | 70657.54 | 36483.31 | 8248.54 | 44731.85 | 1648.67 | 43083.18 | 3836.76 | 72845.63 |
| Interest | | | | | | | | |
| Govt. | 18911.43 | 18911.43 | 18894.34 | 37805.77 | 310.75 | 37495.02 | | 37495.02 |
| NCDC | 15634.15 | 15634.15 | 2544.74 | 18178.89 | 948.63 | 17230.26 | | 17230.26 |
| NABARD | 18.79 | 18.79 | 0.00 | 18.79 | 0.00 | 18.79 | | 18.79 |
| Total | 34564.37 | 34564.37 | 21439.08 | 56003.45 | 1259.38 | 54744.07 | | 54744.07 |
| Penal interest | | | | | | | | |
| Govt. | 1010.01 | 1010.01 | 315.11 | 1325.12 | 7.37 | 1317.75 | | 1317.75 |
| NCDC | 2390.68 | 2390.68 | 211.69 | 2602.37 | 24.10 | 2578.27 | | 2578.27 |
| Total | 3400.69 | 3400.69 | 526.80 | 3927.49 | 31.47 | 3896.02 | | 3896.02 |
| Share capital | | | | | | | | |
| Govt. | 104043.53 | 9535.75 | 1680.27 | 11216.02 | 1835.96 | 9380.06 | 1193.15 | 103400.72 |
| NCDC | 40740.94 | 8335.01 | 5113.21 | 13448.22 | 1989.08 | 11459.14 | 3914.32 | 42666.18 |
| NABARD | 2.60 | - | 2.00 | 2.00 | 0.80 | 1.20 | 1.40 | 3.20 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Total | 144787.07 | 17870.76 | 6795.48 | 24666.24 | 3825.84 | 20840.40 | 5108.87 | 146070.10 |
| Penal interest | | | | | | | | |
| Govt. | 1548.28 | 1548.28 | 528.76 | 2077.04 | 31.99 | 2045.05 | | 2045.05 |
| NCDC | 1085.85 | 1085.85 | 36.63 | 1122.48 | 5.11 | 1117.37 | | 1117.37 |
| Total | 2634.13 | 2634.13 | 565.39 | 3199.52 | 37.10 | 3162.42 | | 3162.42 |
| Dividend | | | | | | | | |
| Govt. | 2.20 | 2.20 | 414.49 | 416.69 | 395.10 | 21.59 | | 21.59 |
| NCDC | 0.46 | 0.46 | 21.05 | 21.51 | 21.11 | 0.40 | | 0.40 |
| NABARD | 0.14 | 0.14 | - | 0.14 | - | 0.14 | | 0.14 |
| Total | 2.80 | 2.80 | 435.54 | 438.34 | 416.21 | 22.13 | | 22.13 |
| Grand Total | | | | | | | | |
| Govt. | 169083.28 | 51775.02 | 28339.86 | 80114.88 | 3126.33 | 76988.55 | 1622.85 | 187732.50 |
| NCDC | 83330.52 | 43162.11 | 9313.32 | 52475.43 | 4091.54 | 48383.89 | 5290.88 | 87343.97 |
| NABARD | 3632.80 | 18.93 | 357.65 | 376.58 | 0.80 | 375.78 | 2031.90 | 5663.90 |
| Total | 256046.60 | 94956.06 | 38010.83 | 132966.89 | 7218.67 | 125748.22 | 8945.63 | 280740.37 |
| The figures before migration to Integrated Co-operative Department Management Software (ICDMS) are subject to verification. | | | | | | | | |
| *Formula applicable to Loan & Share | | | | | | | | |

## PENDING AUDIT PARAS AS ON 31.03.2024

| Sl. No | Name of Offices | No. of Inspection Reports | No. of Audit Paras |
|---|---|---|---|
| 1 | Registrar of Co-operative Societies | 5 | 17 |
| 2 | Director of Co-operative Audit | 1 | 2 |
| 3 | Joint Registrar (General) Offices | 14 | 64 |
| 4 | Joint Director (Audit) Office | 1 | 2 |
| 5 | Assistant Registrar (General) Offices | 1 | 62 |
| **Total** | | **22** | **147** |

# 2023–24 സാമ്പത്തിക വർഷത്തെ ഉദ്ദേശലക്ഷ്യങ്ങളും നേട്ടങ്ങളും

| STATE PLAN SCHEMES | | | | | | | |
|---|---|---|---|---|---|---|---|
| Code No. | Name of Scheme | Budget Provision | Re-appropriation /Addl Authorisation | Modified Appropriation | Expenditure | Surrender Amount | No. of Beneficiaries |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| STATE PLAN SCHEMES | | | | | | | |
| I CREDIT CO-OPERATIVES | | | | | | | |
| COP 001 | Implementation of Scheme financed by NCDC -- ICDP (State Share) | | | | | | |
| | 2425-107-94-34-3 | 20,00,000 | | | 0 | 20,00,000 | |
| COP 003 | Assistance to Primary Agricultural Co-operatives | | | | | | |
| | Subsidy 2425 - 107 - 80 -34-3 | 10,00,00,000 | 0 | | 2,99,00,554 | 7,00,99,446 | 13 |
| | Share 4425-107-89-34-3 | 1,25,00,000 | | | 72,07,700 | 52,92,300 | 79 |
| | Loan - 6425-107-72 | 50,00,000 | | | 0 | 50,00,000 | 0 |
| | Subsidy - 2425 - 107 - 66-34-3 | 4,00,00,000 | | | 0 | 4,00,00,000 | 0 |
| | SUB TOTAL I | 15,95,00,000 | 0 | | 3,71,08,254 | 12,23,91,746 | 92 |
| II HOUSING CO-OPERATIVES | | | | | | | |
| COP 004 | Share Capital Contribution to Primary Housing Co-operatives | | | | | | |
| | 4216 - 80 - 195 - 99 (05) | 50,00,000 | | | 46,00,000 | 4,00,000 | 26 |
| | SUB TOTAL II | 50,00,000 | 0 | | 46,00,000 | 4,00,000 | 26 |
| COP 039 | Processing Co-operatives-Share Contribution-NCDC Assisted (State Share) | | | | | | |
| | Subsidy - 2425 - 107 - 74-34-3 | 15,00,000 | | | 0 | 15,00,000 | 0 |
| COP 005 | 4425 - 108 - 89 -34-3 | 45,00,000 | | | 0 | 45,00,000 | 0 |
| | SUB TOTAL III | 60,00,000 | 0 | | 0 | 60,00,000 | 0 |
| IV CONSUMER CO-OPERATIVES | | | | | | | |
| COP 006 | Assistance to Consumer Co-operatives and Neethi Stores Subsidy 2425-108-49-34-3 | 20,00,000 | | | 15,60,000 | 4,40,000 | 89 |
| | Share - 4425-108-45-34-3 | 40,00,000 | | | 33,80,000 | 6,20,000 | 90 |
| | Loan 6425-108-22 | 40,00,000 | | | 14,00,000 | 26,00,000 | 34 |

| | | | | | | | |
|---|---|---|---|---|---|---|---|
| | **SUB TOTAL IV** | **1,00,00,000** | **0** | | **63,40,000** | **36,60,000** | **213** |
| **V CO-OPERATIVE EDUCATION RESEARCH & TRAINING** | | | | | | | |
| **COP 008** | **Assistance to Institute of Co-operative Management** | | | | | | |
| | **2425- 003 -89 - (31)** | **1,50,00,000** | **(-)1199000** | **1,38,01,000** | **0** | **1,38,01,000** | **0** |
| | **2425-00-003-89-00-35** | **1,00,00,000** | **(+)9999000** | **1,99,99,000** | | **1,99,99,000** | **0** |
| | **2425-00-003-89-00-36** | **1,50,00,000** | **(-)8800000** | **62,00,000** | | **62,00,000** | **0** |
| | **Sub Total** | **4,00,00,000** | **0** | **4,00,00,000** | **0** | **4,00,00,000** | |
| **COP 027** | **2425 - 001 - 90-34-3** | **80,00,000** | | | **60,83,490** | **19,16,510** | **9** |
| **COP 035** | **Assistance for Training in Co-operative Department 2425-00-003-88-00-91** | **30,00,000** | | | **10,01,014** | **19,98,986** | **14** |
| **COP 080** | **Assistance to Agricultural Co-operative Staff Training Institute (ACSTI)** | | | | | | |
| | **Subsidy - 2425 - 003 - 86 - 36** | **1,30,00,000** | | | | **1,30,00,000** | |
| | **Subsidy - 2425 - 003 - 86 - 35** | **70,00,000** | | | | **70,00,000** | |
| | **TOTAL** | **2,00,00,000** | | | **0** | **2,00,00,000** | **0** |
| **COP 043** | **Assistance to Co-operative Academy for Professional Education (CAPE)** | | | | | | |
| | **Subsidy - 2425 - 108 - 47 - 35** | **6,05,00,000** | | | **2,83,75,000** | **3,21,25,000** | **1** |
| | **SUB TOTAL V** | **13,15,00,000** | **0** | **4,00,00,000** | **3,54,59,504** | **9,60,40,496** | **24** |
| **VI MODERNISATION AND PUBLICITY** | | | | | | | |
| **COP 009** | **Modernisation of Co-operative Department** | | | | | | |
| | **2425 - 00-001 - 91-99** | **2,40,00,000** | | | **8,41,510** | **2,31,58,490** | |
| | **2425 -00- 001 - 91-97** | **3,10,00,000** | | | **0** | **3,10,00,000** | |
| | **SUB TOTAL VI** | **5,50,00,000** | **0** | | **8,41,510** | **5,41,58,490** | **0** |
| **VII OTHER CO-OPERATIVES/ SCHEMES** | | | | | | | |
| **COP 016** | **Assistance to Miscellaneous Co-operatives Subsidy - 2425 - 108 - 67-34-3** | **12,88,00,000** | | | **1,41,41,800** | **11,46,58,200** | **25** |
| | **Share - 4425 - 108 - 68-34-3** | **3,68,00,000** | | | **37,60,350** | **3,30,39,650** | **17** |
| **NO** | **Loan - 6425 - 108 - 11** | **1,84,00,000** | | | **0** | **1,84,00,000** | **0** |
| **COP 036** | **Assistance for Development of SC/ST Co-operatives** | | | | | | **13** |
| | **Subsidy 2425 -108-42-34-3** | **5,60,00,000** | | | **2,10,12,358** | **3,49,87,642** | |
| | **Share - 4425 - 108 - 34-34-3** | **2,40,00,000** | | | **1,03,64,650** | **1,36,35,350** | **15** |

| | | | | | | | |
|---|---|---|---|---|---|---|---|
| **COP 070** | **Assistance to Vanitha Co-operatives and Vanithafed** | | | | | | **6** |
| | **Subsidy - 2425 - 108 - 31-34-3** | **1,50,00,000** | | | **52,56,000** | **97,44,000** | |
| | **Share - 4425 - 108 - 26-34-3** | **1,00,00,000** | | | **40,00,000** | **60,00,000** | **10** |
| **COP 078** | **Formation and Assistance to Kerala Co-operative Bank (KCB)** | | | | | | |
| | **Share - 4425 - 108 - 25-34-3** | **1,00,00,000** | | | **20,00,000** | **80,00,000** | **1** |
| **cop 075** | **Member Relief Fund** | | | | | | |
| | **Subsidy - 2425-800-93-34-3** | **4,20,00,000** | | | **2,00,00,000** | **2,20,00,000** | **1** |
| **COP 012** | **Asst to Co-operative Examination Board Subsidy-2425-101-95** | **20,00,000** | | | **20,00,000** | **0** | **1** |
| | **Sub Total VII** | **34,30,00,000** | **0** | **0** | **8,25,35,158** | **26,04,64,842** | **89** |
| **cop 026** | **VIII INFRASTRUCTURE** | | | | | | |
| | **RIDF Assisted Scheme** | | | | | | |
| | **Loan - 6425 - 108 - 10** | **15,00,00,000** | | | **0** | **15,00,00,000** | |
| | **Sub Total VIII** | **15,00,00,000** | **0** | | **0** | **15,00,00,000** | **0** |
| **COP 086** | **IX) Co-operative Initiative in Technology driven Agriculture (CITA)** | | | | | | |
| | **A) Comprehensive Agricultural Development Project (CADP) Subsidy - 2425-107-63** | **16,56,00,000** | **(-)165600000** | **0** | **7,50,000** | **0** | **1** |
| | **A) Comprehensive Agricultural Development Project (CADP) Subsidy - 2425-107-59** | | **(+)165600000** | | **10,00,000** | **16,46,00,000** | **1** |
| | **A) Comprehensive Agricultural Development Project (CADP) Subsidy - 2425-107-60** | | | | | | |
| | **Share - 4425-107-83** | **14,49,00,000** | **(-)144900000** | **0** | **0** | **0** | **0** |
| | **Share - 4425-107-79** | | **(+)144900000** | | **15,00,000** | **14,34,00,000** | **1** |
| | **Loan - 6425-107-69** | **3,45,00,000** | **(-)34500000** | **0** | **0** | **3,45,00,000** | **0** |
| | **Loan - 6425-107-68** | | **(+)34500000** | | **0** | **3,45,00,000** | **0** |
| | **TOTAL** | **34,50,00,000** | **0** | **0** | **32,50,000** | **37,70,00,000** | **3** |
| **COP 088** | **Assistance to promote the production, marketing and Export of Co-operative products 2425-00-108-25** | **4,00,00,000** | | | **71,862** | **3,99,28,138** | **1** |
| | **Assistance to promote the production, marketing and Export** | **3,50,00,000** | | | **50,00,000** | **3,00,00,000** | **1** |

| | | | | | | | |
|---|---|---|---|---|---|---|---|
| | of Co-operative products 4425-00-108-23 | | | | | | |
| | Total | 7,50,00,000 | 0 | 0 | 50,71,862 | 6,99,28,138 | 2 |
| COP 089 | Assistance to Kerala Sahakarana Samrakshana Nidhi 2425-00-108-24 | 1,50,00,000 | | | 0 | 1,50,00,000 | 0 |
| | 4425-00-108-22 | 3,00,00,000 | | | 0 | 3,00,00,000 | 0 |
| | 6425-00-108-88 | 3,00,00,000 | | | 0 | 3,00,00,000 | |
| | TOTAL | 7,50,00,000 | 0 | 0 | 0 | 7,50,00,000 | 0 |
| OP 090 | Revamping of Audit Wing and infrastructure upgradation of Directorate and District Officers 2425-00-101-91-00-34-03- | 40,00,000 | | | 0 | 40,00,000 | |
| | 2425-00-101-91-00-91 | 30,00,000 | | | 0 | 30,00,000 | |
| | 2425-00-101-91-00-97 | 1,00,00,000 | | | 0 | 1,00,00,000 | |
| | 2425-00-101-91-00-99 | 1,20,00,000 | | | 0 | 1,20,00,000 | |
| | 2425-00-101-91-00-21-01 | 25,00,000 | | | 0 | 25,00,000 | |
| | 2425-00-101-91-34-3 | 4,00,0000 | | | 0 | 4,00,0000 | |
| | Total | 3,15,00,000 | | | | 3,15,00,000 | |
| COP 090 (1) | Revamping of Audit Wing and infrastructure upgradation of Directorate and District Officers 4425-00-001-97 | 1,85,00,000 | | | 0 | 1,85,00,000 | |
| | Total | 5,00,00,000 | 0 | 0 | 0 | 5,00,00,000 | |
| COP 037 | Assistance for Model Co-operatives 2425-00-108-41-34-3 | | (+)1500000 | | 0 | | |
| | Assistance for Model Co-operatives 4425-00-108-37-00-34 | | (+)4000000 | | 10,00,000 | | 1 |
| | Assistance for Model Co-operatives 6425-00-108-13 | | (+)3000000 | | 0 | | |
| | Grand Total | 1,40,50,00,000 | 0 | 4,00,00,000 | 17,62,06,288 | 1,26,50,43,712 | 449 |

| | | | | | | | |
|---|---|---|---|---|---|---|---|
| **NCDC SCHEMES** | | | | | | | |
| **COP 023** | **Integrated Co-op. Development Project - NCDC Assistance (ICDP)** | | | | | | |
| | **Subsidy 2425-108-76** | **31,00,000** | | | **41,82,000** | | **4** |
| | **Share 4425-108-71-34-3** | **2,50,00,000** | | | **0** | **2,50,00,000** | **0** |
| | **Loan 6425-108-74** | **2,50,00,000** | | | | **2,50,00,000** | **0** |
| | **Total** | **5,31,00,000** | **0** | | **41,82,000** | **5,00,00,000** | **4** |
| **COP 024** | **Assistance to PACS, Primary Societies, Wholesale Stores and Federations** | | | | | | |
| | **Share 4425-108- 42-34-03** | **11,24,00,000** | | | **3,80,19,660** | **7,43,80,340** | **11** |
| | **Loan 6425-108-19** | **16,86,00,000** | | | **2,69,71,500** | **14,16,28,500** | **8** |
| | **Total** | **28,10,00,000** | **0** | | **6,49,91,160** | **21,60,08,840** | **19** |
| **COP 025** | **Assistance to Primary Co-operatives and Federations** | | | | | | |
| | **Share 4408-02-195-86** | **1,00,00,000** | | | **25,00,000** | **75,00,000** | **1** |
| | **Loan 6408-02-195-65** | **50,00,000** | | | **0** | **50,00,000** | |
| | **Total** | **1,50,00,000** | **0** | **0** | **25,00,000** | **1,25,00,000** | **1** |
| | **NCDC TOTAL** | **34,91,00,000** | | | **7,16,73,160** | **27,85,08,840** | **24** |
| | **GRAND TOTAL (STATE+NCDC)** | **1,75,41,00,000** | | | **24,78,79,448** | **1,54,35,52,552** | **473** |

## സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ/ സംഘങ്ങൾ/ മറ്റ് സ്ഥാപനങ്ങൾ

### 31.03.2024 വരെ സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെ എണ്ണം

| ക്രമ നം | സംഘങ്ങളുടെ തരംതിരിവ് | സംഘങ്ങളുടെ എണ്ണം | പ്രവർത്തിക്കുന്നവ |
|---|---|---|---|
| 1 | അപ്പെക്സ് | 11 | 11 |
| 2 | ഫെഡറൽ | 12 | 11 |
| 3 | ക്രെഡിറ്റ് | 4152 | 3656 |
| 4 | കൺസ്യൂമർ | 4617 | 3808 |
| 5 | മാർക്കറ്റിംഗ്/പ്രോസസ്സിംഗ് | 631 | 246 |
| 6 | ഹൗസിംഗ് | 393 | 286 |
| 7 | എസ്.സി/എസ്.റ്റി | 849 | 442 |
| 8 | ഹെൽത്ത് | 191 | 100 |
| 9 | വനിത | 1262 | 955 |
| 10 | മറ്റുള്ളവ | 4275 | 2901 |
| **ആകെ** | | **16393** | **12416** |

### കേരള സംസ്ഥാന സഹകരണ ബാങ്ക്

കേരള സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കണമെന്ന സംസ്ഥാന സർക്കാർ തീരുമാനത്തിന് ആർ.ബി.ഐ. അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സ്വന്തം ബാങ്കായി കേരള സംസ്ഥാന സഹകരണ ബാങ്ക് 29.11.2019 ന് നിലവിൽ വന്നു. ഇതിലൂടെ കേരളത്തിലെ ഹ്രസ്വകാല സഹകരണ വായ്പാ രംഗത്ത് സമൂല മാറ്റമാണ് ഉണ്ടായത്. ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചാണ് പുതിയ ബാങ്ക് നിലവിൽ വന്നിട്ടുള്ളത്. 27.11.2020 ന് ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ബാങ്കിൽ അധികാരം ഏൽക്കുകയും ചെയ്തു. ആധുനിക ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ സർവ്വീസ് ചാർജ്ജ് ഈടാക്കി ഇടപാടുകാർക്ക് നൽകുവാൻ സാധിക്കും. പ്രവാസി നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും മലയാളികളുടെ നിക്ഷേപങ്ങൾ ഉപയോഗപ്പെടുത്തി കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉപയുക്തമാക്കുന്നതിനും കേരള സംസ്ഥാന സഹകരണ ബാങ്കിന് സാധിച്ചിട്ടുണ്ട്.

| 2023-24 വർഷത്തെ വിശദാംശം | |
|---|---|
| | (തുക ലക്ഷത്തിൽ) |
| ശാഖകൾ (ഹെഡ് ആഫീസ് ഉൾപ്പെടെ) | 845 |
| അംഗങ്ങൾ (A-Class) | 1688 |
| ഓഹരി മൂലധനം | 215042.54 |
| നിക്ഷേപം | 6797881.43 |
| കരുതൽ ധനം | 125496.14 |
| പ്രവർത്തന ഫണ്ട് | 9043968.31 |
| ലോൺ& അഡ്വാൻസ് | 835580.8 |
| ഈടാക്കാനുള്ള വായ്പ | 4860343.17 |
| കടം | 1380987.12 |
| തൻ വർഷ ലാഭം | 20913 |
| അറ്റ നഷ്ടം | 47692.34 |
| ജീവനക്കാരുടെ എണ്ണം | 4945 |

## സംസ്ഥാന കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക്

കർഷകർക്ക് ദീർഘകാല വായ്പ നൽകുക എന്ന പ്രധാന ലക്ഷ്യത്തോടെ കേരള സംസ്ഥാന സഹകരണ ഭൂപണയ ബാങ്ക് 1956 ൽ രൂപീകൃതമായി. ഈ ബാങ്ക് സംസ്ഥാനത്തെ പ്രാഥമിക ഭൂപണയ ബാങ്കുകളുടെ ഒരു സംസ്ഥാന തല കേന്ദ്രബാങ്ക് ആയാണ് രൂപീകരിച്ചത്. തുടർന്ന് 1984 ൽ കെ എസ് സി എ ആർ ഡി ബാങ്ക് ആക്റ്റ് പ്രാബല്യത്തിൽ വന്നതോടെ ഇതിനെ സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് എന്ന് പുനർനാമകരണം നടത്തുകയുണ്ടായി. സുസ്ഥിര കാർഷിക ഗ്രാമവികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് അംഗങ്ങൾക്ക് സാമ്പത്തിക സേവനം നൽകി ഗ്രാമീണ ജനതയുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ് ഈ ബാങ്കിന്റെ മുഖ്യ ദൗത്യം.

ഇന്ന് സംസ്ഥാനത്തെ 77 പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളുടെ കേന്ദ്ര ബാങ്ക് ആയാണ് ഈ ബാങ്ക് പ്രവർത്തിക്കുന്നത്. ബാങ്കിന് തിരുവനന്തപുരത്ത് ഹെഡ് ആഫീസും, 14 ജില്ലകളിൽ റീജിയണൽ ആഫീസുകളും, എറണാകുളത്ത് ഒരു ട്രയിനിംഗ് ഇൻസ്റ്റിട്യൂട്ടും, തിരുവനന്തപുരത്തും കണ്ണൂരുമായി രണ്ട് മേഖല പരിശോധന ആഫീസുകളും ഉണ്ട്.

| 2023-24 വർഷത്തെ വിശദാംശം | |
|---|---|
| | (തുക ലക്ഷത്തിൽ) |
| ഓഹരി മൂലധനം | 23592.58 |
| നിക്ഷേപം | 93432 |
| കരുതൽ ധനം | 221643.37 |
| നബാർഡ് ലോൺ/ഡിബഞ്ചർ വായ്പ | 595987.33 |
| റീജിയണൽ ആഫീസുകൾ | 14 |
| വായ്പ കുടിശ്ശിക | 782475.16 |
| മൊത്ത ലാഭം | 3549.65 |
| ജീവനക്കാരുടെ എണ്ണം | 213 |

## പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ

2023-24 വർഷം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ 1608 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളാണുള്ളത്. ഇവയിൽ 1547 എണ്ണം പ്രവർത്തിക്കുന്നവയും 30 എണ്ണം ഡോർമെന്റും 31 എണ്ണം അണ്ടർ ലിക്വിഡേഷനിലുമാണ്. കാർഷിക വായ്പ അടക്കമുള്ള വായ്പകൾ നൽകുകയാണ് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രധാന ചുമതല.

2023-24 സാമ്പത്തിക വർഷത്തിൽ വിവിധ ഇനങ്ങളിലായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്ക് 371.08254 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയാണ് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ. 31.03.2024 ലെ കണക്ക് പ്രകാരം 748 പട്ടികജാതി സഹകരണ സംഘങ്ങളും 101 പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുമാണ് സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 382 പട്ടികജാതി സഹകരണ സംഘങ്ങളും 60 പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുമാണ് പ്രവൃത്തിപഥത്തിലുള്ളത്. 2023-24 വർഷം പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് വിവിധ ഇനങ്ങളിലായി 18 സഹകരണ സംഘങ്ങൾക്ക് 313.77008 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

## വനിതാ സഹകരണ സംഘങ്ങൾ

സ്ത്രീകൾക്കിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, സ്ത്രീകളുടെ സാമ്പത്തിക ഉന്നമനത്തിനും ദാരിദ്ര്യം ലഘൂകരിക്കുന്നതിനും സ്ത്രീശാക്തീകരണത്തിനും വേണ്ടി സഹകരണ വകുപ്പിന്റെ കീഴിൽ രൂപീകരിച്ചതാണ് വനിതാ സഹകരണ സംഘങ്ങൾ. 31.03.2024 ലെ കണക്ക് പ്രകാരം 1262 വനിതാ സംഘങ്ങൾ ഉള്ളതിൽ 955 എണ്ണം പ്രവർത്തിക്കുന്നു. സ്വയംപര്യാപ്തത നേടുന്നതിനുവേണ്ടി ഓഹരി, മൂലധനം, സബ്സിഡി എന്നിവ വഴി സർക്കാർ ധനസഹായം നൽകുന്നുണ്ട്. സമൂഹത്തിൽ സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി ആരംഭിച്ച പല സംഘങ്ങളും വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. ധാരാളം സ്വയംസഹായ ഗ്രൂപ്പുകളും ഇവരുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു അപ്പെക്സ് സ്ഥാപനം എന്നുള്ള നിലയിൽ വനിതാഫെഡ് ആണ് വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യുന്നത്. വനിതാ ഫെഡിനും വനിതാ സംഘങ്ങൾക്കുമായി 2023-24 വാർഷിക ബഡ്ജറ്റിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ 6 സഹകരണ സംഘങ്ങൾക്ക് സബ്സിഡിയിനത്തിൽ 52.56 ലക്ഷം രൂപയും 10 സഹകരണ സംഘങ്ങൾക്ക് ഓഹരിയിനത്തിൽ 40.00 ലക്ഷം രൂപയും അനുവദിച്ചതുൾപ്പെടെ ആകെ 92.56 ലക്ഷം രൂപയേ ചെലവഴിച്ചിട്ടുള്ളൂ.

## ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ

ആതുര സേവന രംഗത്ത് സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്ന സ്ഥാപനങ്ങളാണ് സഹകരണ ആശുപത്രികൾ. ഇവയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ധാരാളം സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും ജില്ലാ സഹകരണ ഹോസ്പിറ്റലുകളുമുണ്ട്. ഗ്രാമങ്ങളിലും നഗരങ്ങളിലും മെഡിക്കൽ സഹായം നൽകുന്നതിന് മെഡിക്കൽ, പാരാ മെഡിക്കൽ വിദഗ്ധരുടെ സേവനം വിശേഷാൽ ഗ്രാമപ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും വേണ്ടി രൂപീകരിച്ചതാണ് ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ. 31.03.2024 ലെ കണക്ക് പ്രകാരം 191 സംഘങ്ങൾ നിലവിലുണ്ടെങ്കിലും 100 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. പാരാ മെഡിക്കൽ കോഴ്സ് നടത്തുന്നതിന് ഈ സംഘങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും (NCDC, സ്റ്റേറ്റ് പ്ലാൻ, നബാർഡ്, RIDF) സഹകരണ ആശുപത്രികൾക്ക് ധനസഹായം ലഭിക്കുന്നുണ്ട്. കേരളാ ഹോസ്പിറ്റൽ ഫെഡറേഷനാണ് ഇതിന്റെ പ്രവർത്തനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യുന്നത്. ഇപ്പോൾ സർക്കാർ, മെഡിക്കൽ ലാബുകൾ, ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ്, ആധുനിക ഉപകരണങ്ങൾ, ആംബുലൻസ് വാങ്ങൽ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായവും സംഘങ്ങൾക്ക് നൽകുന്നുണ്ട്. ജനകീയ അടിത്തറയും ചൂഷണ വിമുക്തമായ ലക്ഷ്യവും സേവന മനോഭാവവും സഹകരണ ആശുപത്രികളെ ജനപ്രിയമാക്കിയിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാസേവനം മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

## ഹൗസിംഗ് സഹകരണ സംഘങ്ങൾ

സാധാരണ ജനങ്ങളുടെ സ്വന്തമായൊരു ഭവനം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് സഹകരണ ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന ഹൗസിംഗ് സഹകരണ സംഘങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. 31.03.2024 ലെ കണക്ക് അനുസരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ആകെ 393 ഹൗസിംഗ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇവയിൽ 286 എണ്ണം സജീവമായി പ്രവർത്തിക്കുന്നവയാണ്. പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് LIC, HUDCO, HDFC, NHB എന്നിവിടങ്ങളിൽനിന്നുള്ള ഫണ്ടിൽ നിന്നും ഭവന വായ്പകൾ അനുവദിക്കുന്നുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാൻ വഴിയും സാമ്പത്തിക സഹായം നൽകിവരുന്നു. കേരള കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ആണ് ഈ സംഘങ്ങളുടെ അപ്പെക്സ് സൊസൈറ്റി. 2023-24 വർഷം 26 പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായമായി 50 ലക്ഷം രൂപ അനുവദിച്ചതിൽ 46 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ

സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ 31.03.2024 ൽ 786 ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളാണ് നിലവിലുള്ളത്. ഇവയിൽ 422

സംഘങ്ങൾ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. നിർമ്മാണപ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തി വരുന്ന സഹകരണ സംഘങ്ങളാണ് പ്രാഥമിക ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ. കേരളത്തിലെ അവിദഗ്ധ, അർദ്ധ വിദഗ്ധ, വിദഗ്ധ തൊഴിലാളികളുടെ സാമ്പത്തിക സാമൂഹിക തൊഴിൽ മേഖലകളിലെ സർവ്വതോന്മുഖമായ പുരോഗതിയാണ് ഇവയുടെ ലക്ഷ്യം. ആധുനിക സാങ്കേതിക വിദ്യയുടെ വ്യാപനം തൊഴിൽ രംഗത്ത് ഉണ്ടാക്കുന്ന മാറ്റങ്ങൾക്ക് അനുസൃതമായി പുതിയ തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിനും കാലഘട്ടത്തിന്റെ അനിവാര്യതകളിൽ കൂടുതൽ കരുത്തോടെ മുന്നോട്ട് പോകുന്നതിന് തൊഴിലാളികളെ പ്രാപ്തരാക്കുന്നതിനും ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് കഴിയുന്നുണ്ട്. സംസ്ഥാനത്തെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മൂലം സ്വകാര്യ കരാറുകാരുടെ അമിത ചൂഷണം ഒരു പരിധി വരെ നിയന്ത്രിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ അവസരം ഒരുക്കുന്നതിനും ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ സഹായകരമാണ്

## മാർക്കറ്റിംഗ് & പ്രോസസിംഗ് സഹകരണ സംഘങ്ങൾ

വിവിധ കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹിക്കുന്ന തരത്തിലുള്ള വിപണന സൗകര്യം ഒരുക്കുക വഴി വ്യാപാര മേഖലയിൽ മുന്നേറാൻ മാർക്കറ്റിംഗ് & പ്രോസ്സസിംഗ് സഹകരണ സംഘങ്ങൾ സഹായകരമാണ്. 31.03.2024 ൽ ആകെ 590 മാർക്കറ്റിംഗ് സഹകരണ സംഘങ്ങളും 41 പ്രോസ്സസിംഗ് സഹകരണ സംഘങ്ങളും ഉണ്ടെങ്കിലും ഇവയിൽ 226 മാർക്കറ്റിംഗ് സഹകരണ സംഘങ്ങളും 20 പ്രോസ്സസിംഗ് സഹകരണ സംഘങ്ങളും മാത്രമാണ് പ്രവർത്തിക്കുന്നത്. PAPCOS, KAPCOS എന്നിവയാണ് പ്രധാന മാർക്കറ്റിംഗ് & പ്രോസ്സസിംഗ് സഹകരണ സംഘങ്ങൾ.

## കൺസ്യൂമർ സഹകരണ സംഘങ്ങൾ

കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിനും സ്വകാര്യ ചൂഷണത്തിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുമായി നിലകൊള്ളുന്ന സംഘങ്ങളാണ് കൺസ്യൂമർ സംഘങ്ങൾ. 31.03.2024 ൽ 4617 കൺസ്യൂമർ സഹകരണ സംഘങ്ങൾ ഉള്ളതിൽ 3803 സംഘങ്ങളാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. ഉൽസവ കാലങ്ങളിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കൺസ്യൂമർ സംഘങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. കൺസ്യൂമർ സംഘങ്ങൾക്കും സ്കൂൾ/ കോളേജ് സഹകരണ സംഘങ്ങൾക്കുമായി സബ്സിഡിയിനത്തിൽ 15.60 ലക്ഷം രൂപയും (89 സംഘങ്ങൾ) ഓഹരിയിനത്തിൽ 33.80 ലക്ഷം രൂപയും (90 സംഘങ്ങൾ) വായ്പയിനത്തിൽ 14.00 ലക്ഷം രൂപയും (34 സംഘങ്ങൾ) ഉൾപ്പെടെ 63.40 ലക്ഷം രൂപ അനുവദിച്ച് ചെലവഴിച്ചിട്ടുണ്ട്

## ടൂറിസം സഹകരണ സംഘം

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ 31.03.2024 ൽ 100 ടൂറിസം സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇവയിൽ 68 സംഘങ്ങൾ പ്രവർത്തനക്ഷമമായവയും 30 സംഘങ്ങൾ ഡോർമെന്റും 2 സംഘങ്ങൾ

ലിക്വിഡേഷൻ നടപടികൾ നേരിടുന്നവയുമാണ്. സഹകരണ മേഖലയിലെ ടൂറിസം സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ ടൂർഫെഡ് 2011 ലാണ് പ്രവർത്തനം ആരംഭിച്ചത്. സംഘാംഗങ്ങളുടെ ടൂറിസം പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാത്തരം സഹായങ്ങളും നൽകുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കൂടാതെ വില്ലേജ് ടൂറിസം, ഫാം ടൂറിസം, ആയുർവേദ ടൂറിസം, കൾച്ചറൽ ടൂറിസം തുടങ്ങിയവ ഏറ്റെടുത്ത് നടത്തുകയോ നടത്തിപ്പിന് വേണ്ട സഹായം നൽകുകയോ ചെയ്യുന്നുണ്ട്. വിദേശികൾക്കും സ്വദേശികൾക്കും റോഡ്, റെയിൽ, വ്യോമ മാർഗ്ഗങ്ങളിലൂടെ ബുക്കിംഗ് സർവ്വീസുകളും നൽകുന്നുണ്ട്.

## <u>ജീവനക്കാരുടെ വായ്പ സഹകരണ സംഘങ്ങൾ</u>

സംസ്ഥാനത്ത് ജീവനക്കാരുടെ വായ്പ സഹകരണ സംഘങ്ങൾ ജീവനക്കാരുടെ ക്ഷേമം മുൻനിർത്തി പ്രവർത്തിച്ചുവരുന്നു. ഭൂരിപക്ഷം സംഘങ്ങളും അവരുടെ സ്വന്തം നിക്ഷേപത്തിൽ നിന്നാണ് വായ്പ നൽകി ബിസിനസ്സ് നടത്തി വരുന്നത്. 31.03.2024 ൽ 1128 ജീവനക്കാരുടെ വായ്പാ സഹകരണ സംഘങ്ങൾ ഉള്ളതിൽ 893 എണ്ണം പ്രവർത്തിക്കുന്നവയും 235 എണ്ണം പ്രവർത്തനരഹിതവും ആണ്. ഇതിൽ എൽ.ഐ.സി. സ്റ്റാഫ് സഹകരണ സംഘം റിസർവ്വ് ബാങ്കിന്റെ ലൈസൻസോടെ പ്രവർത്തിച്ചുവരുന്ന സംഘമാണ്.

## <u>പലവക സഹകരണ സംഘങ്ങൾ (Miscellaneous Co-operative Societies)</u>

ഫാമിംഗ് സഹകരണ സംഘം, പൗൾട്രി സഹകരണ സംഘം, പ്രിന്റിംഗ് സഹകരണ സംഘം, മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം, എക്സ് - സർവ്വീസ്മെൻ സഹകരണ സംഘം, അലക്ക് തൊഴിലാളി സഹകരണ സംഘം, ലൈം ഷെൽ സഹകരണ സംഘം, ചെത്ത് തൊഴിലാളി സഹകരണ സംഘം, ക്യാന്റീൻ സഹകരണ സംഘം, ടെയ് ലറിംഗ് സഹകരണ സംഘം, പെൻഷനേഴ്സ് വെൽഫെയർ സഹകരണ സംഘം, സാമൂഹ്യ ക്ഷേമ സഹകരണ സംഘം, ആന ഉടമകളുടെ സഹകരണ സംഘം, അംഗ പരിമിതർക്കുള്ള സഹകരണ സംഘം, ഫാർമേഴ്സ് സോഷ്യൽ വെൽഫയർ സഹകരണ സംഘം, സെറികൾച്ചറുമായി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ, ലാബ് ടെക്നീഷ്യന്മാരുടെ സഹകരണ സംഘം, ഹെഡ് ലോഡ് വർക്കേഴ്സ് സഹകരണ സംഘം, വ്യാപാരി വ്യവസായി സഹകരണ സംഘം, കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സഹകരണ സംഘം, ലീഗൽ മെട്രോളജി സഹകരണ സംഘം, റീടെയിൽ മെഡിക്കൽ ഷോപ്പ് സഹകരണ സംഘം, അഭിഭാഷകരുടെ വെൽഫെയർ സഹകരണ സംഘം, സിനി ആർട്ടിസ്റ്റ് സഹകരണ സംഘം, എൽ. ഐ. സി. ഏജന്റുമാരുടെ സഹകരണ സംഘം, സീനിയർ സിറ്റിസൺസ് സഹകരണ സംഘം, വ്യാപാരി വ്യവസായി തൊഴിലാളികളുടെ ഷോപ്പ് & എസ്റ്റാബ്ലിഷ്മെന്റ് സഹകരണ സംഘം, സീ ഫുഡ് സഹകരണ സംഘം, കേരള ആയുർവേദിക് സഹകരണ സംഘം, കൺസ്ട്രക്ഷൻ & ബിൽഡിംഗ് വർക്കേഴ്സ് സഹകരണ സംഘം, കേബിൾ ഇന്റർനെറ്റ് സഹകരണ സംഘം, കോഫി വർക്കേഴ്സ് സഹകരണ സംഘം, ഗൾഫ് റിട്ടേണീസ് വെൽഫെയർ സഹകരണ സംഘം, മനുഷ്യാവകാശ പ്രവർത്തക ക്ഷേമ സഹകരണ സംഘം, വിദഗ്ധ, അവിദഗ്ധ തൊഴിലാളി സഹകരണ

സംഘം, ടീച്ചേഴ്സ് & നോൺടീച്ചിംഗ് സ്റ്റാഫ് സഹകരണ സംഘം, റെപ്രസെന്റേറ്റീവ്സ് & സെയിൽസ്മെൻ സഹകരണ സംഘം, ലോട്ടറി തൊഴിലാളികളുടെ സഹകരണ സംഘം, റെഡിമെയ്ഡ് & ഗാർമെന്റ്സ് സഹകരണ സംഘം, ട്രാൻസ്ജെൻഡേഴ്സ് സഹകരണ സംഘം, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം, യുവജന സഹകരണ സംഘം തുടങ്ങി ജീവിതത്തിന്റെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട പല സംഘങ്ങളും ഉണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ, പലവക സഹകരണ സംഘങ്ങൾക്ക് ധന സഹായം അനുവദിക്കുന്ന പദ്ധതിയിലൂടെ 25 സഹകരണ സംഘങ്ങൾക്ക് സബ്സിഡി ഇനത്തിൽ 141.418 ലക്ഷം രൂപയും, 17 സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമായി 37.6035 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 179.0215 ലക്ഷം രൂപ അനുവദിച്ച് ചെലവഴിച്ചിട്ടുണ്ട്.

## അടിസ്ഥാന സൗകര്യ വികസനം

## വെബ് സൈറ്റ്

സഹകരണ വകുപ്പിന്റെ വെബ് സൈറ്റ് നവീകരണ പ്രവർത്തനങ്ങൾക്കായി സി-ഡിറ്റിനെ ചുമതലപ്പെടുത്തുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തികൾക്ക്/സഹകരണ സ്ഥാപനങ്ങൾക്ക് അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള ഒരു പോർട്ടൽ സഹകരണ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

## ഇ-ആഫീസ്

സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക് സെന്ററുമായി (എൻ.ഐ.സി) ചേർന്ന് നടപ്പിലാക്കി വരുന്നു. സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകൾ, എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

## സഹകരണ വകുപ്പിന്റെ ആധുനികവത്കരണം

സഹകരണ വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള വിവിധ ആഫീസുകളുടെ ആധുനികവത്കരണത്തിനായി സർക്കാർ ഉത്തരവ് പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ 1,50,00,000/-രൂപ വകയിരുത്തിയിരുന്നു. ടി തുകയിൽ നിന്നും 3,50,460/- രൂപയ്ക്ക് റിലീസ് ഉത്തരവ് ലഭ്യമാവുകയും ടി തുക സഹകരണ ഇലക്ഷൻ കമ്മീഷന്റെ ഓൺലൈൻ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ് വെയർ വികസിപ്പിച്ചതിന് സിഡിറ്റിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ ആഫീസിന്റെ ഉപയോഗത്തിനായി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി സാമ്പത്തിക വർഷത്തിൽ 4,91,050/- രൂപയുടെ ബിൽ ട്രഷറിയിൽ ക്യൂവിൽ ഉൾപ്പെടുത്തുകയും ആയത് 2023-24 സാമ്പത്തിക വർഷം പാസ്സാക്കി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## Co-operative Audit Monitoring & Information System (CAMIS)

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി, www.camis.kerala.gov.inഎന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

## പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ

സഹകരണ മേഖലയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും, സംഘങ്ങളെ ആധുനികവത്ക്കരിക്കുന്നതിനും അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ പൊതു സോഫ്റ്റ് വെയർ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സംവിധാനവുമായി ബന്ധപ്പെടുത്തി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT/RTGS, IMPS,ATM, UPI തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS -കൾക്ക് ലഭ്യമാകുന്ന രീതിയിലുള്ള ഏകീകൃത സോഫ്റ്റ് വെയറിനാണ് സഹകരണ വകുപ്പ് ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. നിലവിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻതന്നെ സേവനദാതാവുമായി കരാറിൽ ഏർപ്പെട്ട് വിവിധ ഘട്ടങ്ങളിലായി 18 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## ICDMS (Integrated Co-operative Department Management System)

സഹകരണ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ-ബൈലോ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ, ആഡിറ്റ് മൊഡ്യൂൾ എന്നീ 3 സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/സഹകരണ സംഘങ്ങൾക്ക് തന്നെ നേരിട്ട്

ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും, ആയതിനുള്ള ഫീസ് ട്രഷറി ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേ വഴി ഒടുക്കുന്നതിനും ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതും ICDMS ലൂടെയാണ്.

സംസ്ഥാന/എൻ.സി.ഡി.സി പദ്ധതികളിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കുന്നതിനും ധനസഹായം അനുവദിച്ചതിനുശേഷം ടി തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിനുമാണ് ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ് വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള ആഡിറ്റ് മോഡ്യൂളിന്റെ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. യൂസർ അക്സ്പ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

## വകുപ്പ് തല പ്രസിദ്ധീകരണങ്ങൾ

### സഹകരണ വീഥി

സഹകരണ രംഗത്തെ വളർച്ചയെയും പുതിയ മേഖലകളെക്കുറിച്ചും സർക്കാരിന്റെ ഈ രംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ചും സഹകാരികളെ അറിയിക്കുവാൻ വേണ്ടി 1978 മാർച്ച് മാസം ആരംഭിച്ച സഹകരണ വകുപ്പിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമാണ് സഹകരണ വീഥി. സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങളും ഗവൺമെന്റ് നയങ്ങളുമാണ് ഈ പ്രസിദ്ധീകരണം ഉയർത്തിക്കാട്ടുന്നത്. സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറത്തിറക്കുന്ന സർക്കുലറുകൾ, സഹകരണ മേഖലയിലെ ദേശീയ, അന്തർദേശീയ വാർത്തകൾ, സഹകരണ മേഖലയെ സംബന്ധിച്ച പഠനങ്ങൾ, സർക്കാരിന്റെ ഔദ്യോഗിക വാർത്തകൾ, സാമ്പത്തികം, വികസനം മുതലായവ സംബന്ധിച്ച ലേഖനങ്ങൾ എന്നിവ സഹകരണ വീഥി പ്രസിദ്ധീകരിക്കുന്നു. 2023-24 കാലയളവിൽ ഏകദേശം 148692 ൽ അധികം കോപ്പികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കഴി ഞ്ഞ 46 വർഷമായി വിജയകരമായി പ്രസിദ്ധീകരണം തുടരുന്ന സഹകരണ വീഥി സഹകാരികൾക്കും സഹകരണ മേഖലയിൽ ഇടപെടുന്നവർക്കും സൂക്ഷിച്ചുവയ്ക്കാൻ കഴിയുന്ന സമഗ്ര പുസ്തകമാണ്.

### കേരള സഹകരണ ജേർണൽ

സംസ്ഥാന സഹകരണ യൂണിയന്റെ മാസികയാണ് കേരള സഹകരണ ജേർണൽ. പ്രശസ്തരായ സഹകാരികളുടെ ലേഖനങ്ങൾ, സംസ്ഥാനത്തെ മുൻനിരയിലുള്ള സഹകരണ ബാങ്കുകളുടെയും, സഹകരണ സ്ഥാപനങ്ങളുടെയും വിജയ കഥകൾ, മറ്റ് വിജ്ഞാനദായകമായ റിപ്പോർട്ടുകൾ, വിദ്യാർത്ഥികൾക്കായുള്ള മത്സര പരീക്ഷകൾ എന്നിവ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പ്രസിദ്ധീകരണത്തിന്റെ വാർഷിക വരിസംഖ്യ 300/- രൂപയും ആയതിന്റെ മൊത്തം പതിപ്പ് 15,000 വും ആണ്.

## സഹകരണ ഗൈഡ്

സഹകരണ വകുപ്പിലെ പ്രവർത്തനങ്ങൾ, സഹകരണ പ്രസ്ഥാനത്തിന്റെ കാഴ്ചപ്പാട്, കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇടപെടുന്ന മേഖലകൾ, പ്രധാന സ്ഥാപനങ്ങൾ, സഹകരണ വകുപ്പിനെ സംബന്ധിച്ചുള്ള വിവരങ്ങൾ, സഹകരണ വകുപ്പിന് കീഴിലുള്ള ഓഫീസുകൾ തുടങ്ങി സഹകരണ വകുപ്പും സഹകരണ മേഖലയുമായി ബന്ധപ്പെട്ട സമഗ്രമായ ഒരു സഹകരണ ഗൈഡ് പ്രസിദ്ധീകരിക്കുന്നതിന് 2023-24 വർഷത്തിൽ സാധിച്ചിട്ടുണ്ട്.

## സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം

സഹകരണ വകുപ്പിലെ TNA (Training Need Analysis) പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ IMG, ICM, ACSTI, സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ സഹകരണ പരിശീലന കേന്ദ്രം എന്നിവിടങ്ങളിൽ 2023-24 ൽ സംഘടിപ്പിക്കേണ്ട പ്രോഗ്രാമുകളുടെ ഷെഡ്യൂളുകൾ നിശ്ചയിക്കുകയും വ്യത്യസ്തങ്ങളായ പരിശീലനങ്ങൾ വിവിധ കേന്ദ്രങ്ങളിൽ നടത്തുകയും ഏകദേശം 3580-ൽ അധികം ഉദ്യോഗസ്ഥർക്ക് 2023-24 കാലയളവിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

## സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ പരിശീലന കേന്ദ്രം

സഹകാരികൾക്ക് മെച്ചപ്പെട്ട സേവനം നല്കുവാൻ വകുപ്പിനെ പ്രാപ്തമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പരിശീലനത്തിലൂടെ ജീവനക്കാരെ കൂടുതൽ പ്രവർത്തന സജ്ജമാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ സഹകരണ പരിശീലന കേന്ദ്രം രൂപീകരിച്ചു. സഹകരണ വകുപ്പിലെ സഹകരണ പരിശീലന കേന്ദ്രം പൂർണ തോതിൽ പ്രവർത്തന സജ്ജമായിട്ടില്ലെങ്കിലും നിലവിൽ ജവഹർ സഹകരണ ഭവൻ കേന്ദ്രീകരിച്ച് E-office, ICDMS, OEMS തുടങ്ങിയ പരിശീലന പരിപാടികൾ സഹകരണ സംഘം രജിസ്ട്രാർ ആഫീസിലേയും ജില്ലാ ഓഫീസിലേയും ഉദ്യോഗസ്ഥർക്ക് IT ഡിവിഷനുമായി സഹകരിച്ചുകൊണ്ട് നടത്തി വരുന്നു. സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽവച്ച് പരിശീലന പരിപാടികൾ നടത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ ജീവനക്കാർക്ക് ഓഫ് ലൈനിൽ നടത്താൻ കഴിയുന്നതുവരെ ഓൺലൈൻ പരിശീലന പരിപാടികൾ നടത്തുവാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ Liquidation-മായി ബന്ധപ്പെട്ട് പരിശീലന പിരപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. 2023-24 വർഷത്തിൽ ഏകദേശം 577 ൽ അധികം ഉദ്യോഗസ്ഥർക്ക് പരിശീലനം നടത്തിയിട്ടിട്ടുണ്ട്. സഹകരണ പരിശീലന കേന്ദ്രം കൂടുതൽ പ്രവർത്തന സജ്ജമാക്കുന്നതിനായി 2023 ജനുവരി മുതൽ ഡിസംബർ വരെ കുറഞ്ഞത് ഒരു മാസം ഒരു പ്രോഗ്രാം എന്ന രീതിയിൽ 45 പേർക്ക് പരിശീലനം നൽകുന്നതിനായി Training Programme on RTI (Right To Information Act), RTS (Right To Public Services Act), Training for important Plan Schemes and Project preparation, KSR Amendment Section 80, Training for Election, Training on Arbitration Execution Liquidation Court Proceedures, Preparation of SF Counter Affidavit, Preparation

of Special Reports and Administrative Report, Enquiry Inspection and Supervision, മലയാള ഭാഷാ പരിശീലനം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു വർഷത്തെ കലണ്ടർ തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരിശീലന പരിപാടികൾ ഷെഡ്യൂൾ ചെയ്യുകയും ചെയ്തു.

### <u>അച്ചടക്കനടപടികൾ</u>

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സേവനമനുഷ്ഠിക്കുന്ന 23 ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് എതിരെയും 22 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് എതിരെയും വിജിലൻസ് സെക്ഷനിൽ നിന്ന് അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്. 2023-24 വർഷം സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിച്ച 35 പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിന് സഹകരണ വിജിലൻസിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും സഹകരണ വിജിലൻസിൽ നിന്ന് 2023-24 വർഷം 37 അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളതുമാകുന്നു.

## <u>വകുപ്പുതല പരിപാടികൾ</u>

### <u>നിക്ഷേപ സമാഹരണ യജ്ഞം</u>

പൊതുജനങ്ങളുടെ ഇടയിൽ സമ്പാദ്യ ശീലം ഉയർത്തുക, അതിലൂടെ സഹകരണ വായ്പാ മേഖലയുടെ വിഭവ സ്രോതസ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് നിക്ഷേപ സമാഹരണ യജ്ഞം. 44-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ടാർജറ്റ് 9000 കോടി രൂപ ആയിരുന്നു. 2024 ജനുവരി 10 മുതൽ ഫെബ്രുവരി 12 വരെ നടന്ന നിക്ഷേപ സമാഹരണ യജ്ഞത്തിൽ 23263.73 കോടി രൂപ യുടെ പുതിയ നിക്ഷേപമാണ് ഉണ്ടായത്. ടി കാലയളവിൽ നിക്ഷേപത്തിലുണ്ടായ അറ്റ വർദ്ധനവ് 7467.8743 കോടി രൂപയാണ്.

### <u>സഹകരണ എക്സ്പോ -2023</u>

സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 2023 ഏപ്രിൽ 22 മുതൽ ഏപ്രിൽ 30 വരെയുള്ള 9 ദിവസങ്ങളിലായി എറണാകുളത്തുവച്ച് സഹകരണ എക്സ്പോ-2023 വളരെ വിപുലമായ രീതിയിൽ സംഘടിപ്പിച്ചു. സഹകരണ എക്സ്പോ- 2023 ൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ ഉള്ള ഉല്പാദക സഹകരണസംഘങ്ങൾ, അപെക്സ് സ്ഥാപനങ്ങൾ, സഹകരണ മേഖലയിലെ ബോർഡുകൾ, പ്രമുഖ ഹോസ്പിറ്റൽ സംഘങ്ങൾ, ഫങ്ഷണൽ രജിസ്ട്രാർമാരുടെ ഭരണ നിയന്ത്രണത്തിലുള്ള അപെക്സ് സ്ഥാപനങ്ങൾ, തെരഞ്ഞെടുത്ത സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ വിവിധ വിഭാഗങ്ങളുടെ 200 ഓളം സ്റ്റാളുകൾ സജ്ജമാക്കിയിരുന്നു.

### <u>സഹകരണ വാരാഘോഷം -2023</u>

ദേശീയ സഹകരണ യൂണിയന്റെ ആഹ്വാന പ്രകാരം സംസ്ഥാനത്ത് സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ 2023 നവംബർ 14 മുതൽ 20 വരെ അഖിലേന്ത്യാ സഹകരണ വാരാഘോഷം നടത്തി. കേരളത്തിൽ സംസ്ഥാനതല ഉദ്ഘാടനം നവംബർ 14 ന് കണ്ണൂർ

വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. സഹകരണ വാരാഘോഷവുമായി ബന്ധപ്പെട്ട് വിവിധങ്ങളായ പ്രവർത്തന പരിപാടികൾ കേരളമാകമാനം നടന്നു. സഹകരണ വാരാഘോഷത്തിന്റെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം നവംബർ 20-ന് കൊല്ലത്ത് വച്ച് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി നിർവ്വഹിച്ചു.

**<u>അന്തർ ദേശീയ സഹകരണ ദിനം -2023</u>**

അന്തർദേശീയ സഹകരണ ദിനം എല്ലാ വർഷവും ജൂലൈ ആദ്യ ശനിയാഴ്ച ആചരിച്ചു വരുന്നു. 2023-ലെ ജൂലൈ ആദ്യ ശനിയാഴ്ച 1-ാം തീയതി അന്തർദ്ദേശീയ സഹകരണ ദിനമായിരുന്നു. 'Co-operatives for sustainable development' (സുസ്ഥിര വികസനത്തിന് സഹകരണ സംഘങ്ങൾ) എന്നതായിരുന്നു 2023-ലെ സഹകരണ ദിന പ്രമേയം.

2023 സഹകരണ ദിനാഘോഷ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ജവഹർ സഹകരണ ഭവൻ ആഡിറ്റോറിയത്തിൽ സഹകരണ വകുപ്പ് മന്ത്രി ശ്രീ. വി. എൻ. വാസവൻ നിർവ്വഹിച്ചു. രാവിലെ 9.30 ന് സഹകരണ സംഘം രജിസ്ട്രാർ ശ്രീ.. ടി. വി. സുഭാഷ് ഐ. എ. എസ്. സഹകരണ പതാക ഉയർത്തിയതോടെ ആഘോഷ പരിപാടികൾക്ക് തുടക്കമായി. ഇതിനോട് അനുബന്ധിച്ച് സുസ്ഥിരവികസനത്തിന് സഹകരണ സംഘങ്ങൾ എന്ന വിഷയത്തിൽ എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. സഹകരണ ദിന പ്രഭാഷണം, സെമിനാർ, മികച്ച സഹകരണ സംഘങ്ങൾക്കുള്ള അവാർഡുകൾ, കോപ്പ് ഡേ പുരസ്കാരം, മികച്ച സഹകാരികൾക്കുള്ള റോബർട്ട് ഓവൻ പുരസ്കാരം, സഹകരണ വകുപ്പ് മന്ത്രിയുടെ പ്രത്യേക പുരസ്കാരം എന്നിവ നൽകി.

**<u>മലയാള ദിനാഘോഷം - ഭരണഭാഷാ വാരാഘോഷം -2023</u>**

2023 നവംബർ മാസത്തിലെ ആദ്യത്തെ പ്രവൃത്തി ദിവസം മലയാളദിനാഘോഷവും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരാഘോഷവുമായി സംസ്ഥാനത്ത് വിപുലമായ രീതിയിൽ ആഘോഷിച്ചിരുന്നു. കേരളപ്പിറവിയുടെ 67-ാം വാർഷികവേളയായ 2023 നവംബർ 1 ന് സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ഭരണഭാഷാ പ്രതിജ്ഞ ചൊല്ലുകയും, ബാനറുകൾ പ്രദർശിപ്പിക്കുകയും, ഭാഷാമാറ്റ പുരോഗതി കൈവരിക്കുന്നതിനായി നവംബർ 18-ാം തീയതി രാവിലെ 11 മണി മുതൽ വൈകുന്നേരം 4.30 വരെ സാഹിത്യ മത്സരങ്ങൾ സംഘടിപ്പിച്ചു. ടി കലാപരിപാടികളുടെ ഉദ്ഘാടനം, പ്രഭാഷണം, സാഹിത്യ മത്സര വിജയികൾക്കായുള്ള സമ്മാനദാനം ഉൾപ്പെടെയുള്ള പരിപാടികൾ പ്രൊഫ. മധുസൂദനൻനായർ നിർവ്വഹിച്ചു.

## <u>വിവരാവകാശം</u>

വിവരാവകാശ നിയമം സഹകരണ വകുപ്പിൽ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം) ആണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ. 156 പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും 156

അപ്പലേറ്റ് അതോറിറ്റിയും സഹകരണ വകുപ്പിലുണ്ട്. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും അപ്പലേറ്റ് അതോറിറ്റിയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ** | **അപ്പലേറ്റ് അതോറിറ്റി** |
|---|---|
| ഡെപ്യൂട്ടി രജിസ്ട്രാർ(അഡ്മിനിസ്ട്രേഷൻ)<br>സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,<br>ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ. ജംഗ്ഷൻ, തൈക്കാട് പി.ഒ.<br>തിരുവനന്തപുരം -14<br>ഓഫീസ് 0471 2331992 | അഡീഷണൽ രജിസ്ട്രാർ (ഐ.സി.ഡി.പി)<br>സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,<br>ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ. ജംഗ്ഷൻ, തൈക്കാട് പി.ഒ.<br>തിരുവനന്തപുരം -14<br>ഓഫീസ് നം. 0471 2330523 |

| **2023-24 സാമ്പത്തിക വർഷത്തിലെ വിവരങ്ങൾ** | |
|---|---|
| അപേക്ഷകളുടെ എണ്ണം | 4780 |
| തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം | 4187 |
| അപ്പീലുകളുടെ എണ്ണം | 278 |
| തീർപ്പാക്കിയ അപ്പീലുകൾ | 273 |
| അപേക്ഷകളിൽ നിന്നും ലഭ്യമായ ഫീസ്, മറ്റ് ചാർജ്ജുകൾ | 153195/- രൂപ |

## ചട്ടങ്ങളും നിയമങ്ങളും

## സഹകരണ നിയമ ഭേദഗതി

- സഹകരണ പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും ഉത്സവബത്ത അനുവദിച്ച് 17.08.2023 ലെ സ.ഉ. (സാധാ) നം. 490/2023/സഹ നമ്പർഉത്തരവ് പുറപ്പെടുവിച്ചു.
- സഹകരണ സംഘം രജിസ്ട്രാറുടെ 03.02.2024 ലെ ഇ. എം.(2) 9930/2022 നമ്പർ ഉത്തരവ് പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ സബ്ബ് സ്റ്റാഫ് കാറ്റഗറിയിൽ ഉൾപ്പെട്ട ജീവനക്കാരെ നിയമിക്കുന്നതിന് പരീക്ഷ നടത്തുന്നതിന് ഔട്ട്സൈഡ് ഏജൻസികളെ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.
- സർക്കാരിന്റെ 16.03.2024 ന്റെ സ. ഉ. (സാധ) നം. 154/2020/ സഹ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.
- സർക്കാരിന്റെ 19.08.2023 ലെ **G.O.(RT) NO.** 495/2023 സഹ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ബോണസ്സിന് അർഹതയില്ലാത്ത നിക്ഷേപ വായ്പാ പിരിവുകാരായ ജീവനക്കാർക്കും, അപ്രൈസർമാർക്കും, സെക്യൂരിറ്റി ജീവനക്കാർ ഉൾപ്പെടെയുള്ള എല്ലാ താൽക്കാലിക ജീവനക്കാർക്കും 2023 ലെ ഓണത്തോടനുബന്ധിച്ച് 5000/- രൂപ ഉത്സവബത്ത അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

# വകുപ്പിന്റെ 2023-24 വർഷത്തെ പ്രധാന നേട്ടങ്ങൾ

1. **കെയർ ഹോം**

2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽപ്പെട്ടവർക്ക് അഭയം നൽകുന്നതിനുവേണ്ടി കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ ആകെ കൂട്ടി യോജിപ്പിച്ചു കൊണ്ട് സംസ്ഥാന സഹകരണ വകുപ്പ് ആവിഷ്കരിച്ച ജനകീയ പദ്ധതിയാണ് കെയർ കേരള പദ്ധതി. 2024 മാർച്ച് 31 വരെ 2092 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. കെയർഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ കണ്ണാടി വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെയും കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ പുരോഗമിച്ചുവരുന്നു.

2. **അക്ഷരം മ്യൂസിയം**

സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടുകൂടി സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ കോട്ടയം ജില്ലയിലെ നാട്ടകത്ത് സ്ഥാപിക്കുന്ന അക്ഷരം-ഭാഷാ, സാഹിത്യ- സാംസ്കാരിക മ്യൂസിയത്തിന്റെ നിർമ്മാണപ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്. അന്തർദേശീയ നിലവാരത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന മ്യൂസിയം നാല് ഘട്ടങ്ങളിലായാണ് പൂർത്തിയാക്കുന്നത്. മൊഴിയിൽനിന്ന് വരയിലേയ്ക്ക് എന്ന ഒന്നാം ഗ്യാലറിയിലും വരയിൽനിന്ന് ലിപിയിലേയ്ക്ക് എന്ന രണ്ടാം ഗ്യാലറിയിലും എഴുത്തിൽനിന്ന് അച്ചടിയിലേയ്ക്ക് എന്ന മൂന്നാം ഗ്യാലറിയിലും അച്ചടിയും പ്രസാധനവും സഹകരണ സംഘത്തിലൂടെ എന്ന നാലാം ഗ്യാലറിയിലും പ്രദർശന വസ്തുക്കൾ പൂർണ്ണമായും വിന്യസിച്ചിട്ടുണ്ട്.

5500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും 11000 അടി വിസ്തീർണ്ണമുള്ള മ്യൂസിയം ബ്ലോക്കും ഇതിൽ ഉൾപ്പെടുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

3. **മുറ്റത്തെ മുല്ല - ലഘു ഗ്രാമീണ വായ്പ പദ്ധതി**

സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലി വേലക്കാർ ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'മുറ്റത്തെ മുല്ല' ഗ്രാമീണ ലഘു വായ്പാ പദ്ധതി. പദ്ധതി പ്രകാരം 1,000/- രൂപ മുതൽ 50,000/- രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. സംഘം കുടുംബശ്രീയ്ക്ക് 9 ശതമാനം പലിശയ്ക്കും

കുടുബശ്രീ വായ്പക്കാരന് 12 ശതമാനം പലിശയ്ക്കും വായ്പ നൽകുന്നു. 31.03.2024 വരെ ഈ പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾ മുഖേന 3874.89 കോടി രൂപ അംഗങ്ങൾക്കായി വായ്പയായി വിതരണം ചെയ്തിട്ടുണ്ട്

## 4. <u>ഇൻഡോർ ഫുട്ബോൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ</u>

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ ജില്ലകളിൽ ഓരോ ഇൻഡോർ ഫുട്ബോൾ/ ക്രിക്കറ്റ്/ ബാഡ്മിന്റൺ ടർഫുകൾ സജ്ജമാക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇൻഡോർ ഫുട്ബോൾ /ക്രിക്കറ്റ് /ബാഡ്മിന്റൺ ടർഫുകൾ സജ്ജമാക്കുന്നതിന് സന്നദ്ധമായ പ്രാഥമിക സഹകരണ സംഘത്തെ കണ്ടെത്തി ആയതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 6 ജില്ലകളിൽ നിന്നും 6 പ്രാഥമിക സഹകരണ ബാങ്കുകൾ താൽപ്പര്യം പ്രകടിപ്പിച്ച് ജില്ലകളിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിൽ വിതുര സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും കൊല്ലം ജില്ലയിൽ തേവലക്കര അഗ്രികൾച്ചർ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിന്റെ നേതൃത്വത്തിലും എറണാകുളം ജില്ലയിൽ പറവൂർ വടക്കേക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും പാലക്കാട് ജില്ലയിൽ പട്ടാമ്പി സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും മലപ്പുറം ജില്ലയിൽ കടന്നമണ്ണ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും കണ്ണൂർ ജില്ലയിൽ കതിരൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും കാസറഗോഡ് ജില്ലയിൽ മുട്ടത്തൊടി സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലും ഇൻഡോർ ഫുട്ബോൾ/ ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## 5. <u>നവകേരളീയം കുടിശ്ശിക നിവാരണം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി)</u>

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാതിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകൾ ആക്കി മാറ്റുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേരള സഹകരണ നിയമം വകുപ്പ് 66(A), 74(F) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി "നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" കാലാകാലങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം 187996 വായ്പക്കാർക്ക് 197810 വായ്പകളിലായി 489.17 കോടി രൂപ ഇളവ് അനുവദിച്ചു. 5791.28 കോടി രൂപയുടെ കുടിശ്ശിക വരവ് ലഭിച്ചു.

## 6. <u>അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് സ്കീം</u>

കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത

പദ്ധതിയായ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് സ്കീമിന് തുടക്കം കുറിച്ചു. കാർഷികോല്പാദനം, വിളവെടുപ്പിന് ശേഷമുള്ള അടിസ്ഥാന സൗകര്യ വികസനം, കമ്മ്യൂണിറ്റി ആസ്തി വികസനം, വിഭവ സമാഹരണം എന്നീ മേഖലകളുടെ ശക്തിപ്പെടുത്തലിനും വികസനത്തിനുമായി വിഭാവന ചെയ്ത പദ്ധതിയാണിത്. കാർഷികാടിസ്ഥാന സൗകര്യങ്ങൾ, ജൈവവള ഉല്പാദന വിതരണ ശൃംഖലകളുടെ അടിസ്ഥാന സൗകര്യം, സംഭരണ കേന്ദ്രങ്ങൾ, ഇ-മാർക്കറ്റിംഗ് സൗകര്യങ്ങൾ തുടങ്ങിയവയ്ക്കാണ് ഈ പദ്ധതിയിലൂടെ വായ്പ ലഭിക്കുന്നത്. പദ്ധതി പ്രകാരം, വ്യക്തികൾക്കും സഹകരണ സ്ഥാപനങ്ങൾക്കും കാർഷിക മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് 3% പലിശ സബ്സിഡിയോടെ പരമാവധി 9% പലിശയ്ക്ക് വരെ വായ്പ ലഭിക്കും. കേരളത്തിൽ, നബാർഡിന്റെ സഹായത്തോടെ, സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് 4% പലിശ നിരക്കിൽ ( PACS as MSC സ്കീമിൽ ഉൾപ്പെടുത്തി) വായ്പ ഉറപ്പുനൽകുന്നു.

അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് സ്കീം മുഖേന ഈ വായ്പകൾക്ക് 3% പലിശ സബ്സിഡിയോടെ 1% പലിശ നിരക്കിൽ 2 കോടി വരെ വായ്പകൾ സഹകരണ സംഘങ്ങൾക്ക് ലഭിക്കും. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് രണ്ട് കോടി വരെയുള്ള പ്രാഥമിക മൂല്യവർദ്ധിത സംരംഭ വായ്പകൾക്ക് (വ്യക്തികൾക്കും സഹകരണ സംഘങ്ങൾക്കും) നിർദ്ദേശങ്ങൾ സമർപ്പിക്കാം. കേന്ദ്രം പ്രഖ്യാപിച്ച ആകെ തുകയായ ഒരു ലക്ഷം കോടിയിൽ കേരളത്തിന്റെ വിഹിതം 2520 കോടിയാണ്.

പ്ലാൻ കാലയളവ് 2020-21 മുതൽ 2029-30 വരെ 10 വർഷമായിരിക്കും. ഈ വായ്പകളുടെ മൊറട്ടോറിയം 6 മാസം മുതൽ 2 വർഷം വരെയാണ്. പരമാവധി 7 വർഷം വരെയുള്ള തിരിച്ചടവിന് 3% പലിശ സബ്സിഡി ലഭ്യമാണ്. നിലവിൽ 625 പ്രോജക്ടുകളിലായി 1070.69 കോടി രൂപയുടെ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ PMU 535 പദ്ധതികൾ പരിശോധിച്ചു. ഇവയിൽ 80 പദ്ധതികൾക്ക് നബാർഡ് അംഗീകാരം നൽകി. 39 പദ്ധതികൾക്കായി 53.73 കോടി രൂപ കേരള സംസ്ഥാന സഹകരണ ബാങ്ക് വഴി വിതരണം ചെയ്തു.

7. **<u>പാപ്കോസ് (പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം. പി.1449)</u>**

പാലക്കാട് ജില്ലയിലെ നെൽകർഷകരുടെ പ്രതിസന്ധികൾ പരിഹരിക്കും വിധം നെല്ല് സംഭരിച്ച്, , സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ല പ്രവർത്തന പരിധിയായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1449 **(PAPCOS)** എന്ന പേരിൽ 29.01.2019 തീയതിയിൽ സംഘം രജിസ്റ്റർ ചെയ്യുകയും 06.02.2019 ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. നിലവിൽ 36 സംഘങ്ങൾ അംഗങ്ങളായുണ്ട്. ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനായി ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര 1 വില്ലേജിൽ

മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ ഭൂമി 7.03 കോടി രൂപയ്ക്ക് രജിസ്റ്റർ ചെയ്ത് വാങ്ങിയിട്ടുണ്ട്. പാപ്കോസിന്റെ പദ്ധതി പ്രദേശത്തുള്ള റോഡിന്റെ വീതി 2.4 കിലോമീറ്ററോളം ഭാഗത്ത് 5 മീറ്റർ മാത്രമാണുള്ളത്. നിയമാനുസൃതം ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിന് 8 മീറ്റർ വീതിയുള്ള റോഡ് ആവശ്യമുണ്ട്. ആയത് ലഭ്യമാക്കുന്നതിനായി 2013 ലെ **RFCT LA RR Act** പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് ഫോറം 2 ൽ ഉള്ള അപേക്ഷയും ഭൂമിയുടെ അലൈൻമെന്റ് സ്കെച്ചും സഹിതം റവന്യൂ (ബി) വകുപ്പിന്റെ ഭരണാനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അലൈൻമെന്റ് സ്കെച്ച് അനുസരിച്ച് 65.36 സെന്റ് ഭൂമി 19 പേരിൽ നിന്നായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സംഘത്തിന്റെ കീഴിൽ ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനായി നബാർഡിന്റെ ആർ. ഐ. ഡി. എഫ്. പദ്ധതി പ്രകാരം പദ്ധതി ചെലവിന്റെ 80% വരുന്ന തുകയായ 60 കോടി രൂപ വായ്പ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

8. **<u>കാപ്കോസ് (കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം. 4505)</u>**

പാലക്കാട് ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും കാർഷിക ഉൽപ്പന്നങ്ങൾ ജില്ലയ്ക്ക് അകത്തും പുറത്തും വിപണനം, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധസർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും, സംഘം പ്രവർത്തന പരിധിയിൽപ്പെട്ട മുഴുവൻ നെൽകൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ കോട്ടയം ആസ്ഥാനമായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം, നമ്പർ 4505, 27.08.2021 തീയതിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

- ✓ നിലവിൽ 6.33 കോടി രൂപ അംഗസംഘങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടിയിട്ടുണ്ട്.
- ✓ കോട്ടയം ജില്ലയിലെ 42 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നിലവിൽ അംഗങ്ങളാണ്.
- ✓ ആധുനിക രീതിയിലുള്ള റൈസ് മിൽ സ്ഥാപിക്കുന്നതിന് 9 ഏക്കർ 62 സെന്റ് സ്ഥലം വാങ്ങി.
- ✓ സംഘത്തിന് ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുമായി **MOU** ഒപ്പുവച്ചു.

- ✓ DPR തയ്യാറാക്കുന്നതിന് ഉൾപ്പെടെയുള്ള പ്രാഥമിക ചെലവുകൾക്കായി ഓഹരി മൂലധനമായി 20 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.
- ✓ പദ്ധതിയ്ക്കായി 80 കോടി രൂപയുടെ DPR തയ്യാറാക്കി.
- ✓ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റൈസ് മിൽ പദ്ധതിയ്ക്കായി 5 കോടി രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചു.
- ✓ മിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ കോണ്ടൂർ സർവ്വേ, ജല പരിശോധന **(water test)** , മണ്ണ് പരിശോധന **(soil test)** എന്നിവ പൂർത്തിയാക്കി.
- ✓ RIDF പദ്ധതി പ്രകാരം 64 കോടി രൂപ ധനസഹായം ലഭ്യമാക്കുന്നതിനായി സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചു.

9. **ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ വഴി സഹകരണ ഉല്പന്നങ്ങൾക്ക് മികച്ച വിപണി സൗകര്യം**

കേരളത്തിലെ സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഏകീകൃത ബ്രാന്റിംഗിന് കീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുന്നതിനായി സഹകരണ വകുപ്പ് രൂപം നൽകിയ ബ്രാന്റിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ഉല്പന്നങ്ങൾക്ക് ഓൺലൈൻ വിപണി ഒരുക്കുകയാണ്. കേരള സർക്കാരിന്റെ മൂന്നാം നൂറു ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഉല്പാദക സഹകരണ സംഘങ്ങളുടെ ഗുണമേന്മയുള്ള വിവിധ ഉല്പന്നങ്ങൾ Coopkerala എന്ന ഏകീകൃത ബ്രാന്റോടുകൂടി ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ രാജ്യത്തെ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ആമസോൺ ഇ-കോമേഴ്സ് പ്ലാറ്റ്ഫോം വഴി സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങൾ ഗുണനിലവാര പരിശോധന ടെസ്റ്റ് ഉൾപ്പെടെയുള്ള നിയമാനുസൃത മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള സമയക്രമം അനുസരിച്ച് ഓൺലൈനിലേയ്ക്ക് ഓൺബോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിൽ 92 ഉല്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിയിട്ടുണ്ട്.

## അപെക്സ്/ഫെഡറൽ/ബാങ്കുകൾ/ബോർഡുകൾ

### കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ ക്ലിപ്തം നമ്പർ 4328 (കൺസ്യൂമർഫെഡ്)

കേരളത്തിലെ കൺസ്യൂമർ സഹകരണ സംഘങ്ങളുടെ അപെക്സ് ഫെഡറേഷനായ കൺസ്യൂമർഫെഡ് 1965 ൽ തിരുവിതാംകൂർ- കൊച്ചിൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1951 പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

നിത്യോപയോഗ സാധനങ്ങൾ മൊത്തമായി വാങ്ങി, സംഭരിച്ച് വിൽപ്പനക്കായി അംഗ സംഘങ്ങൾക്ക് എത്തിച്ചുകൊടുക്കുക, ഗുണനിലവാരമുള്ള നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ സ്വന്തം വില്പന യൂണിറ്റുകളിലൂടെ ഉപഭോക്താക്കൾക്ക് വിതരണം നടത്തുക എന്നിവയാണ് കൺസ്യൂമർഫെഡിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഉത്സവകാലങ്ങളിൽ പൊതു വിപണിയിൽ ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി കൺസ്യൂമർഫെഡ് മുഖാന്തിരം പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി ഉത്സവകാല ചന്തകൾ നടത്തി വരുന്നുണ്ട്.

ത്രിവേണി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ, ഉത്സവകാല സബ്സിഡി വിപണനം, വിദേശമദ്യ വ്യാപാരം, നീതി മെഡിക്കൽ പദ്ധതി, നീതി ഗ്യാസ്, ബോട്ടിലിംഗ് പ്ലാന്റ്, ത്രിവേണി സ്റ്റേഷനറി സെന്ററുകൾ, നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ്, ത്രിവേണി ഫാർമസി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവയാണ് കൺസ്യൂമർ ഫെഡിന്റെ പ്രധാന സംരംഭങ്ങൾ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സംരംഭം | എണ്ണം |
|---|---|---|
| 1 | ത്രിവേണി മാർക്കറ്റ് | 169 |
| 2 | മൊബൈൽ ത്രിവേണി | 20 |
| 3 | ത്രിവേണി ഗോഡൗൺ | 34 |
| 4 | ഇ-ത്രിവേണി ബിസിനസ് സെന്റർ | 13 |
| 5 | നീതി മെഡിക്കൽ സംഭരണ ശാല | 12 |
| 6 | നീതി മെഡിക്കൽ സ്റ്റോർ | 73 |
| 7 | വിദേശമദ്യ ഷോപ്പ് | 44 |
| 8 | ബിയർ യൂണിറ്റ് | 3 |
| 9 | ലഘു ഭക്ഷണ ശാല | 1 |
| 10 | ത്രിവേണി ഫാർമസി ഇൻസ്റ്റിട്യൂട്ട് | 1 |
| 11 | നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റ് | 1 |
| 12 | LPG ബോട്ട് ലിംഗ് പ്ലാന്റ് | 1 |
| 13 | സുശ്രുത ഹൈടെക് ക്ലിനിക്കൽ ലാബ് | 1 |

2023–24 വർഷത്തെ ഓഹരി മൂലധനം 56.5972 കോടി രൂപയാണ്. ടി വർഷത്തെ ആകെ വില്പന 2887.30 കോടി രൂപ ആണ്. മൊത്തം വില്പനയിൽ മുൻവർഷത്തേക്കാൾ 198.68 കോടി രൂപയുടെ വർദ്ധനവ് ആണ് ഉണ്ടായിട്ടുള്ളത്. 2023–24 വർഷത്തെ വില്പന ടാർജറ്റ് 3268.40 കോടി രൂപ ആയിരുന്നു. ടാർജറ്റിന്റെ 88% കൈവരിക്കാൻ കഴിഞ്ഞു. 2023–24 സാമ്പത്തിക വർഷത്തെ താൽക്കാലിക വരവ് ചെലവ് കണക്കുപ്രകാരം സഞ്ചിത നഷ്ടം 451.36 കോടി രൂപയാണ്.

## <u>കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്)</u>

1942 ൽ കോഴിക്കോട് പ്രവർത്തനം ആരംഭിച്ച ഹോൾസെയിൽ കോ–ഓപ്പറേറ്റീവ് സ്റ്റോർ 1958 ൽ മലബാർ ഡിസ്ട്രിക്ട് കോ–ഓപ്പറേറ്റീവ് സ്റ്റോർ എന്ന പേരിൽ വിപുലപ്പെട്ടു. 1960 ആഗസ്റ്റ് 10–ാം തീയതി സംസ്ഥാനത്ത് മുഴുവൻ പ്രവർത്തന പരിധിയുള്ള എല്ലാ മാർക്കറ്റിംഗ് സംഘങ്ങളുടെയും അപ്പെക്സ് സ്ഥാപനമെന്ന നിലയ്ക്ക് കേരള സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്) പരിവർത്തനം ചെയ്യപ്പെട്ടു. കേരളത്തിലെ കാർഷിക സഹകരണ മേഖലയിലെ ശ്രദ്ധേയ സാന്നിധ്യമായ മാർക്കറ്റ്ഫെഡ് കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതോടൊപ്പം കാർഷിക അഭിവൃദ്ധിക്കാവശ്യമായ ഉല്പാദനോപാധികൾ മിതമായ വിലയ്ക്ക് അതാതിടങ്ങളിൽ എത്തിക്കുകയും ചെയ്യുന്നു. കർഷകരെ സദാ സഹായിക്കുന്നതിനും മദ്ധ്യവർത്തികളുടെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് ന്യായ വില നേടികൊടുക്കുന്നതിനും മാർക്കറ്റ്ഫെഡ് പ്രതിജ്ഞാബദ്ധമാണ്.

ആകെ 93 പ്രാഥമിക കാർഷിക വിപണന സംഘങ്ങളാണ് മാർക്കറ്റ്ഫെഡിനുള്ളത്. കൊച്ചി ഗാന്ധിനഗർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മാർക്കറ്റ്ഫെഡിന് ഡൽഹിയിലും, കേരളത്തിലെ എല്ലാ ജില്ലകളിലും സെയിൽസ് ആഫീസുകളുണ്ട്. കണ്ണൂരിലെ തളിപ്പറമ്പിൽ സ്വന്തമായി ഒരു വളം മിശ്രിത പ്ലാന്റും, ഗാന്ധിനഗർ, നെടുങ്കണ്ടം, തളിപ്പറമ്പ്, ഡൽഹി എന്നിവിടങ്ങളിലായി ഗോഡൗണുകളുമുണ്ട്. ചെയർമാൻ നേതൃത്വം നൽകുന്ന തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുടെ നിയന്ത്രണത്തിലുള്ള മാർക്കറ്റ്ഫെഡിന്റെ എക്സിക്യൂട്ടീവ് അധികാരങ്ങൾ മാനേജിംഗ് ഡയറക്ടർക്കാണ്.

സംസ്ഥാനത്തെ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടെ അപെക്സ് സംഘം ആയിട്ടാണ് കഴിഞ്ഞ 60 വർഷമായി മാർക്കറ്റ്ഫെഡ് പ്രവർത്തിക്കുന്നത്. കേരളത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയുടെ ഉന്നതി ലക്ഷ്യമിട്ടാണ് മാർക്കറ്റ്ഫെഡിന്റെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. കർഷകർക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളായ വിത്ത്, വളം, മറ്റ് കീടനാശിനികൾ എന്നിവ പ്രദാനം ചെയ്യുകയും കർഷകരിൽനിന്ന് കാർഷിക ഉത്പന്നങ്ങൾ സംഭരിച്ച് ആവശ്യമായ മൂല്യവർദ്ധിത പ്രവർത്തനങ്ങൾ നടത്തി വിപണനം ചെയ്യുക എന്നതാണ് മാർക്കറ്റ്ഫെഡ് ഏറ്റെടുത്തിരിക്കുന്ന ദൗത്യം. കാർഷിക ഉത്പന്നങ്ങളുടെ വില നിലവാരം ഉറപ്പുവരുത്തുന്നതിനായി വിപണിയിൽ ഇടപെട്ട് ഉത്പന്നങ്ങൾ സമാഹരിക്കുന്നതിനും മാർക്കറ്റ്ഫെഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കാർഷിക ഉത്പന്നങ്ങളുടെ വില ക്രമീകരിച്ച് കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനായി സർക്കാർ

ആവിഷ്കരിച്ചിരിക്കുന്ന കുത്തക സംഭരണത്തിന്റെ സംസ്ഥാനതല ഏജൻസിയും മാർക്കറ്റ്ഫെഡ് ആണ്.

2023-24 കാലയളവിൽ യൂറിയ, പൊട്ടാഷ്, നേർവളങ്ങൾ എന്നിവയുടെ വിപണനത്തിന് പുറമേ കൂട്ടുവള വിതരണം, കീടനാശിനി വിപണനം എന്നിവ കൂടി ഏറ്റെടുക്കുകയുണ്ടായി. വളം വിപണനത്തിലൂടെ 103 കോടി രൂപയുടെ വിറ്റുവരവ് ഫെഡറേഷനു ലഭിക്കുകയുണ്ടായി. കൂട്ടുവളങ്ങളുടെ വിപണനം കൂടുതൽ ലാഭകരവും കർഷകർക്ക് ഗുണകരവും എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തളിപ്പറമ്പിൽ പ്രവർത്തിച്ചുവരുന്ന മിക്സിംഗ് യൂണിറ്റിന്റെ ഉൽപ്പാദനശേഷി 2023-24 ൽ ഇരട്ടിയായി വർദ്ധിപ്പിച്ചു. മാർക്കറ്റഫെഡ് ഏറ്റെടുത്തിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ഭക്ഷ്യ എണ്ണകളുടെയും പലവ്യഞ്ജനങ്ങളുടെയും സുഗന്ധ വ്യഞ്ജനങ്ങളുടെയും വിപണനം. സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സംഘങ്ങളിൽ നിന്നും കേരജം ബ്രാന്റിൽ വെളിച്ചെണ്ണ ഉത്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു. 2023-24 കാലഘട്ടത്തിൽ ഭക്ഷ്യ എണ്ണകളുടെയും പലവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജനങ്ങളുടെയും വിപണനത്തിലൂടെ ഫെഡറേഷന് 16 കോടി രൂപയുടെ വിറ്റുവരവ് നേടാൻ കഴിഞ്ഞിട്ടുണ്ട്.

ഫെഡറേഷന്റെ 2023-24 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 2023-24 ലെ ആകെ അടച്ചുതീർത്ത ഓഹരി മൂലധനം 20.92 കോടി രൂപയാണ്. ടി കാലയളവിലെ പ്രവർത്തന ലാഭം 25.92 ലക്ഷം രൂപയാണെങ്കിലും ഫെഡറേഷൻ 283.55 ലക്ഷം രൂപയുടെ അറ്റനഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

## കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഫെഡറേഷൻ ലി.നം. 4469 (ടൂർഫെഡ്)

സഹകരണ മേഖലയിൽ ടൂറിസം വികസന ലക്ഷ്യത്തോടെ പ്രാഥമിക സഹകരണ ടൂറിസം സംഘങ്ങളുടെ ഫെഡറേഷനായി തിരുവനന്തപുരം ആസ്ഥാനമായി 24.11.2011 -ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് ടൂർഫെഡ്. നിലവിൽ ടൂർഫെഡ് അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. "യാത്ര" എന്ന ആശയം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേരളത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലും ടൂറിസം പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാത്തരം സഹായങ്ങളും നൽകുക എന്നതാണ് ടൂർഫെഡിന്റ പ്രധാന ലക്ഷ്യം. പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ വിവിധ തരത്തിലുള്ള ദേശീയ അന്തർദേശീയ ടൂർ പാക്കേജുകൾ ഏർപ്പെടുത്തുന്ന പ്രവർത്തനമാണ് ഇപ്പോൾ നടത്തിവരുന്നത്. നിയമാവലി പ്രകാരം പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളും, പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും ടൂറിസം പ്രവർത്തന മേഖലയായ സഹകരണ സംഘങ്ങളും ആണ് ഇതിലെ അംഗങ്ങൾ.

ഏറെ ജനശ്രദ്ധ ആകർഷിച്ച പാക്കേജായ 'വൺ ഡേ വണ്ടർ' താത്കാലികമായി നിർത്തിയിട്ടുള്ളതാകുന്നു. ആയത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൺറോ – ജഡായു പാക്കേജ്, ഗവി-വാഗമൺ പാക്കേജ്, ആതിരപ്പള്ളി പാക്കേജ്, LTC സ്പെഷ്യൽ പാക്കേജുകൾ എന്നിവ നടത്തിവരുന്നു. ഇതോടൊപ്പം ഇവെന്റ് മാനേജ്മെന്റ് മേഖലയിലും ശ്രദ്ധേയമായ സേവനം നൽകിവരുന്നു. ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിൽ വേളി ടൂറിസ്റ്റ് വില്ലേജിൽ പ്രവർത്തിക്കുന്ന മിനിയേച്ചർ റെയിൽവേയുടെ

നടത്തിപ്പം മേൽനോട്ടവും വിജയകരമായി നിർവ്വഹിച്ചു വരുന്നു. കേരള സർക്കാരിന്റെ മൂന്നാം നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം അഴീക്കലിൽ ആരംഭിച്ച 'ടൂർഫെഡ് ഹൈജീനിക് കഫേ' മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു. 2023-24 വർഷത്തെ ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ ആകെ വരുമാനം 91,44,656/- രൂപയാണ്. ടൂർഫെഡ് വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ 'ടൂർഫെഡ് ഹൈജീനിക് കഫേ' ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

**<u>കേരള സംസ്ഥാന വനിത സഹകരണ ഫെഡറേഷൻ ലി.നം. 4440 (വനിതാഫെഡ്)</u>**

20.12.2002 -ന് രജിസ്റ്റർ ചെയ്ത് 01.04.2003 -ൽ പ്രവർത്തനം ആരംഭിച്ച പ്രാഥമിക വനിതാ സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമാണ് കേരള വനിതാ സഹകരണ ഫെഡറേഷൻ ക്ലിപ്തം നമ്പർ 4440 (വനിതാഫെഡ്). സ്ത്രീ സമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിന് ഉതകുന്ന തരത്തിൽ അവർക്കുവേണ്ടി സംയോജിത വായ്പ/ സേവന പ്രവർത്തനങ്ങൾ അംഗ സംഘങ്ങൾ വഴി നടപ്പാക്കുക എന്നുള്ളതാണ് ഫെഡറേഷന്റെ പ്രഖ്യാപിത ലക്ഷ്യം. സംസ്ഥാനത്തെ പ്രാഥമിക വനിതാ സംഘങ്ങളാണ് വനിതാഫെഡിലെ എ ക്ലാസ് അംഗങ്ങൾ. നിലവിൽ വനിതാഫെഡിൽ 511 എ ക്ലാസ് അംഗങ്ങളുണ്ട്. എ ക്ലാസ് അംഗങ്ങളിൽ നിന്നും 16,31,000 രൂപ ഓഹരിയായി പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ബി ക്ലാസ് അംഗത്വം കേരള സർക്കാരിനും സർക്കാർ ഓഹരിയായി 37,67,000 രൂപയും നിലവിലുണ്ട്. ഫെഡറേഷനിലെ സി ക്ലാസ് അംഗങ്ങൾ വനിതാ സംഘങ്ങളൊഴികെയുള്ള മറ്റു സംഘങ്ങളാണ്. നിലവിൽ സി ക്ലാസ് ഓഹരിയായി 5,46,000 രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

വനിതാഫെഡിന് നാളിതുവരെ സർക്കാർ ഓഹരിയായി 37,67,000 രൂപയും , സബ്സിഡി തുകയായി 2,24,03,500 രൂപയും ലഭിച്ചിട്ടുണ്ട്. അംഗ സംഘങ്ങൾക്ക് നീതി ലാബ്, ബ്യൂട്ടി പാർലർ, ഗാർമെന്റ് മേക്കിംഗ് എന്നീ പദ്ധതികൾക്കായി 14,00,000 രൂപ വായ്പയായി നൽകാൻ സാധിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ഫെഡറേഷന്റെ വായ്പാ ബാക്കി നിൽപ്പ് 95,46,884 രൂപയാണ്.

വനിതാഫെഡിന്റെ ഉൽപ്പന്നങ്ങളായ കേരകാന്തി ഉരുക്കുവെളിച്ചെണ്ണയും കേരകാന്തി സോപ്പും വില്പന നടത്തിവരുന്നു. 2023-24 സാമ്പത്തിക വർഷം 45,000 രൂപയുടെ വാങ്ങലും 61,200 രൂപയുടെ വില്പനയും നടന്നിട്ടുണ്ട്. വനിതാ ഫെഡിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരത്ത് കൈതമുക്കിൽ ഒരു നീതി മെഡിക്കൽസ് പ്രവർത്തിച്ചുവരുന്നു.. നീതി മെഡിക്കൽസ് ഈ വർഷം 26,88,683 രൂപയ്ക്ക് മരുന്ന് വാങ്ങുകയും 30,11,022 രൂപയ്ക്ക് വിൽക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം ഫെഡറേഷൻ 1,03,56,804.41 രൂപ അറ്റ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

**<u>കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ ലി. നം. 4330 (ഹൗസ് ഫെഡ്)</u>**

പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ ഹൗസ് ഫെഡ് 1969 ലെ കേരളാ സഹകരണ നിയമപ്രകാരം 23.09.1970 ന് രജിസ്റ്റർ ചെയ്ത് 24.09.1970 മുതൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ 205 പ്രാഥമിക ഹൗസിംഗ് സഹകരണ

സംഘങ്ങളും സംസ്ഥാന സർക്കാരും ഫെഡറേഷനിൽ എ ക്ലാസ് അംഗങ്ങളാണ്. പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി ഫെഡറേഷൻ ടി സംഘങ്ങൾ മുഖേന വായ്പ നൽകിവരുന്നു. എൽ. ഐ. സി, നാഷണൽ ഹൗസിംഗ് ബാങ്ക്, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പകൾ എടുത്താണ് ഫെഡറേഷന്റെ വായ്പാ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സ്വരൂപിക്കുന്നത്. 2023-24 വർഷത്തിൽ നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 1,66,88,144 രൂപ പലിശയിളവ് നൽകിയിട്ടുണ്ട്. 100 കോടി രൂപയാണ് ഫെഡറേഷന്റെ അംഗീകൃത മൂലധനം. 2023-24 സാമ്പത്തിക വർഷത്തിൽ 967 വീടുകൾക്ക് 319.84 കോടി രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. ഫെഡറേഷൻ 2.69 കോടി രൂപയുടെ അറ്റലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

**കേരള സ്റ്റേറ്റ് സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ ലി. നം. 4420 (ഹോസ്പിറ്റൽഫെഡ്)**

സഹകരണ ആശുപത്രികളുടെ സംസ്ഥാനത്തെ അപെക്സ് സ്ഥാപനമായ കേരള സഹകരണ ആശുപത്രി ഫെഡറേഷൻ 27.02.1999 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. ആതുര സേവന രംഗത്ത് സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്ന സ്ഥാപനങ്ങളാണ് സഹകരണ ആശുപത്രികൾ. ആതുര ശുശ്രൂഷാ രംഗത്ത് മാത്രമല്ല മെഡിക്കൽ ലാബുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയും ഫെഡറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ ഫെഡറേഷൻ സംഘടിപ്പിച്ച് വരുന്നു. ഹോസ്പിറ്റൽ ഫെഡറേഷന്റെ കീഴിൽ തലശ്ശേരി നഴ്സിംഗ് കോളേജും കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിട്യൂട്ട് ഓഫ് ഹെൽത്ത് സയൻസും കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഒരു ഫാർമസി വിതരണ കമ്പനിയും നിലവിലുണ്ട്.. നഴ്സിംഗ് കോളേജിൽ ബി.എസ്.സി. നഴ്സിംഗ്, എം.എസ്.സി. നഴ്സിംഗ്, കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസിൽ ബി.എസ്.സി. ഫിസിയോതെറാപ്പി, ബി.എസ്.സി മെഡിക്കൽ ലാബ് ടെക്നോളജി, ബി.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി, ബി.എസ്.സി. മെഡിക്കൽ മൈക്രോ ബയോളജി, എം.എസ്.സി. ഫിസിയോതെറാപ്പി എന്നീ കോഴ്സുകൾ നടത്തിവരുന്നു. 800 വിദ്യാർത്ഥികൾ രണ്ട് കോളേജുകളിലുമായി പഠനം നടത്തിവരുന്നു. 32 ആശുപത്രിസംഘങ്ങൾ ഫെഡറേഷനിൽ അംഗങ്ങളായിട്ടുണ്ട്. ഫെഡറേഷന്റെ ആകെ അടച്ചുതീർത്ത ഓഹരി മൂലധനം 1.16 കോടി രൂപയാണ്. പ്രവർത്തന മൂലധനം 2.56 കോടി രൂപയാണ്. ഫെഡറേഷൻ 4.85 കോടി രൂപ അറ്റനഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

**കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലി. നം. 4491 (ലേബർഫെഡ്)**

പ്രാഥമിക ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനും നയപരമായി നടപ്പിലാക്കുന്നതിനും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി പ്രാഥമിക ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായി കേരള സഹകരണ നിയമം ചട്ടം 15(9)(2) പ്രകാരം രൂപീകൃതമായ അപെക്സ് ഫെഡറേഷനാണ് കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ (ലേബർഫെഡ്) ക്ലിപ്തം നം. 4491. 07.08.2014 ൽ രജിസ്റ്റർ ചെയ്ത് 18.08.2014 ൽ പ്രവർത്തനം ആരംഭിച്ചു. 188 എ ക്ലാസ് അംഗങ്ങളാണ് ഫെഡറേഷനിലുള്ളത്. കേരളത്തിലെ ഇൻഫ്രാസ്ട്രക്ചർ നിർമ്മാണ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തി വരുന്ന സഹകരണ സംഘങ്ങളാണ് പ്രാഥമിക ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ. ആധുനിക സാങ്കേതികവിദ്യയുടെ വ്യാപനം മൂലം തൊഴിൽ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി പുതിയ തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിനും കാലഘട്ടത്തിന്റെ അനിവാര്യതകളിൽ കൂടുതൽ കരുത്തോടെ മുന്നോട്ട് പോകുന്നതിന് തൊഴിലാളികളെ പ്രാപ്തരാക്കുന്നതിനും ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് കഴിയുന്നുണ്ട്. സംസ്ഥാനത്തെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മൂലം സ്വകാര്യ കരാറുകാരുടെ അമിത ചൂഷണം ഒരു പരിധി വരെ നിയന്ത്രിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ അവസരങ്ങൾ ഒരുക്കുന്നതിനും സഹായകരമാണ്.

ലേബർഫെഡിന്റെ കീഴിൽ എം. വി. ആർ ഇൻസ്റ്റിട്യൂട്ട് ഓഫ് സ്കിൽ ഡെവലപ്മെന്റൽ സ്റ്റഡീസ് ഇൻ കോ-ഓപ്പറേഷൻ എന്ന സ്ഥാപനം പ്രവർത്തിച്ചുവരികയാണ്. ഈ സ്ഥാപനത്തിൽ അംഗസംഘം ഡയറക്ടർമാർ, ജീവനക്കാർ, സംഘാംഗങ്ങളായ തൊഴിലാളികൾ തുടങ്ങിയവർക്ക് പരിശീലനം നൽകിവരുന്നു. സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ISCO എന്ന പേരിൽ ട്രെയിനിംഗ് ഇൻസ്റ്റിട്യൂട്ടും നടത്തി വരുന്നു.

കേരളത്തിലെ പ്രാഥമിക ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷയുടെ പ്രഖ്യാപനവും പോളിസി വിതരണവും 15.05.2024 ൽ ബഹു. സഹകരണ വകുപ്പ് മന്ത്രി നിർവ്വഹിച്ചു. ആദ്യഘട്ടത്തിൽ 1000 തൊഴിലാളികൾക്ക് 116.4 കോടി രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഒരു തൊഴിലാളിക്കുള്ള വാർഷിക പ്രീമിയം പകുതി ഫെഡറേഷനും പകുതി അംഗസംഘങ്ങളുമാണ് വഹിക്കുന്നത്. ഒരു തൊഴിലാളി അപകടം പറ്റി ചികിത്സയിലായാൽ 2 ലക്ഷം രൂപവരെ ചികിത്സാധനസഹായവും മരണപ്പെട്ടാൽ 10 ലക്ഷം രൂപ ധനസഹായവും അപകടം പറ്റി ജോലിയ്ക്ക് പോകാതിരുന്നാൽ 2000 രൂപ വീതം പരമാവധി 100 ആഴ്ച വരെ ലഭ്യമാകുന്ന രീതിയിലാണ് പദ്ധതി.

ഫെഡറേഷന്റെ കീഴിൽ ഒരു ലേബർ ബാങ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലേബർഫെഡിന്റെ നേതൃത്വത്തിൽ മെറ്റീരിയൽ ബാങ്ക് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

## കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ലി. നം. 4351 (എസ്.സി.റ്റി. ഫെഡറേഷൻ)

1981 ൽ രൂപീകൃതമായ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ക്ലിപ്തം നമ്പർ 4351 തിരുവനന്തപുരം പേരൂർക്കട ആസ്ഥാനമായി പ്രവർത്തിക്കുന്നു. ഫെഡറേഷന് തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിൽ ബ്രാഞ്ച് ഓഫീസുകളുണ്ട്. ഫെഡറേഷന്റെ ആസ്ഥാന മന്ദിരത്തോടു ചേർന്ന് ഒരു ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പും,പി.കെ.റോസി വർക്കിംഗ് വിമെൻസ് ഹോസ്റ്റലും ആയുർധാര പഞ്ചകർമ്മ ചികിത്സാ സെന്ററും വനവിഭവ ശേഖരണ വിഭാഗവും പുതുതായി ആരംഭിച്ചിട്ടുള്ള വന വിഭവ ഉല്പന്ന ഡിവിഷൻ-വനമാലിക ബൂത്ത് ഔട്ട് ലെറ്റ്, അമ്പലവയൽ വനമാലിക ട്രൈബൽ ട്രേഡ് ടൂറിസം & റിസോഴ്സ് സെന്റർ, ഏജൻസി ഡിവിഷൻ, ആയുർധാരാ ആയുർവേദശാല (ആശ-വയനാട് കൽപ്പറ്റയിൽ), വനമാലിക ഗോത്രവർഗ്ഗ വ്യാപാര വിനോദ സഞ്ചാര സേവന കേന്ദ്രം (വയനാട് അമ്പലവയൽ) എന്നിവയുമുണ്ട്. ഇതിനുപുറമെ തൃശ്ശൂർ ബ്രാഞ്ചിന്റെ കീഴിൽ അഞ്ചേരിയിൽ ആയുർധാര ഫാർമസ്യൂട്ടിക്കൽസ് എന്ന ആയുർവേദ ഔഷധ നിർമ്മാണ ശാലയും ആയുർധാര പഞ്ചകർമ്മ ചികിത്സാ സെന്ററും പ്രവർത്തിക്കുന്നു.

31.03.2024 വരെ ആകെ 564 പട്ടികജാതി സംഘങ്ങളും 103 പട്ടികവർഗ്ഗ സംഘങ്ങളും 33 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും സർക്കാരും ഉൾപ്പെടെ ആകെ 701 സംഘങ്ങൾ ഫെഡറേഷനിൽ അംഗങ്ങളായിട്ടുണ്ട്. അംഗസംഘങ്ങൾക്ക് ഓഹരി നിരക്ക് 100 ആയിരുന്നത് 1000/- രൂപയായി ഉയർത്തിയിട്ടുണ്ട്. ഫെഡറേഷന്റെ അംഗീകൃത മൂലധനം 25 കോടി രൂപയാണ്. ഫെഡറേഷനിൽ ആകെ 71 ജീവനക്കാർ ഉണ്ട്. ഇതിൽ 19 സ്ഥിരം ജീവനക്കാരും 52 താൽക്കാലിക കരാർ ജീവനക്കാരും ഉൾപ്പെടുന്നു. 2023-24 വർഷത്തിൽ 247.70 ലക്ഷം രൂപയുടെ വനവിഭവ ശേഖരണവും 244.37 ലക്ഷം രൂപയുടെ വിപണനവും നടന്നു. ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ 2023-24 സാമ്പത്തിക വർഷത്തിൽ 344.76 ലക്ഷം രൂപയുടെ വില്പന നടന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ (എ) കാറ്റഗറി വിഭാഗത്തിലുള്ളതും 'ധ്രുവ്' പ്രത്യേക പദവിയുള്ളതുമായ ഫെഡറേഷൻ പെട്രോൾ പമ്പിന്റെ പ്രവർത്തനം നിലവിൽ ലാഭത്തിലാണ്. 2023-24 വർഷത്തിൽ 1332.87 ലക്ഷം രൂപയുടെ വില്പനയും 1.50 ലക്ഷം രൂപയുടെ ലാഭവും ഉണ്ടായി.

## കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർമാർക്ക്)

കേരളത്തിലെ പ്രാഥമിക റബ്ബർ വിപണന സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമാണ് കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർമാർക്ക്). കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി എറണാകുളം ജില്ലയിലെ കണയന്നൂർ ആസ്ഥാനമാക്കി 16.03.1971 ൽ രജിസ്റ്റർ ചെയ്ത് 30.04.1971 ൽ പ്രവർത്തനം ആരംഭിച്ച റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനിൽ 39 അംഗങ്ങളാണുള്ളത്. എല്ലാ ഗ്രേഡിലുമുള്ള റബ്ബറിന്റെ സംഭരണവും വിൽപ്പനയും, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുക, ഐ.എസ്.എൻ.ആർ ഗ്രേഡ് റബ്ബറിന്റെ

നിർമ്മാണം, റബ്ബർ കൃഷിയ്ക്ക് ആവശ്യമായ വളങ്ങൾ, കാർഷിക സഹായ വസ്തുക്കൾ എന്നിവയുടെ നിർമ്മാണം, ക്രയവിക്രയം മുതലായവ ഫെഡറേഷന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ജൈവ വളങ്ങളുടെ നിർമ്മാണത്തിലും ശ്രദ്ധേയമായ കാൽവെയ്പ്പ് നടത്തുവാൻ ഫെഡറേഷന് കഴിഞ്ഞിട്ടുണ്ട്.

2024 മാർച്ച് മാസത്തിലെ സർക്കാർ ഓഹരി മൂലധനം 44.316 കോടി രൂപയും അടച്ചുതീർത്ത ഓഹരി മൂലധനം 46.94 കോടി രൂപയുമാണ്. 2023-24 സാമ്പത്തിക വർഷത്തിൽ ഫെഡറേഷൻ 29237 ലക്ഷം രൂപ അറ്റ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

## കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്)

2019 നവംബർ 29 ന് രൂപീകൃതമായ കേരള ബാങ്ക് ഇന്ന് സഹകരണ മേഖലയിൽ ഏഷ്യയിലെ ഒന്നാമത്തെ ബാങ്ക് എന്ന നിലയിലേയ്ക്ക് വളർന്നുകഴിഞ്ഞു. അന്തർദേശീയ സഹകരണ സഖ്യവും (ICA) യൂറോപ്യൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് പ്രസിദ്ധപ്പെടുത്തിയ വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്റർ പ്രകാരം സഹകരണ ധനകാര്യ സേവന മേഖലയിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് കേരള ബാങ്കിനെ ഏഷ്യയിലെ ഒന്നാമത്തെ ബാങ്കായി തിരഞ്ഞെടുത്തത്. ലോകത്തെ ഏറ്റവും വലിയ സഹകരണ ബാങ്കുകളുടെ പട്ടികയിൽ ഏഴാം സ്ഥാനവും കേരള ബാങ്ക് നേടി. ലോക സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ കേരളത്തിന് ഇടംപിടിക്കാൻ കേരള ബാങ്കിന്റെ ഈ നേട്ടത്തിലൂടെ അവസരം ലഭിച്ചിരിക്കുകയാണ്. സാധാരണക്കാരുടെ ബാങ്കായ കേരള ബാങ്കിൽ സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് മിനിമം ബാലൻസ് പരിധിയോ ചാർജ്ജുകളോ ഈടാക്കുന്നില്ല.

## 2023-24 വർഷത്തെ പ്രധാന നേട്ടങ്ങൾ

കേരള ബാങ്ക് ആരംഭിച്ചതിനുശേഷമുള്ള ഏറ്റവും മികച്ച പ്രവർത്തനനേട്ടമാണ് 2023-24 സാമ്പത്തികവർഷം ബാങ്കിന് നേടാനായത്. 209 കോടി രൂപയാണ് ബാങ്കിന്റെ ഈ കാലയളവിലെ അറ്റലാഭം. കേരളാ ബാങ്കിന്റെ രൂപീകരണ വേളയിൽ 101194.24 കോടി രൂപ ബിസിനസ് ഉണ്ടായിരുന്നതിൽ നിന്ന് 15,387 കോടി രൂപ വർദ്ധിച്ച് 116582.24 കോടി രൂപയിലാണ് ഈ സാമ്പത്തിക വർഷം ബിസിനസ് അവസാനിച്ചത്. സഹകരണ മേഖല നേരിടുന്ന വിവിധങ്ങളായ വെല്ലുവിളികളെ അതിജീവിച്ച് നേടിയ ഈ വളർച്ച ആശ്വാസകരവും അഭിമാനകരവുമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഉണ്ടായിരുന്ന ആകെ നിക്ഷേപമായ 74152.32 കോടി രൂപയിൽനിന്നും 6173.51 കോടി രൂപ കുറഞ്ഞ് 67978.81 കോടി രൂപയിലാണ് നടപ്പ് സാമ്പത്തിക വർഷം കണക്ക് അവസാനിച്ചത്. എന്നാൽ ആകെ വായ്പയിൽ 1551.36 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2022-23 കാലയളവിൽ 47052.07 കോടി രൂപയായിരുന്ന വായ്പ ബാക്കിനിൽപ്പ് 2023-24 വർഷം കണക്കവസാനിച്ചപ്പോൾ 48603.43 കോടി രൂപയായി ഉയർന്നു.

ബാങ്കിന്റെ ആകെ നിക്ഷേപമായ 67978.81 കോടി രൂപയിൽ 47971.02 കോടി രൂപയും സഹകരണ സംഘങ്ങളുടെ നിക്ഷേപമാണ്. ഇത് ആകെ നിക്ഷേപത്തിന്റെ 70.57 % ആണ്. കൂടാതെ ആകെ നിക്ഷേപത്തിൽ സ്ഥിര നിക്ഷേപം 59668.15 കോടി രൂപയാണ്. ഇത് ആകെ നിക്ഷേപത്തിന്റെ 87.77 ശതമാനമാണ്. 2023-24 സാമ്പത്തിക

വർഷം പുതിയതായി 19601 കോടി രൂപയുടെ വായ്പ അനുവദിച്ചു. 2022-23 സാമ്പത്തിക വർഷം 47052.43 കോടി രൂപയുടെവായ്പ ബാക്കിനിൽപ്പിൽ നിന്നും 1551.35 കോടി രൂപ വർദ്ധനവ് വരുത്തി 48603.43 കോടി രൂപയിലാണ് നടപ്പ് സാമ്പത്തിക വർഷം അവസാനിച്ചത്.

- നാടിന്റെ വികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യം മുൻനിർത്തി പ്രാഥമിക കാർഷിക സംഘങ്ങളെ വിവിധോദ്ദേശ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നബാർഡ് ധനസഹായത്തോടെ ബാങ്ക് നടപ്പാക്കിയ **PACS as MSC** പദ്ധതിയിലൂടെ 436.83 കോടി രൂപയുടെ വായ്പ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് അനുവദിച്ചു.
- **PACS as MSC** പദ്ധതിയുടെ ധനസഹായത്തോടെ വിവിധ ജില്ലകളിലായി വ്യത്യസ്ത കാർഷിക, കാർഷിക അനുബന്ധ സംരംഭങ്ങൾ സംഘങ്ങൾ തുടങ്ങിയിട്ടുണ്ട്. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക് ചർ ഫണ്ട് പദ്ധതി ഉപയോഗിച്ച് 164 സംഘങ്ങൾക്ക് 203 പ്രോജക്റ്റുകൾക്കായി 436 കോടി രൂപ അനുവദിച്ചു.
- പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് **(PACS)** 10335 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചത്. സാധാരണക്കാരായ കർഷകർക്കും സംരംഭകർക്കും കൃഷിക്കും വിവിധ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് സംഘങ്ങൾ ഈ തുക പ്രധാനമായും വിനിയോഗിച്ചത്.
- കാർഷിക മേഖല പോലെ തന്നെ സമൂഹത്തിൽ സാധാരണക്കാരുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിൽ സുപ്രധാന സ്ഥാനമുള്ള സൂക്ഷ്മ ചെറുകിട മേഖലയിൽ സംരംഭകർക്കായി (**MSME**) 2343.02 കോടി രൂപയുടെ വായ്പയാണ് നൽകിയത്.
- 2023-24 സാമ്പത്തിക വർഷത്തിൽ സംഘങ്ങളുടെ നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശയിൽ 1% വരെ വർദ്ധനവ് ഉണ്ടായി. ഇതര ബാങ്കുകളിലേയും ദേശസാത്കൃത ബാങ്കുകളിലേയും നിക്ഷപ നിരക്കിനേക്കാൾ കൂടുതൽ നിരക്കിലാണ് ബാങ്ക് സംഘങ്ങൾക്ക് പലിശ നൽകുന്നത്.

## മൂലധനവും അംഗങ്ങളും

ബാങ്കിന്റെ അംഗീകൃത മൂലധനം 8,000 കോടി രൂപയാണ്. **A, B, C, D** എന്നിങ്ങനെ 4 വിഭാഗം ഓഹരി ഉടമസ്ഥരാണ് കേരള ബാങ്കിന്റ അംഗങ്ങൾ.

| | |
|---|---|
| പ്രാഥമിക സഹകരണ സംഘങ്ങളും **(PACS)** അർബൻ ബാങ്കുകളും | **A class** ഓഹരി |
| ഗവൺമെന്റ് | **B class** ഓഹരി |
| മറ്റ് സഹകരണ സ്ഥാപനങ്ങൾ | **C Class** ഓഹരി |
| വ്യക്തികൾ | **D class** ഓഹരി |

31.03.2023 ൽ അടച്ചുതീർത്ത ആകെ മൂലധനം 2159.30 കോടി ആയിരുന്നു. 31.03.2024 ൽ അത് 2150.43 കോടി രൂപയായി. നിലവിൽ കേരള ബാങ്കിൽ 1688 **'A'** ക്ലാസ് അംഗങ്ങളും 9980 **'C'** ക്ലാസ് അംഗങ്ങളും ആണുള്ളത്. 2023-24 സാമ്പത്തിക വർഷത്തിൽ

പുതിയതായി 'C' ക്ലാസ്സിൽ 44 സംഘങ്ങൾ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഓഹരി സംബന്ധമായ വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**(Amount in crores)**

| Sl. No. | Particulars | 31.03.2023 | 31.03.2024 |
|---|---|---|---|
| 1 | PACS & Urban (A Class) | 1,005.65 | 990.89 |
| 2 | Government (B Class) | 906.22 | 906.41 |
| 3 | Non-Credit Society | 148.73 | 160.49 |
| 4 | Individual | 98.70 | 92.64 |
| | **Total** | **2159.30** | **2150.43** |

## 2023–24 വർഷത്തെ നിക്ഷേപ ബാക്കിനിൽപ്പ്

2022–23 സാമ്പത്തിക വർഷത്തിൽ ആകെ നിക്ഷേപ ബാക്കിനിൽപ്പ് 74152.32 കോടി രൂപ ആയിരുന്നെങ്കിൽ 2023–24 സാമ്പത്തിക വർഷത്തിൽ അത് 67978.87 കോടി രൂപയായി കുറഞ്ഞു. അതിൽ 47971.02 കോടി രൂപ സഹകരണ സ്ഥാപനങ്ങളുടേതാണ്. ഇത് ആകെ നിക്ഷപത്തിന്റെ 70.57 % ആണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**(Amount in crores)**

| Sl. No. | Nature of Deposit | 31.03.2023 | 31.03.2024 |
|---|---|---|---|
| 1 | Fixed/Term Deposit | 63986.09 | 59668.15 |
| 2 | Savings Bank | 8622.08 | 7135.95 |
| 3 | Current Deposit | 1544.15 | 1174.71 |
| | **Total Deposit** | **74152.32** | **67978.81** |

## 2023–24 വർഷം ആരംഭിച്ച വായ്പാ പദ്ധതികൾ

- ✓ KB കാർ ലോൺ– ക്രഡിറ്റ് സ്കോർ അടിസ്ഥാനത്തിൽ പലിശ ഇളവ് അനുവദിക്കുന്നു
- ✓ വനിതകൾക്ക് പ്രത്യേക പലിശ ഇളവ് അനുവദിക്കുന്നുണ്ട്.
- ✓ KB വ്യാപാർ മിത്ര– സംരംഭകർക്ക് 20 ലക്ഷം രൂപ വരെ വായ്പ.
- ✓ ചെമ്മീൻ കർഷകർക്കായുള്ള വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ– 1 ഹെക്ടറിന് 10.50 ലക്ഷം രൂപ
- ✓ മത്സ്യ വില്പനയ്ക്കുള്ള വാഹനങ്ങൾക്ക് വായ്പ.
- ✓ കൂട് മത്സ്യ വായ്പ (കരിമീൻ, കാളാഞ്ചി കൃഷി)– 10 ലക്ഷം രൂപ.

## ഡിജിറ്റൽ സേവനങ്ങൾ കേരള ബാങ്കിലൂടെ

ബാങ്കിന്റെ ഡിജിറ്റൽ സേവനങ്ങൾ ഇടപാടുകാരിലേയ്ക്ക് എത്തിക്കുന്നതിനായി വ്യക്തിഗത ഡിജിറ്റൽ ബാങ്കിംഗ് ആപ്ലിക്കേഷനായ **KB Prime**, പ്രാഥമിക സഹകരണ ബാങ്കുകൾക്കും സ്ഥാപനങ്ങൾക്കുമുള്ള **KB Prime Plus** എന്നീ മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷനുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. മൊബൈൽ ബാങ്കിംഗ് സംവിധാനം ഉപയോഗിച്ച് **IMPS, NEFT, RTGS** എന്നീ സംവിധാനങ്ങളിലൂടെ ഇടപാടുകൾ നടത്തുവാൻ

സാധിക്കുന്നതാണ്. കൂടാതെ **UPI** സംവിധാനത്തിലൂടെ **Google Pay, Paytm** ഇടപാടുകൾ നടത്തുന്നതിനുള്ള സംവിധാനവും പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതാണ്. ഇടപാടുകാർക്ക് **BBPS** സംവിധാനത്തിലൂടെ ബില്ലുകൾ അടയ്ക്കുന്നതിനുള്ള സംവിധാനവും മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- ✓ 2023 ഏപ്രിൽ മാസത്തിൽ പ്രവർത്തനക്ഷമമാക്കാൻ സാധിച്ച ബാങ്കിന്റെ ഡിജിറ്റൽ സേവനങ്ങൾ 2,15,000 ൽ അധികം ഇടപാടുകാർ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. കൂടാതെ **KB Prime Plus** മൊബൈൽ ആപ്ലിക്കേഷൻ 3914 ഓളം വിവിധ സംഘങ്ങളിലും സ്ഥാപനങ്ങളിലും ഉപയോഗിച്ചുവരുന്നു.
- ✓ **UPI** സേവനം ലഭ്യമാക്കിയതിലൂടെ ഡിജിറ്റൽ ഇടപാടുകളിൽ വലിയ തോതിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മേൽ നടപ്പിലാക്കിയതുമുതൽ ഇതുവരെ രണ്ട് കോടി ഇരുപത്തിമൂന്ന് ലക്ഷത്തോളം ഇടപാടുകളിലായി 4,000 കോടി രൂപയുടെ പണമിടപാടുകളാണ് ബാങ്കിൽ നടന്നിട്ടുള്ളത്.
- ✓ **PM KISAN** പദ്ധതിയിലൂടെ 20,59,62,000 രൂപ ഇടപാടുകാരിലേയ്ക്ക് എത്തിക്കുന്നതിന് ബാങ്കിന് സാധിച്ചിട്ടുണ്ട്. ഇവ കൂടാതെ **ACH (Automated Clearing House), MMS (Mandate Management System)** എന്നിവ വിജയകരമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.
- ✓ **IMPS** സേവനം ഉപയോഗിച്ച് ഈ സാമ്പത്തിക വർഷത്തിൽ 7,25,141 ട്രാൻസാക്ഷനുകളിലായി 1282 കോടി രൂപയുടെ ഇടപാടുകൾ ഇതിനോടകം നടന്നുകഴിഞ്ഞിട്ടുണ്ട്.
- ✓ **Bharat Bill Payment Service** ഉപയോഗിച്ച് 3.78 കോടി രൂപയുടെ ബിൽ പേയ്മെന്റുകൾ ഈ സാമ്പത്തിക വർഷത്തിൽ ഇടപാടുകാർക്ക് നൽകുന്നതിന് സാധിച്ചിട്ടുണ്ട്.
- ✓ **PMSBY, PMJJBY** സേവനങ്ങളിലൂടെ 4,30,436 ഇടപാടുകാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്താൻ സാധിച്ചിട്ടുണ്ട്. (2.62 കോടി രൂപയുടെ ഇൻഷ്വറൻസ് ഇടപാടുകൾ നടത്തുന്നതിന് സാധ്യമാക്കി)
- ✓ ഇടപാടുകാർക്ക് **Personalised Cheque Book** നൽകുന്നതിനുള്ള സംവിധാനവും പൂർത്തീകരിച്ചിട്ടുണ്ട്.
- ✓ **Missed Call Service** ലൂടെ അക്കൗണ്ട് ബാലൻസ്, അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, **Automated Clearing House, Direct Benefit Transfer, Public Financial Management System** എന്നീ സംവിധാനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.
- ✓ ബാങ്കിന്റെ **PMU, Data Centre, Disaster Recovery, NDR, Head Office, RO, CPC, Branches** എന്നിവയെ കണക്ട് ചെയ്യുന്ന ഏറ്റവും പുതിയ **Dual Network** സംവിധാനം നടപ്പിലാക്കുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു.
- ✓ ഇടപാടുകാർക്ക് കൂടുതൽ സൗകര്യം ലഭ്യമാക്കുന്നതിനായി 500 **ATM** മെഷീനുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു.

- ✓ ഇടപാടുകാർക്ക് 25 ലക്ഷം ഡെബിറ്റ് കാർഡുകൾ വിതരണം നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

**<u>വരവ്, ചെലവ്, ലാഭം</u>**

2022-23 സാമ്പത്തിക വർഷത്തിൽ കേരള ബാങ്കിന്റെ പലിശ വരുമാനം 6972.44 കോടി രൂപ ആയിരുന്നത് 2023-24 സാമ്പത്തിക വർഷത്തിൽ 5.93% വളർച്ച നേടി 7386.05 കോടി രൂപയായി. 2022-23 സാമ്പത്തിക വർഷത്തെ ആകെ വരുമാനം 7246.19 കോടി രൂപയായിരുന്നത് 2023-24 സാമ്പത്തിക വർഷം 556.47 കോടി രൂപ വർദ്ധിച്ച് 7802.66 രൂപയായി.

2022-23 സാമ്പത്തിക വർഷത്തിൽ പലിശ ഇനത്തിൽ ബാങ്കിന് ഉണ്ടായ ചെലവ് 5371.02 കോടി രൂപയായിരുന്നത് 499.40 കോടി രൂപ വർദ്ധിച്ച് 2023-24 വർഷത്തിൽ 5870.42 കോടി രൂപയായി. 2022-23 സാമ്പത്തിക വർഷത്തിൽ ആകെ ചെലവ് 7246.20 കോടി രൂപ ആയിരുന്നു. അത് 2023-24 വർഷത്തിൽ 556.46 കോടി വർദ്ധിച്ച് 7802.66 രൂപയായി.

29.11.2019 ൽ 13 ജില്ലാ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കുമായി ലയിച്ച സമയത്ത് ബാങ്ക് 1151 കോടി രൂപയുടെ നഷ്ടത്തിൽ ആയിരുന്നു. തുടർന്ന് വന്ന സാമ്പത്തിക വർഷങ്ങളിൽ ബാങ്കിന്റെ അറ്റ ലാഭം 2020-21 ൽ 61.99 കോടി രൂപയും, 2021-22 ൽ 77.24 കോടി രൂപയും 2022-23 ൽ 20.05 കോടി രൂപയും ആയിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ബാങ്കിന്റെ ലാഭം 209.13 കോടി രൂപയാണ്.

**<u>റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് (റെയ്ഡ്കോ)</u>**

റെയ്ഡ്കോ എന്ന പേരിൽ അറിയപ്പെടുന്ന ഈ സഹകരണ സംഘം 1972 -ൽ ഒരു ജില്ലാതല സഹകരണ സംഘമായാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്. ആരംഭത്തിൽ ഇതിന്റെ പ്രവർത്തന മേഖല കണ്ണൂർ ജില്ല മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. പിന്നീട് മറ്റ് 6 ജില്ലകളിലേക്കും തുടർന്ന് സംസ്ഥാനമാകെയും പ്രവർത്തന മേഖല വ്യാപിക്കുകയും അങ്ങനെ റെയ്ഡ്കോ ഒരു ഫെഡറൽ സഹകരണ സംഘമായി മാറുകയും ചെയ്തു.

ഗുണമേന്മ ഉറപ്പുവരുത്തിക്കൊണ്ട് താങ്ങാവുന്ന ചെലവിൽ കാർഷിക വൃത്തിക്കാവശ്യമായ യന്ത്രസാമഗ്രികളും ഉപകരണങ്ങളും നിർമ്മിക്കുകയും അവ ലഭ്യമാക്കുന്നതിന് കർഷകരെ സഹായിക്കുകയും ചെയ്യുക എന്നതാണ് റെയ്ഡ്കോയുടെ പ്രധാന ഉദ്ദേശം. സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലുമായി 26 ബ്രാഞ്ചുകളും 5 ഉല്പാദക യൂണിറ്റുകളും പ്രവർത്തിക്കുന്നു.

ഫെഡറേഷന്റെ 2023-24 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. റെയ്ഡ്കോയുടെ അംഗീകൃത മൂലധനം 100 കോടി രൂപയാണ്. 547 എ ക്ലാസ് അംഗങ്ങളാണ് ഫെഡറേഷനിൽ ഉള്ളത്. 2023-24 വർഷത്തെ പ്രവർത്തന നഷ്ടം 13.55 ലക്ഷം രൂപയും അറ്റ നഷ്ടം 120.77 ലക്ഷം രൂപയുമാണ്.

## കേരളാ സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (റബ്കോ)

1997 ജൂൺ 9 -ന് രജിസ്റ്റർ ചെയ്ത് ജൂലൈ 13 -ന് പ്രവർത്തനം ആരംഭിച്ച റബ്കോയുടെ ആസ്ഥാനം കണ്ണൂർ ആണ്. കണ്ണൂർ സൗത്ത് ബസാറിലെ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മിച്ച റബ്കോ ഹൗസ് എന്ന് പേരിട്ടിട്ടുള്ള കെട്ടിടത്തിലാണ് ഹെഡ് ആഫീസ് പ്രവർത്തിക്കുന്നത്. റബ്കോയുടെ പ്രവർത്തന മേഖല സംസ്ഥാനമൊട്ടാകെയാണ്. റബ്ബറും റബ്ബർത്തടിയും ഉപയോഗിച്ചുള്ള വ്യവസായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ് റബ്കോയുടെ പ്രധാന ലക്ഷ്യം. ഇതോടൊപ്പം കാർഷിക മേഖലയിലെ പൊതുനില പരിഗണിച്ചുകൊണ്ടും കേര കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും റബ്കോ നാളികേര അധിഷ്ഠിതമായ വ്യവസായ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. സ്ഥാപനത്തിന്റെ അംഗീകൃത മൂലധനം 600 കോടി രൂപയാണ്. ആകെ അടച്ചു തീർത്ത ഓഹരി മൂലധനം 69.33 കോടി രൂപയാണ്. നിലവിൽ 413 എ ക്ലാസ് അംഗങ്ങളാണുള്ളത്. 2023-24 കാലയളവിൽ 3651.02 ലക്ഷം രൂപയുടെ അറ്റനഷ്ടത്തിലാണ്.

### പ്രധാന വ്യവസായ പദ്ധതികൾ

1. **ഹവായ് ചപ്പൽ ഫാക്ടറി**

   കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിലാണ് ഹവായ് ചപ്പൽ ഫാക്ടറി സ്ഥിതി ചെയ്യുന്നത്. കേരളമാണ് ഹവായ് ചപ്പലുകളുടെ പ്രധാന വിപണി. ഇതിനുപുറമെ ഗൾഫ് രാജ്യങ്ങളിലേയ്ക്കും കയറ്റമതി ചെയ്യുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ 153.67 ലക്ഷം രൂപയുടെ വിപണനം നടത്തിയിട്ടുണ്ട്.

2. **റബ്ബറൈസ്ഡ് കൊയർ മാട്രസ് ഫാക്ടറി**

   റബ്കോയുടെ ഏറ്റവും പ്രശസ്തിയുള്ള ഉല്പന്നമാണ് റബ്ബറൈസ്ഡ് കൊയർ മാട്രസ്. കോട്ടയം ജില്ലയിലെ പാമ്പാടിയിലാണ് ടി ഫാക്ടറി സ്ഥാപിച്ചിരിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ 2097.66 ലക്ഷം രൂപയുടെ വില്പന നടത്തിയിട്ടുണ്ട്.

3. **സ്പ്രിംഗ് മെത്തകൾ**

   ഉപഭോക്താക്കളുടെ ആവശ്യം മനസിലാക്കി റബ്കോ പുറത്തിറക്കിയ ഉല്പന്നമായ സ്പ്രിംഗ് മാട്രസുകൾ സ്വീകാര്യത ലഭിച്ചുവരുന്നുണ്ട്. കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരത്താണ് സ്പ്രിംഗ് മെത്തകൾ നിർമ്മിക്കുന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. റബ്കോ നോവ എന്ന ബ്രാന്റിൽ ആണ് മെത്തകൾ നിർമ്മിച്ചുവരുന്നത്. കൂടാതെ സൊലേസ് എന്ന സീരീസിലും സ്പ്രിംഗ് മെത്തകൾ നിർമ്മിച്ചുവരുന്നു. 2023-24 വർഷത്തിൽ 296.04 ലക്ഷം രൂപയുടെ വിൽപ്പന നടത്തിയിട്ടുണ്ട്.

4. **തലയണ നിർമ്മാണം**

   തലയണകൾ നിർമ്മിക്കുന്ന സംരംഭം കൂത്തുപറമ്പിൽ പ്രവർത്തിച്ചു വരുന്നു. ഒരു ഷിഫ്റ്റിൽ 850 തലയണകൾ ഇവിടെ നിർമ്മിക്കുന്നു. സോഫ്റ്റ് ടച്ച്, നാനോ സോഫ്റ്റ്, ഇക്കോണമി എന്ന ബ്രാന്റുകളിൽ തലയണ വിപണിയിൽ ഇറക്കിയിട്ടുണ്ട്.

5. **<u>റബ്ബർത്തടി സംസ്കരണ ഫർണിച്ചർ നിർമ്മാണ ഫാക്ടറി</u>**

റബർ തടി ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്നത് തലശ്ശേരിയിലെ ചോനാടിനടുത്തുള്ള റബ്കോ ഹവാർട്ട് വുഡ്സ് ഫാക്ടറിയിലാണ്. ടി ഫാക്ടറിയിൽ പ്രതിവർഷം 40,000 മെട്രക് ടൺ റബ്ബർതടി സംസ്കരിക്കുവാൻ കഴിയും. 2023-24 സാമ്പത്തിക വർഷത്തിൽ 31.49 കോടി രൂപയുടെ വില്പന നടത്തിയിട്ടുണ്ട്.

6. **<u>റൂഫാസ്</u>**

ചെറുകിട റബ്ബർ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി 2002 ൽ ആരംഭിച്ച റൂഫാസ് പ്രോജക്ട് വഴി റബ്ബർ കർഷകരിൽ നിന്ന് നേരിട്ടും റബ്ബർ കർഷക ക്ലബ്ബുകൾ വഴിയും റബ്ബർ പാൽ ശേഖരിച്ച് വിവിധ സ്ഥാപനങ്ങൾ പ്രിസേർവ്ഡ് ഫീൽഡ് ലാറ്റക്സ് വിപണനം ചെയ്യുന്നു. 2023-24 കാലയളവിൽ 737.85 ലക്ഷം രൂപയുടെ വില്പന നടത്തിയിട്ടുണ്ട്.

7. **<u>കോമ്പൗണ്ട് മിക്സിംഗ് പ്ലാന്റ്</u>**

NCDC യുടെ സാമ്പത്തിക സഹായത്തോടെ 20 കോടി രൂപ മുതൽ മുടക്കി വലിയ വെളിച്ചം വ്യവസായ കേന്ദ്രത്തിൽ 2010 ൽ നിർമ്മാണം പൂർത്തിയാക്കി ഉത്പാദനം ആരംഭിച്ച ഈ ഫാക്ടറിക്ക് പ്രതിവർഷം 36000 മെട്രിക് ടൺ റബ്ബർ മാസ്റ്റർ ബാച്ച് കോമ്പൗണ്ടുകൾ( 3 മിനിറ്റ് സൈക്കിൾ ടൈം) ഉത്പാദിപ്പിക്കുവാൻ ശേഷിയുണ്ട്. 2023-24ൽ റബ്ബർ കോമ്പൗണ്ട് മിക്സ് ചെയ്ത് അയയ്ക്കുക വഴി 149.51 ലക്ഷം രൂപയുടെ വരുമാനം നേടാനായി.

8. **<u>വെർജിൻ കോക്കനട്ട് ഓയിൽ</u>**

ആസ്ട്രേലിയൻ കമ്പനിയായ കോക്കനട്ട് പസഫിക് ലിമിറ്റഡിന്റെ ഡയറക്ട് മൈക്രോ എക്സ്പെല്ലർ ടെക്നോളജി ഉപയോഗിച്ച് പച്ചതേങ്ങയിൽ നിന്നും നേരിട്ട് വെർജിൻ കോക്കനട്ട് ഓയിൽ ഉല്പാദിപ്പിക്കുന്ന പദ്ധതിയാണിത്. കേരളത്തിൽ ഇതിനോടകം 25 യൂണിറ്റുകൾ സ്ഥാപിക്കാനായി. പ്രതിദിന ഉത്പാദനശേഷി 2500 ലിറ്റർ വെളിച്ചെണ്ണയാണ്. ഈ വെളിച്ചെണ്ണ 'ന്യൂട്രികൊ' എന്ന ബ്രാന്റിൽ ഭക്ഷ്യ എണ്ണയായി മാർക്കറ്റിൽ സ്വീകാര്യത നേടിയിട്ടുണ്ട്. വെർജിൻ കോക്കനട്ട് ഓയിലിന് പുറമെ കൊപ്രയിൽനിന്നും ഉത്പാദിപ്പിക്കുന്ന "റബ്ബ് കോ നാച്ചുറൽ " എന്ന പേരിൽ വെളിച്ചെണ്ണയും വിപണിയിൽ ഇറക്കിയിട്ടുണ്ട്. ന്യൂട്രികൊ, നാച്ചുറൽ എന്നീ ഉല്പന്നങ്ങളിലൂടെ 2023-24 വർഷത്തിൽ 397.05 ലക്ഷം രൂപയുടെ വില്പന കൈവരിച്ചിട്ടുണ്ട്.

## <u>കേരളാ സ്റ്റേറ്റ് ഇന്റഗ്രേറ്റഡ് മാർക്കറ്റിംഗ് ആന്റ് പ്രോസസ്സിംഗ് കോ-ഓപ്പറേറ്റീവ് ക്ലിപ്തം. 4445 (KIMPCO)</u>

18.12.2003 ന് കണ്ണൂർ ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ച **KIMPCO** യുടെ പ്രവർത്തനം സംസ്ഥാനമൊട്ടാകെയാണ്. ജൈവ കാർഷിക രംഗം ശക്തിപ്പെടുത്തുന്നതിന് കാർഷിക വിഭവങ്ങളുടെ ഉൽപ്പാദനം , വിപണനം, സംഭരണം, വൈവിധ്യവൽക്കരണം എന്നിവ ത്വരിതപ്പെടുത്തുക എന്നതാണ് ഫെഡറേഷന്റെ

പ്രഖ്യാപിത ലക്ഷ്യം. പയ്യന്നൂരിനടുത്ത് അന്നൂർ ശാന്തിഗ്രാമിൽ ജൈവഗൃഹം എന്ന പേരിൽ വിപണന കേന്ദ്രം പ്രവർത്തിച്ചുവരുന്നു.

വൈവിധ്യമാർന്ന കാർഷിക വ്യാവസായിക ആവശ്യങ്ങൾക്കായുള്ള യന്ത്ര സാമഗ്രികൾ, ഉപകരണങ്ങൾ, മറ്റ് അസംസ് കൃത വസ്തുക്കൾ എന്നിവയുടെ നിർമ്മാണം, വില്പന, കൂടാതെ കർഷകർക്ക് അവരുടെ കാർഷിക വിഭവങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് ആവശ്യമായ കമ്പോളം കണ്ടെത്തൽ എന്നിവ KIMPCO ചെയ്തു വരുന്നു.

നിലവിൽ 114 എ ക്ലാസ് അംഗങ്ങളാണ് സംഘത്തിലുള്ളത്. ഫെഡറേഷന്റെ തൻവർഷത്തെ പ്രവർത്തന നഷ്ടം 0.43 ലക്ഷം രൂപയും അറ്റ നഷ്ടം 15.61 ലക്ഷം രൂപയുമാണ്.

## കേരള സ്റ്റേറ്റ് ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൺസ് & പാരന്റ്സ് വെൽഫെയർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നം. 4495

കേരള സംസ്ഥാനത്തെ ഭിന്നശേഷിക്കാരായിട്ടുള്ളവരുടെ ക്ഷേമം മുൻനിർത്തി അവർക്കിടയിൽ സഹകരണ മനോഭാവവും സ്വാശ്രയശീലവും സമ്പാദ്യശീലവും മിതവ്യയശീലവും പരിപോഷിപ്പിക്കുക, ഭിന്നശേഷിക്കാരുടെയും അവരുടെ മാതാപിതാക്കളുടെയും ക്ഷേമത്തിനായി പുനരധിവാസ പദ്ധതികൾ, ചികിൽസാ സഹായ പദ്ധതികൾ, തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്ന പദ്ധതികൾ, വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പദ്ധതികൾ, ഓട്ടിസം ബാധിച്ചവർക്കായുള്ള മറ്റ് പദ്ധതികൾ തുടങ്ങി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കിക്കൊണ്ട് ഭിന്നശേഷിക്കാരും അവരുടെ മാതാപിതാക്കളും അംഗങ്ങളായിക്കൊണ്ട് 04.10.2017 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന സഹകരണ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൺസ് & പാരന്റ്സ് വെൽഫെയർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. സംഘത്തിന്റെ ആസ്ഥാനം തിരുവനന്തപുരം തൈക്കാട് ആണ്. സ്ഥാപനത്തിൽ താത്കാലികമായി 3 ജീവനക്കാർ പ്രവർത്തിക്കുന്നു. KSDACS ൽ ആകെ 2124 അംഗങ്ങളാണുള്ളത്. 2023-24 സാമ്പത്തിക വർഷത്തെ പ്രവർത്തന മൂലധനം 10 ലക്ഷം രൂപയാണ്.

## കേരള പ്രവാസി ക്ഷേമ സഹകരണ സംഘം ലി. നം. 4499

ഇതര സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമായി വസിക്കുന്ന കേരളീയരും അവിടത്തെ വാസം മതിയാക്കി കേരളത്തിലേയ്ക്ക് തിരിച്ചുവരുന്നവരുമായ പ്രവാസികളുടെ ക്ഷേമവും പുനരധിവാസവും ലക്ഷ്യമാക്കി 23.07.2019 ലെ സ.ഉ. (സാധാ) 376/2019 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിന് നോർക്കയ്ക്ക് അനുവാദം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ആസ്ഥാനമാക്കി, കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം നമ്പർ 4499 എന്ന പേരിൽ ഒരു ഫെഡറൽ സഹകരണ സംഘമായി രജിസ്റ്റർ ചെയ്തു.. 13.08.2021 ൽ

ചേർന്ന സംഘം പൊതുയോഗം സംഘത്തിന്റെ പേര് കേരള പ്രവാസി ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ 4499 എന്ന് നിയമാവലി ഭേദഗതി ചെയ്യുകയും സഹകരണ സംഘം രജിസ്ട്രാർ അതിന് അംഗീകാരം നൽകുകയും ചെയ്തു.

നിലവിൽ സംഘത്തിൽ 241 എ ക്ലാസ് അംഗങ്ങളും 40 ബി ക്ലാസ് അംഗങ്ങളുമാണുള്ളത്. ഇതിൽ എ ക്ലാസ് അംഗത്വം വ്യക്തികളായ പ്രവാസികൾക്കും, ബി ക്ലാസ് അംഗത്വം പ്രാഥമിക സഹകരണ സംഘങ്ങൾക്കും സി ക്ലാസ് ഓഹരികൾ സർക്കാരിനുമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘത്തിന്റെ നിയമാവലി പ്രകാരം അംഗീകൃതമൂലധനം 70 കോടി രൂപയും 2023-24 വർഷത്തെ അടച്ചുതീർത്ത മൂലധനം 21.89 ലക്ഷം രൂപയുമാണ്. തൻവർഷത്തെ നഷ്ടം 3.91 ലക്ഷം രൂപയും അറ്റനഷ്ടം 14.86 ലക്ഷം രൂപയുമാണ്.

## <u>നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ &മാർക്കറ്റിംഗ് സൊസൈറ്റി (എൻ. എം.ഡി.സി) ലിമിറ്റഡ് നം.എഫ്. 1003</u>

കോഴിക്കോട് ആസ്ഥാനമായി 1936 മുതൽ പ്രവർത്തിച്ചുവരുന്ന ഒരു സഹകരണ സ്ഥാപനമാണ് നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട്,മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലകളാണ് പ്രവർത്തന പരിധി., കോഴിക്കോടുള്ള പ്രധാന ഓഫീസിനോട് ചേർന്ന് ഉൽപ്പന്നങ്ങളുടെ വിപണന കേന്ദ്രവും ഒരു എള്ളെണ്ണ നിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. മൂന്ന് സഹകരണ സ്റ്റോറുകളാണ് എൻ. എം. ഡി. സി.യ്ക്കുള്ളത്. ഇതിൽ കോഴിക്കോട് പ്രധാന ഓഫീസിന് ഒപ്പമുള്ളതിന് പുറമെ, വടകര, കൽപ്പറ്റ എന്നിവിടങ്ങളിലാണ് മറ്റു രണ്ടെണ്ണം പ്രവർത്തിക്കുന്നത്. കോപ്പോൾ വെളിച്ചെണ്ണ, കോപ്പോൾ എള്ളെണ്ണ, കോപ്പോൾ ഹെയർ ഓയിൽ, ജിഞ്ചർ കോഫി, കോഫി പൗഡർ, കോക്കനട്ട് ഡ്രയർ എന്നിവയുടെ അഞ്ച് നിർമ്മാണ യൂണിറ്റുകളും സംഘത്തിനുണ്ട്. ഇതിനു പുറമെ, 25 എൻ. എം. ഡി. സി. ഔട്ട് ലെറ്റുകളുമുണ്ട്. കോഴിക്കോട്, വയനാട് ജില്ലകളിലാണ് ഇവ പ്രവർത്തിക്കുന്നത്. കോപ്പോൾ ഉത്പന്നങ്ങൾക്കു പുറമെ മറ്റ് പ്രവർത്തനങ്ങളും എൻ. എം. ഡി. സി. ഏറ്റെടുത്ത് ചെയ്യുന്നുണ്ട്. വിവിധ ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അംഗനവാടികൾ, ജയിലുകൾ, ട്രൈബൽ ഹോസ്റ്റലുകൾ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയിലെല്ലാം ആവശ്യമായ ഭക്ഷ്യ വസ്തുക്കളുടെ വിതരണം സംഘം കുറ്റമറ്റ രീതിയിൽ ചെയ്തുവരുന്നു. കൂടാതെ സഹകരണ നാട്ടുചന്ത, വെജിറ്റബിൾ ഡിഹൈഡ്രേഷൻ യൂണിറ്റ്, കോ-ഓപ്പറേറ്റീവ് കൺസൾട്ടന്റ്, അഗ്രോ പ്രോസസിംഗ് യൂണിറ്റ് ,ചിപ്സ് മിക്സിംഗ് യൂണിറ്റ് എന്നിവയും പ്രവർത്തിക്കുന്നു. 2023-24 വർഷം വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം ആകെ അടച്ചുതീർത്ത ഓഹരി മൂലധനം 73.93 ലക്ഷം രൂപയുമാണ്. ഫെഡറേഷന്റെ തൻവർഷത്തെ നഷ്ടം 72.30 ലക്ഷം രൂപയാണ്. 658.56 ലക്ഷം രൂപ അറ്റനഷ്ടത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്.

# വകുപ്പിന് കീഴിലുള്ള വിവിധ ബോർഡുകൾ

## സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്

1969ലെ കേരള സംസ്ഥാന സഹകരണ നിയമം ഭേദഗതി ചെയ്ത് സെക്ഷൻ 80 എ ഉൾപ്പെടുത്തിയാണ് സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി നടപ്പിലാക്കിയത്. 14.03.1995 ലെ ജി. ഒ. (പി) 44/95 സഹകരണം നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് രൂപീകരിച്ചു.

പെൻഷൻ ഫണ്ടിന്റെ കൈകാര്യവും നടത്തിപ്പ് ചുമതലയും സഹകരണ വകുപ്പ് സെക്രട്ടറിയും സഹകരണ സംഘം രജിസ്ട്രാറും ഉൾപ്പെടുന്ന 15 അംഗ ഭരണ സമിതിയ്ക്കാണ്. ഭരണ സമിതിയിലെ ഒരു അംഗത്തെ ഗവൺമെന്റ് ബോർഡിന്റെ ചെയർമാനായി നിയമിക്കുന്നു. നിലവിലെ പെൻഷൻ ഫണ്ട് വിഹിത നിരക്ക് ജീവനക്കാരുടെ അടിസ്ഥാന ശമ്പളം+ ഡി. എ. യുടെ 12% ആണ്.

നിലവിലുള്ള കുറഞ്ഞ പെൻഷൻ/പരമാവധി പെൻഷൻ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| | PACS | DCB/KSCB | Other Society |
|---|---|---|---|
| Minimum Pension | Rs. 3600/- | Rs. 3600/- | Rs. 3600/- |
| Family Pension | Rs. 2500/- | Rs. 2500/- | Rs. 2500 |
| Maximum Pension | Rs.17,850 | Rs. 26,850/- | 2% of total pension fund remitted |
| Aaswas Pension | Rs. 1750/- | Rs. 1,750 | Rs. 1750/- |
| Medical Allowance-Pensioners | Rs. 600/- | Rs. 600/- | Rs. 600/- |
| Medical Allowance-Family Pensioners | Rs. 300/- | Rs. 300/- | Rs. 300/- |

### (a). കേരള സംസ്ഥാന സഹകരണ ബാങ്ക്/ ജില്ലാ സഹകരണ ബാങ്കുകൾ

പെൻഷൻ പദ്ധതിയിൽ അംഗമായ ബാങ്കുകളുടെയും ജീവനക്കാരുടെയും എണ്ണം ചുവടെ ചേർക്കുന്നു.

| | ബാങ്കുകളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 31-03.2024 ലെ ബാങ്കുകളുടെയും ജീവനക്കാരുടെയും എണ്ണം | 15 | 9526 |

- ✓ 31.03.2024 വരെ അനുവദിച്ച പെൻഷന്റെ എണ്ണം -4385
- ✓ 31.03.2024 വരെ അനുവദിച്ച ആശ്വാസ് പെൻഷന്റെ എണ്ണം -101

- ✓ 31.03.2024 വരെയുള്ള നിക്ഷേപം –398.44 കോടി
- ✓ 31.03.2024 വരെ പെൻഷൻ ഫണ്ട് ശേഖരിച്ചത് –768.28 കോടി
- ✓ 31.03.2024 വരെ വിതരണം ചെയ്ത പെൻഷൻ –679.79 കോടി

**(b). പ്രാഥമിക സഹകരണ സംഘങ്ങൾ**

| | പ്രാഥമിക സഹകരണ സംഘങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 31–03.2024 ലെ സംഘങ്ങളുടെയും ജീവനക്കാരുടെയും എണ്ണം | 5002 | 67581 |

- ✓ 31.03.2024 വരെ അനുവദിച്ച പെൻഷന്റെ എണ്ണം –20412
- ✓ 31.03.2024 വരെ അനുവദിച്ച ആശ്വാസ് പെൻഷന്റെ എണ്ണം –99
- ✓ 31.03.2024 വരെയുള്ള നിക്ഷേപം –1013.77കോടി
- ✓ 31.03.2024 വരെ പെൻഷൻ ഫണ്ട് ശേഖരിച്ചത് –2682.79 കോടി
- ✓ 31.03.2024 വരെ വിതരണം ചെയ്ത പെൻഷൻ –2441.45 കോടി.

**(c) ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾ**

| | സംഘങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 31.03.2024 ലെ സംഘങ്ങളുടെയും ജീവനക്കാരുടെയും എണ്ണം | 1995 | 4931 |

- ✓ 31.03.2024 വരെ അനുവദിച്ച പെൻഷന്റെ എണ്ണം –1098
- ✓ 31.03.2024 വരെ അനുവദിച്ച ആശ്വാസ് പെൻഷന്റെ എണ്ണം –5
- ✓ 31.03.2024 വരെയുള്ള നിക്ഷേപം –74.83 കോടി
- ✓ 31.03.2024 വരെ പെൻഷൻ ഫണ്ട് ശേഖരിച്ചത് –96.42 കോടി
- ✓ 31.03.2024 വരെ വിതരണം ചെയ്ത പെൻഷൻ –45.92 കോടി.

## കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ്

കേരള സർക്കാരിന്റെ 30.09.1986 –ലെ ജി.ഒ.(ആർ.റ്റി.) 383/86 (സഹകരണം) നമ്പർ ഉത്തരവ് പ്രകാരം 01.04.1986 മുതൽ കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ് പ്രവർത്തനം ആരംഭിച്ചു. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരം ആണ്. വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അഡീഷണൽ രജിസ്ട്രാർ ക്ഷേമ ബോർഡിൽ സെക്രട്ടറി – ട്രഷറർ ആയി സേവനം അനുഷ്ഠിക്കുന്നു. വകുപ്പിൽ നിന്നുതന്നെ അസിസ്റ്റന്റ് രജിസ്ട്രാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ക്ഷേമ ബോർഡിന്റെ ഹെഡ് ആഫീസിൽ മാനേജരായി പ്രവർത്തിക്കുന്നു. ഇതിനുപുറമെ 14 റീജിയണൽ ആഫീസുകളും പ്രവർത്തിക്കുന്നു.

റീജിയണൽ ആഫീസുകളുടെ ചുമതല സീനിയർ സൂപ്രണ്ട്/റീജിയണൽ മാനേജർമാർക്കാണ്.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ക്ഷേമ പ്രവർത്തനങ്ങളാണ് ബോർഡ് ആരംഭ ദശയിൽ നടത്തി വന്നിരുന്നത്. മറ്റു വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന കൈത്തറി, കയർ, ക്ഷീരം, മത്സ്യം, ഖാദി - ഗ്രാമ വ്യവസായം, മറ്റ് വ്യവസായങ്ങൾ എന്നീ മേഖലകളിലെ ജീവനക്കാരെ 1.11.1996 മുതലും കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ 01.02.2001 മുതലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ബോർഡുകളിലെയും ജീവനക്കാരെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി.

**അംഗത്വം**

വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ജീവനക്കാർ** | **പ്രാരംഭം മുതൽ 31.03.2022 വരെ ചേർന്നത്** | 2023-24 **വർഷം ചേർന്നത്** | **ആകെ** | **പിരിഞ്ഞു പോയവർ** | **മരണപ്പെട്ടവർ** | 31.03.2024 **-ന് നിലവിലുള്ളവർ** |
|---|---|---|---|---|---|---|
| ആകെ ജീവനക്കാർ | 111984 | 3641 | 115625 | 35599 | 2452 | 77574 |

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്ന 5869 സംഘങ്ങളും ഇതര വകുപ്പുകളുടെ നിയന്ത്രണത്തിൽ വരുന്ന 2520 സംഘങ്ങളും ഉൾപ്പെടെ ആകെ 8389 അംഗ സംഘങ്ങളിൽ നിന്നാണ് ജീവനക്കാർ ചേർന്നിട്ടുള്ളത്.

വെൽഫെയർ ബോർഡിൽ തൻവർഷം (2023-24) ആകെ 3641 സഹകരണ സംഘം ജീവനക്കാർ പുതതായി അംഗങ്ങളായി ചേർന്നിട്ടുണ്ട്. 31.03.2024 വരെ ആകെ 115625 ജീവനക്കാർ അംഗങ്ങളായി ചേർന്നിട്ടുള്ളതിൽ 35599 പേർ സർവ്വീസിൽ നിന്ന് പിരിഞ്ഞുപോയി. 2452 പേർ സർവ്വീസിലിരിക്കെ മരണപ്പെട്ടു. ബാക്കി 77574 ജീവനക്കാർ നിലവിൽ അംഗങ്ങളായി തുടരുന്നു.

**ബോർഡിന്റെ ക്ഷേമ പ്രവർത്തനങ്ങൾ**

വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ടാൽ നോമിനിയ്ക്ക് മരണാനന്തര ധനസഹായം, ജീവനക്കാർക്കും ജീവനക്കാരുടെ ആശ്രിതർക്കും ചികിത്സാ ധനസഹായം, സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ വെൽഫെയർ ബോർഡിൽ അടച്ച ക്ഷേമ ബോർഡ് വിഹിതവും ആയതിന്റെ 10% ഇൻസെന്റീവും കൂടി തിരികെ നൽകൽ, അംഗങ്ങളുടെ മക്കളിൽ വിവിധ

പരീക്ഷകളിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി വരുന്നു.

വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം സ്ഥിരം ജീവനക്കാർക്കും, കമ്മീഷൻ ഏജന്റുമാർക്കും നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ വ്യത്യസ്തമായിരുന്നു. രണ്ട് വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും വെൽഫെയർ ബോർഡിൽ അടയ്ക്കുന്ന വിഹിതം ഒരേ തുകയാണെങ്കിലും റഗുലർ ജീവനക്കാരെ അപേക്ഷിച്ച് കമ്മീഷൻ ഏജന്റുമാർക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ വളരെ കുറവായിരുന്നു. സർക്കാരിന്റെ 15.01.2013-ലെ ഉത്തരവ് പ്രകാരം പ്രസ്തുത അന്തരം ഇല്ലാതാക്കി ടി രണ്ട് വിഭാഗങ്ങൾക്കും തുല്യ ആനുകൂല്യങ്ങൾ നൽകി വരുന്നു.

### എ. <u>മരണാനന്തര ധനസഹായം</u>

സേവനത്തിലിരിക്കെ മരണമടയുന്ന സഹകരണ സംഘം ജീവനക്കാരുടെ നിയമാനുസൃത അവകാശിക്ക് 22.02.2024 മുതൽ 3,00,000/- രൂപ മരണാനന്തര ധനസഹായം നൽകുന്നു.

### ബി. <u>ചികിത്സാ ധനസഹായം</u>

ക്യാൻസർ ചികിത്സ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്ക നീക്കം ചെയ്യൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ ശസ്ത്രക്രിയ (കരൾ ദാനം ചെയ്യുന്നതിന് നടത്തുന്ന ശസ്ത്രക്രിയ ഉൾപ്പെടെ), മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കണ്ണ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ബ്രയിൻട്യൂമർ, എച്ച്. ഐ. വി. എയ്ഡ്സ് എന്നിവയ്ക്ക് ചികിത്സാ ധനസഹായമായി വെൽഫെയർ ബോർഡ് അംഗങ്ങളായ ജീവനക്കാർക്ക് 1,50,000/- രൂപ നൽകുന്നു. കാഴ്ച ശക്തി നഷ്ടപ്പെടുക, തളർവാതം പിടിപെട്ട് ജോലി ചെയ്യാൻ കഴിയാതാവുക, അപകടം മൂലം 40% അംഗവൈകല്യം വരിക, എപ്പിലെപ്സി, മെനിഞ്ചൈറ്റിസ്, തലച്ചോറിനേയും സുഷുമ്നാകാണ്ഡത്തേയും ബാധിക്കുന്ന മാരക രോഗങ്ങൾ, ജോയിന്റ് റീപ്ലെയ്സ്മെന്റ് ശസ്ത്രക്രിയ,ഹെഡ് ഇൻജ്വറി, ഓട്ടിസം, മെന്റൽ ഡിസോഡേഴ്സ്,ഗില്ലൻവെറി സിൻഡ്രോം എന്നിവയ്ക്ക് ചികിത്സാ ധനസഹായമായി ജീവനക്കാർക്ക് 1,00,000/- രൂപയും ആശ്രിതരുടെ ചികിത്സയ്ക്ക് ധനസഹായമായി 50,000/- രൂപയും നൽകുന്നു. മേൽപ്പറഞ്ഞ രണ്ട് വിഭാഗത്തിൽപ്പെടുന്ന ചികിത്സകൾക്ക പുറമെ ഹൃദയ സംബന്ധമായ അസുഖം (ഹൃദയ ശസ്ത്രക്രിയ ഒഴികെ), യൂട്രസ് റിമൂവൽ, തൈറോയിഡ് ഓപ്പറേഷൻ, ലിവർ സിറോസിസ്, കിഡ്നി സംബന്ധമായ ചികിത്സ,(കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഒഴികെ) ഹെർണിയ ഓപ്പറേഷൻ, കരൾ സംബന്ധമായ ചികിത്സ,ഫൈലേറിയാസിസ്, ന്യൂമോണിയ, ഡിസ്ക്ക് സംബന്ധമായ ചികിത്സ, ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന മറ്റ് ചികിത്സകൾ എന്നിവയ്ക്ക് 30,000/- രൂപയും, ആസ്തമ, ക്ഷയരോഗം, വെറിക്കോസ് ഓപ്പറേഷൻ, വൈറസ് പകർത്തുന്ന എല്ലാ സാംക്രമിക രോഗങ്ങളും, അപ്പെന്റിസൈറ്റിസ്, സോറിയാസിസ്, പൈൽസ്-ഫിസ്റ്റല സർജ്ജറി, ഗർഭാശയ സംബന്ധമായ അസുഖങ്ങൾ, ഓവറിസിസ്റ്റ്, ഗ്ലൂക്കോമ, സ്കലറോഡർമ, സ്പോണ്ടിലൈറ്റിസും അത് സംബന്ധമായ ശസ്ത്രക്രിയയും,

തിമിരം,മൂത്രാശയക്കല്ല് ചികിത്സ, അപകടം മൂലമുണ്ടാകുന്ന അസ്ഥിപൊട്ടൽ, വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണം, ഉൾപ്പെടെയുള്ള മറ്റെല്ലാ അപകടങ്ങൾക്കും പരമാവധി 20,000 രൂപയും ജീവനക്കാരുടെ ചികിത്സയ്ക്ക് നൽകിവരുന്നു. 30,000/- രൂപയും 20,000/- രൂപയും അനുവദിക്കുന്ന ചികിത്സയ്ക്ക് ചെലവായ ആകെ തുകയോ പരമാവധിയോ ഏതാണോ കുറവ് ആ തുക എന്ന നിബന്ധനയ്ക്ക് വിധേയമായിട്ടായിരിക്കും ചികിത്സാ ധനസഹായം അനുവദിക്കുന്നത്.

**<u>സി. സർവ്വീസിൽ നിന്നും പിരിഞ്ഞുപോകുന്ന അവസരത്തിൽ നൽകുന്ന തുക</u>**

സർവ്വീസിൽ നിന്നും വിരമിക്കുകയോ ജോലി രാജിവച്ച് പോകുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അവർ ബോർഡിലേയ്ക്ക് അടച്ച തുകയും സംഘത്തിന്റെ വിഹിതവും ഉൾപ്പെടെയുള്ള തുക തിരികെ നൽകുന്നു. 04.08.2017 മുതൽ പ്രസ്തുത തുകയ്ക്ക് 10% ഇൻസെന്റീവ് കൂടി നൽകുന്നു.

**<u>ഡി. ക്യാഷ് അവാർഡ്</u>**

വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ്-ടു (സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, ഐ.എസ്.ഇ എന്നീ സിലബസുകൾ ഉൾപ്പെടെ), പരീക്ഷകളിൽ പ്രശസ്ത വിജയം നേടുന്നവർക്ക് 10,000/- രൂപ വീതവും എച്ച്. ഡി.സി.&ബി.എം , ജെഡിസി, സഹകരണം ഐച്ഛികമായ ബിരുദം/ ബിരുദാനന്തര ബിരുദം എന്നിവയ്ക്ക് സംസ്ഥാന തലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനത്തിന് യഥാക്രമം 10,000/-, 7,000/-,5000/- രൂപയും, BTech, MTech, BSc-നഴ്സിംഗ്, MSc- നഴ്സിംഗ് എന്നീ കോഴ്സുകൾക്ക് സംസ്ഥാന തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയവർക്ക് 15,000/- രൂപയും MBBS, BDS, BAMS, BHMS, BVSc എന്നിവയ്ക്കും അവയുടെ ബിരുദാനന്തര കോഴ്സുകൾക്ക് സംസ്ഥാനതലത്തിൽ സംസ്ഥാന തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയവർക്ക് 25,000/-രൂപയും, സെക്കന്ററി/ ഹയർ സെക്കന്ററി തലത്തിൽ സംസ്ഥാനതല സ്കൂൾ കലോത്സവത്തിൽ 'A' ഗ്രേഡ് ലഭിക്കുന്നവർക്ക് 5,000/- രൂപ വീതവും ക്യാഷ് അവാർഡ് നൽകിവരുന്നു. കായിക രംഗത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് സംസ്ഥാനതലത്തിലും, ദേശീയതലത്തിലും കോളേജ് വിദ്യാർത്ഥികൾക്ക് ഇന്റർ യൂണിവേഴ്സിറ്റി തലത്തിലും മികവ് പുലർത്തുന്നവർക്ക് 5,000/- രൂപയുടെ ക്യാഷ് അവാർഡും ഉൾപ്പെടുത്തിയിട്ടുണ്ട്.

## കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ നിന്നും തൻവർഷം (01.04.2023) മുതൽ 31.03.2024 വരെ) നൽകിയ ധനസഹായങ്ങൾ, അംഗങ്ങളിൽ നിന്നും സംഘം കോൺട്രിബ്യൂഷൻ ഉൾപ്പെടെയുള്ള ആകെ വരവ് (ക്ഷേമബോർഡ് വിഹിതം) എന്നിവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| മരണാനന്തര ധന സഹായം | | ചികിത്സാ സഹായം | | പിരിഞ്ഞുപോയവർക്ക് തിരികെ നൽകിയ തുക | | | ക്യാഷ് അവാർഡ് | | ഓണം റിലീഫ് | | ആകെ ചെലവ് | ക്ഷേമ ബോർഡ് വിഹിതം (വരവ്) |
|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക | എണ്ണം | അടച്ച തുക | ഇൻസെന്റീവ് | എണ്ണം | തുക | എണ്ണം | തുക | | |
| 94 | 23500000 | 540 | 33095000 | 1763 | 66210749 | 5913562 | 2006 | 20075000 | 97 | 291000 | 149085311 | 199859255.10 |

## കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് പ്രാരംഭം മുതൽ 31.03.2024 വരെ ആകെ നൽകിയ ധനസഹായം, അംഗങ്ങളിൽ നിന്നും സംഘം വിഹിതം ഉൾപ്പെടെയുള്ള ആകെ വരവ് (ക്ഷേമ ബോർഡ് വിഹിതം), നിക്ഷേപങ്ങൾ എന്നിവ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| മരണാനന്തര ധന സഹായം | | ചികിത്സാ സഹായം | | പിരിഞ്ഞു പോയവർക്ക് തിരികെ നൽകിയ തുക | | | ക്യാഷ് അവാർഡ് | | ഓണം റിലീഫ് | | കോവിഡ് റിലീഫ് | | ആകെ ചെലവ് | ക്ഷേമ ബോർഡ് വിഹിതം (വരവ്) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക | എണ്ണം | അടച്ച തുക | ഇൻസെന്റീവ് | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | തുക | തുക |
| 2447 | 281091000 | 5675 | 273914948 | 335642 | 614612440.25 | 37389289 | 116464 | 160624250 | 276 | 828000 | 133 | 332500 | 1368792427.25 | 2351372098.06 |

| നിക്ഷേപങ്ങൾ (31.03.2024 -ൽ) | | |
|---|---|---|
| സ്ഥിര നിക്ഷേപം | എസ്.ബി. അക്കൗണ്ട് ബാലൻസ് | ആകെ |
| 2311740092.00 | 77216394.86 | 2388956486.86 |

കൂടാതെ പരിയാരം മെഡിക്കൽ കോളേജിൽ ഒരു കോടി രൂപയുടെ ഓഹരി നിക്ഷേപവും സഹകരണ ഭവൻ കെട്ടിട നിർമ്മാണത്തിനായി വെൽഫെയർ ബോർഡിൽ നിന്നും ഒന്നര കോടി രൂപയും നല്കിയിട്ടുണ്ട്.

## കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് കേരള സഹകരണ നിയമത്തിലെ 57 എ വകുപ്പ് പ്രകാരമുള്ളതും 03.07.2000 ലെ ജി.ഒ.(പി) 108/2000/സഹ. നമ്പർ പ്രകാരം പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. ദുർബ്ബല സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം, റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കൽ ഇവയാണ് ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ.

## കേരള സഹകരണ ക്ഷേമ വികസന പദ്ധതി

കേരള സഹകരണ ക്ഷേമ വികസന പദ്ധതി 57 (എ) വകുപ്പ് പ്രകാരം ആസ്തി ശോഷണത്തിലും അറ്റനഷ്ടത്തിലും പ്രവർത്തിക്കുന്ന അംഗ സംഘങ്ങളെ ഉൾപ്പെടുത്തി ഒരു നിശ്ചിത കാലഘട്ടത്തിനുള്ളിൽ സംഘത്തെ സുശക്തമായ നിലയിൽ എത്തിക്കുന്നതിന് സംഘം തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 4% പലിശ നിരക്കിൽ ബോർഡിൽനിന്നും സാമ്പത്തിക സഹായം നൽകുന്നു. കൂടാതെ അംഗ സംഘങ്ങൾക്കുള്ള വികസന പദ്ധതികൾ, കാലാനുസൃതമായ വിപുലീകരണം എന്നിവയ്ക്കായി 7% നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നു. നിലവിൽ 4009 സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ക്ഷേമ വികസന പദ്ധതിയിൽ പ്രാഥമിക വിഹിത ഇനത്തിൽ 19.40 ലക്ഷം രൂപ ബോർഡിന് ലഭ്യമായിട്ടുണ്ട്.2023-24 സാമ്പത്തിക വർഷം രണ്ട് സംഘങ്ങൾക്കായി 10 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി

18.11.2008 ലെ സ.ഉ. (കൈ) നം. 249/2008 സഹ. സർക്കാർ ഉത്തരവ് പ്രകാരം കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്നു. റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗങ്ങളെ സൗജന്യമായി ചേർക്കുന്നു. 11.10.2022 ലെ സ. ഉ. (കൈ) നം. 32/2022/ സഹ. സർക്കാർ ഉത്തരവ് പ്രകാരം ഒരു വായ്പക്കാരൻ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/- (ആറ് ലക്ഷം) രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ. സഹകരണ ബാങ്ക്/സംഘങ്ങളിലെ നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം വാർഷിക വിഹിതം സംഘങ്ങളിൽ നിന്ന് ഈടാക്കുന്നതാണ്.

- ✓ 20 കോടി രൂപ വരെയുള്ള നിക്ഷേപത്തിന് 5000/- രൂപ.
- ✓ 20 കോടിക്കു മുകളിൽ 50 കോടി രൂപ വരെയുള്ള നിക്ഷേപത്തിന് 7500/- രൂപ.
- ✓ 50 കോടിക്കു മുകളിൽ 100 കോടി രൂപ വരെയുള്ള നിക്ഷേപത്തിന് 10000/- രൂപ.
- ✓ 100 കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപത്തിന് 15000/- രൂപ.

- ✓ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും, ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും 25000/- രൂപയും ഈടാക്കാവുന്നതാണ്.

റിസ്ക് ഫണ്ട് ധനസഹായം/മാരകരോഗത്തിനുള്ള ചികിത്സാ ധനസഹായം സംബന്ധിച്ച ബോർഡുമായുള്ള വ്യവഹാരങ്ങൾ സഹകരണ വകുപ്പിൻ കീഴിലുള്ള വ്യവഹാര പരിഹാര കോടതികൾ മുഖാന്തിരവും, അപ്പീൽ അതോറിറ്റി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും ആയിരിക്കും. വായ്പയെടുത്ത് ഒരു മാസത്തിനുള്ളിൽ (അപകടം മൂലമോ, ഹാർട്ട് അറ്റാക്ക് മൂലമോ പെട്ടെന്നുള്ള മരണം ഒഴികെ) മരണപ്പെടുന്ന വായ്പാക്കാരുടെ വായ്പകൾക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് അടച്ച് തീർത്ത വായ്പകൾക്കും, ഈ പദ്ധതി അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതിക്കകം അടച്ച തീർന്ന വായ്പകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല എന്ന നിബന്ധന പുതിയ നിയമാവലി ഭേദഗതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ വായ്പയെടുത്ത് ഒരു മാസത്തിനകം മരണപ്പെടുന്ന എല്ലാവർക്കും റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹതയുള്ളതാണ്.

2023-24 സാമ്പത്തിക വർഷത്തിൽ ബോർഡ് 10602 ഫയലുകളിലായി 100.10 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. തൻവർഷം റിസ്ക് ഫണ്ട് പ്രീമിയം ഇനത്തിൽ 135.79 കോടി രൂപ ലഭ്യമായിട്ടുണ്ട്. സർക്കാരിൽ നിന്നും ടി സാമ്പത്തിക വർഷം 2 കോടി രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾ/സംഘങ്ങളിലെ നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ വാർഷിക വിഹിത ഇനത്തിൽ 1.92 കോടി രൂപ ലഭ്യമായിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതിയിൽ ആകെ 5293 സംഘങ്ങൾ അംഗങ്ങളാണ്. പദ്ധതി ആരംഭിച്ചതുമുതൽ 31.03.2024 വരെ 826.43 കോടി രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## കേരള സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

05.01.2001 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 5/2001/സഹകരണം, 25.01.2001 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 18/2001/ സഹകരണം എന്നിവ പ്രകാരം രൂപീകൃതമായ സ്ഥാപനമാണ് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്. 15.02.2001 ൽ സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനം ഔപചാരികമായി ആരംഭിച്ചു. കേരള ബാങ്കിന്റെ ഓവർബ്രിഡ്ജ് ശാഖയിൽ പ്രവർത്തിച്ചിരുന്ന സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ ഓഫീസ് ഡി.പി.ഐ. ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന ജവഹർ സഹകരണ ഭവനിലെ 9-ാം നിലയിൽ 2024 ജൂലൈ 1 മുതൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി.

18.12.2003 ലെ സർക്കാർ ഉത്തരവ് (പി) 271/2003/ സഹകരണം പ്രകാരം പ്രാഥമിക ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, അർബൻ ബാങ്കുകൾ, ഹൗസിംഗ് സൊസൈറ്റികൾ എന്നിവയിൽ ഒഴിവുണ്ടാകുന്ന, നേരിട്ട് നിയമനം നടത്തപ്പെടുന്ന ജൂനിയർ ക്ലർക്ക് മുതൽ മുകളിലോട്ടുള്ള എല്ലാ തസ്തികകളിലേയ്ക്കും നിയമനങ്ങൾ നടത്തുന്നതിലേയ്ക്കായി എഴുത്തു പരീക്ഷ ,പരീക്ഷാ ബോർഡ് മുഖേന നടത്തി വരുന്നു. ഇതിനു പുറമെ സഹകരണ ചട്ടം 185 (2) അനുസരിച്ച് സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, 10 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള അർബൻ ബാങ്ക്, പ്രാഥമിക സഹകരണ ബാങ്കുകൾ

എന്നിവയിലെ ജീവനക്കാർക്ക് വേണ്ടിയുള്ള യോഗ്യതാ പരീക്ഷ നടത്തുന്നതിനുള്ള ചുമതലയും പരീക്ഷാ ബോർഡ് നിർവ്വഹിച്ചുവരുന്നു. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും ബോർഡിൽ നിക്ഷിപ്തമാണ്.

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനത്തിനായി 2425-101-95 പ്ലാൻ എന്ന ഒരു ശീർഷകം അനുവദിച്ച് നൽകിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർ ആണ് ഈ ശീർഷകത്തിന്റെ മുഖ്യ നിയന്ത്രണാധികാരി. ബോർഡിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് ഓരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തി സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകിവരുന്നു. ചെയർമാൻ, മെമ്പർമാർ, സെക്രട്ടറി, പരീക്ഷാ കൺട്രോളർ തുടങ്ങി ബോർഡിലെ എല്ലാ സ്ഥിരം ജീവനക്കാരുടെയും ശമ്പളം, മറ്റ ചെലവുകൾ തുടങ്ങിയവ ഈ ശീർഷകത്തിൽ നിന്നും മാറി വരുന്നു.

G.O. (MS) No. 213/2007/Coop തീയതി 15.10.2007 പ്രകാരം പരീക്ഷാ ബോർഡിന് സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി<br>(സഹകരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡെപ്യൂട്ടി രജിസ്ട്രാർ) | 1 |
| 2 | കൺട്രോളർ ഓഫ് എക്സാമിനേഷൻസ്<br>(സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അസിസ്റ്റന്റ് രജിസ്ട്രാർ) | 1 |
| 3 | അക്കൗണ്ടന്റ്<br>(സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സീനിയർ ഇൻസ്പെക്ടർ) | 1 |
| 4 | ലോവർ ഡിവിഷൻ ക്ലർക്ക്/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ<br>(സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ) | 2 |
| 5 | ഡ്രൈവർ ഗ്രേഡ് 11<br>(നേരിട്ട് നിയമനം) | 1 |
| 6 | അറ്റൻഡർ<br>(നേരിട്ട് നിയമനം) | 1 |
| 7 | പാർട്ട ടൈം സ്വീപ്പർ<br>(നേരിട്ട് നിയമനം) | 1 |

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പരീക്ഷാ പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മാതൃകയിൽ വൺടൈം രജിസ്ട്രേഷൻ സംവിധാനം ഒരുക്കി രജിസ്ട്രേഷൻ ആരംഭിച്ചു. ആദ്യ ഘട്ടത്തിൽ തന്നെ മുപ്പതിനായിരത്തിൽപ്പരം ഉദ്യോഗാർത്ഥികൾ candidate profile വഴി രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ഒഴിവുകൾ ഓൺലൈൻ വഴി രജിസ്ട്രേഷൻ ചെയ്യുന്നതിനും സംവിധാനം ഒരുക്കി. 20.12.2023 ന് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം അപേക്ഷകൾ ഓൺലൈൻ വഴി സ്വീകരിക്കുകയുണ്ടായി. പരീക്ഷാ ബോർഡിന്റെ പ്രവർത്തന പന്ഥാവിലെ ഒരു പുതിയ ചുവടുവെയ്പ്പായിരുന്നു ഇത്. ഇപ്രകാരം പരീക്ഷാ നടത്തിപ്പിന് ഓൺലൈൻ സമ്പ്രദായം പ്രയോജനപ്പെടുത്തിയതിലൂടെ വളരെ വേഗത്തിൽ പരീക്ഷാ പ്രക്രിയ പൂർത്തിയാക്കി നിയമന നടപടികൾ ത്വരിതപ്പെടുത്താൻ സാധിച്ചത് ഒരു മികച്ച നേട്ടമാണ്.

2023-24 വർഷത്തിലെ വിജ്ഞാപനങ്ങളും പരീക്ഷകളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിജ്ഞാപന തീയതി | തസ്തിക | പരീക്ഷ നടത്തിയ തീയതി |
|---|---|---|---|
| 1 | 15.10.2022 | ജൂനിയർ ക്ലർക്ക്/കാഷ്യർ | 01.04.2023 |
| 2 | | ടൈപ്പിസ്റ്റ് | 21.07.2023 |
| 3 | 29.12.2022 | അസിസ്റ്റന്റ് സെക്രട്ടറി/ ചീഫ് അക്കൗണ്ടന്റ്/ ഡെപ്യൂട്ടി ജനറൽ മാനേജർ | 10.06.2023 |
| 4 | | ജൂനിയർ ക്ലർക്ക്/ കാഷ്യർ | 11.06.2023 |
| 5 | | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 29.04.2023 |
| 6 | | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 29.04.2023 |
| 7 | 24.04.2023 | സെക്രട്ടറി | 08.10.2023 |
| 8 | | അസിസ്റ്റന്റ് സെക്രട്ടറി/ ചീഫ് അക്കൗണ്ടന്റ്/ ഡെപ്യൂട്ടി ജനറൽ മാനേജർ | 20.08.2023 |
| 9 | | ജൂനിയർ ക്ലർക്ക്/ കാഷ്യർ | 08.10.2023 |
| 10 | | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 20.08.2023 |
| 11 | | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 19.08.2023 |
| 12 | | ടൈപ്പിസ്റ്റ് | 19.08.2023 |
| 13 | 03.05.2023 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (പരീക്ഷാ ബോർഡിലേയ്ക്ക്) | |
| 14 | 25.05.2023 | ഉദ്യോഗക്കയറ്റ പരീക്ഷ | |
| 15 | 26.08.2023 | അസിസ്റ്റന്റ് സെക്രട്ടറി/ ചീഫ് അക്കൗണ്ടന്റ്/ ഡെപ്യൂട്ടി ജനറൽ മാനേജർ | 13.01.2024 |
| 16 | | ജൂനിയർ ക്ലർക്ക്/ കാഷ്യർ | |
| 17 | | സെക്രട്ടറി | |

| | | | |
|---|---|---|---|
| 18 | 20.012.2023 | അസിസ്റ്റന്റ് സെക്രട്ടറി/ ചീഫ് അക്കൗണ്ടന്റ്/ ഡെപ്യൂട്ടി ജനറൽ മാനേജർ | |
| 19 | | ജൂനിയർ ക്ലർക്ക്/ കാഷ്യർ | |
| 20 | | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | |
| 21 | | സിസ്റ്റം സൂപ്പർവൈസർ | |
| 22 | | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | |
| 23 | | ടൈപ്പിസ്റ്റ് | |

## കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി നൽകുന്നതിലൂടെ നിക്ഷേപകരുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി 2000. ടി പദ്ധതി പരിഷ്കരിച്ചുകൊണ്ട് സർക്കാരിന്റെ 11.01.2012 ലെ ജി.ഒ. (പി) നമ്പർ 3/2012/സഹ. വിജ്ഞാപന പ്രകാരമാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നിലവിൽ വന്നത്. 24.10.2014 ലെ ജി.ഒ. (പി) 126/2014 സഹ. നമ്പർ വിജ്ഞാപനപ്രകാരം പരിഷ്കരിക്കപ്പെട്ട പദ്ധതി പിന്നീട് 2018 സെപ്റ്റംബർ 22 ലെ ജി. ഒ. (പി)നമ്പർ 116/2018/സഹ. വിജ്ഞാപനപ്രകാരം കൂടുതൽ മെച്ചപ്പെടുത്തുകയും വിപുലപ്പെടുത്തുകയും ഉണ്ടായി. ഇപ്പോൾ ഈ പദ്ധതി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018 എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്നതും പ്രവർത്തനം മന്ദീഭവിച്ചതോ, നിന്നു പോയതോ, ലിക്വിഡേഷൻ നടപടികളിൽ ഉൾപ്പെട്ടതോ അല്ലാത്തതും, ഡെപ്പോസിറ്റ് ആന്റ് ഗ്യാരന്റി കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ പദ്ധതിയിൽ ഉൾപ്പെടാത്തതുമായ സംഘങ്ങളെ ടി പദ്ധതിയിൽ അംഗമായി ചേർത്തുവരുന്നു.

സഹകരണ സംഘം രജിസ്ട്രാറുടെ 27.02.2019 ലെ 9/19 നമ്പർ സർക്കുലർ പ്രകാരം നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സഹകരണ സംഘങ്ങളും 31.03.2019 നു മുമ്പായി അംഗത്വമെടുക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കേരള സഹകരണ ഭേദഗതി നിയമം 57(ബി)(3) പ്രകാരം നിക്ഷേപങ്ങൾ സ്വീകരിക്കുന്നത് തടഞ്ഞുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുമെന്നും പറയുന്നുണ്ട്. ടി ഉത്തരവിൽ അതാത് ജില്ലകളിൽ പ്രവർത്തന പരിധിയുള്ള സഹകരണ സംഘങ്ങളെ ഗ്യാരന്റി ഫണ്ട് ബോർഡിൽ അംഗമാക്കി നോട്ടിഫൈ ചെയ്യാനുള്ള അധികാരം അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് നൽകിയിട്ടുണ്ട്. ജില്ലയ്ക്ക് പുറത്ത് പ്രവർത്തന പരിധിയുള്ളതും, സംസ്ഥാനമൊട്ടാകെ പ്രവർത്തന പരിധി ഉള്ളതുമായ സഹകരണ സംഘങ്ങളെ നോട്ടിഫൈ ചെയ്യാനുള്ള അധികാരം സഹകരണ സംഘം രജിസ്ട്രാർക്കാണ്. നോട്ടിഫൈ ചെയ്തു കഴിഞ്ഞാൽ സാമ്പത്തിക വർഷത്തിൽ നിക്ഷേപ ബാക്കി നിൽപ്പു തുകയുടെ ഓരോ 100 രൂപയ്ക്കും 10 പൈസ നിരക്കിൽ കണക്കാക്കിയ വിഹിതം കേരളാ ബാങ്കിന്റെ അതാത് ജില്ലകളിലെ

പ്രധാന ശാഖകളിലെ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ നിക്ഷേപ വർദ്ധനവിന് ആനുപാതികമായി വിഹിതം അടയ്ക്കേണ്ടതാണ്. ഇപ്രകാരം അംഗത്വം എടുക്കുകയും വർഷാവർഷങ്ങളിൽ അംഗത്വം പുതുക്കുകയും ചെയ്യുന്ന ഏതെങ്കിലും സഹകരണ സംഘം ലിക്വിഡേറ്റ് ചെയ്യപ്പെടുകയും, നിക്ഷേപ സംഖ്യ തിരികെ നൽകാൻ കഴിയാതെ വരുകയും ചെയ്താൽ അംഗ സംഘത്തിലെ നിക്ഷേപകന് പരമാവധി 5 ലക്ഷം രൂപ വരെ ഗ്യാരന്റി ഉറപ്പാക്കിയിരിക്കുന്നു.

**2023-24 വർഷത്തെ പ്രവർത്തനം**

2023-24 വർഷത്തിൽ ഗ്യാരന്റി ഫണ്ട് ഇനത്തിൽ ബോർഡിന് ലഭിച്ചിട്ടുള്ള 10,40,21,921.91/- രൂപ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ജില്ലാ ശാഖകളിൽ നിക്ഷേപിച്ചിട്ടുണ്ട്. നിക്ഷേപങ്ങളുടെ പലിശയിനത്തിൽ 2023-24 വർഷത്തിൽ സംസ്ഥാ സഹകരണ ബാങ്കിൽ നിന്നും 15,40,81,373/- രൂപയും തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിന്നും പലിശയിനത്തിൽ 20,75,085/- രൂപയും ലഭിച്ചിട്ടുണ്ട്.

**ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.**

| ജില്ല | ആകെ ഒടുക്കിയത് |
|---|---|
| തിരുവനന്തപുരം | 87,92,880 |
| കൊല്ലം | 41,44,018 |
| പത്തനംതിട്ട | 2,39,080 |
| ആലപ്പുഴ | 26,16,763 |
| കോട്ടയം | 21,49,808 |
| ഇടുക്കി | 15,29,904 |
| എറണാകുളം | 1,26,60,058.20 |
| തൃശ്ശൂർ | 41,39,861 |
| പാലക്കാട് | 90,15,597 |
| മലപ്പുറം | 1,14,55,632 |
| കോഴിക്കോട് | 2,19,10,786.71 |
| വയനാട് | 8,70,546 |
| കണ്ണൂർ | 19701637 |
| കാസർഗോഡ് | 47,95,351 |
| **ആകെ** | 10,40,21,921.91 |

ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ ചെലവായിട്ടുള്ളത് 66,31,562/- രൂപയാണ്. തൻവർഷം 220,17,70,137/- രൂപയുടെ സ്ഥിരനിക്ഷേപം കേരളാ ബാങ്കിലും, 2,06,10,000/- രൂപ ട്രഷറിയിലും പുതുക്കി നിക്ഷേപിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ 24,75,60,000/- രൂപയുടെ പുതിയ സ്ഥിരനിക്ഷേപം നടത്തുകയും ചെയ്തിട്ടുണ്ട്. കേരളാ ബാങ്കിന്റെ 14 ജില്ലാ ശാഖകളിലും, തിരുവനന്തപുരം ജില്ലാ ട്രഷറിയിലും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 29,94,75,098.91/- രൂപ നിക്ഷേപിക്കുകയും 28,99,59,120/- രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ആണ്ടവസാനം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ

2,65,51,906.03/- രൂപ കേരളാ ബാങ്ക്, തിരുവനന്തപുരം ജില്ലാ ട്രഷറി എന്നീ അക്കൗണ്ടുകളിൽ ബാക്കി നിൽപ്പുണ്ട്.

കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ 31.03.2024 വരെ ഗ്യാരന്റി ഫണ്ട് അടച്ച പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ


| ക്രമ നം. | ജില്ല | നോട്ടിഫൈഡ് സംഘം | അംഗങ്ങളായി ചേർന്നത് |
|---|---|---|---|
| 1 | തിരുവനന്തപുരം | 113 | 113 |
| 2 | കൊല്ലം | 124 | 124 |
| 3 | പത്തനംതിട്ട | 104 | 103 |
| 4 | ആലപ്പുഴ | 169 | 166 |
| 5 | കോട്ടയം | 136 | 135 |
| 6 | ഇടുക്കി | 72 | 71 |
| 7 | എറണാകുളം | 168 | 166 |
| 8 | തൃശ്ശൂർ | 160 | 159 |
| 9 | പാലക്കാട് | 96 | 94 |
| 10 | മലപ്പുറം | 129 | 127 |
| 11 | കോഴിക്കോട് | 106 | 105 |
| 12 | വയനാട് | 28 | 28 |
| 13 | കണ്ണൂർ | 137 | 135 |
| 14 | കാസർഗോഡ് | 63 | 62 |
| **ആകെ** | | 1605 | **1588** |

# സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

## 2023-2024 സാമ്പത്തിക വർഷത്തെ ഭരണ റിപ്പോർട്ട്

### ആമുഖം

1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ 2000-ൽ നിലവിൽ വന്ന (ആക്ട് 1/2000) നിയമ ഭേദഗതി പ്രകാരമാണ് സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ചത്. 1969-ലെ കേരള സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സഹകരണ സംഘങ്ങളുടെയും ആഡിറ്റ് ഗുണമേന്മയോട് കൂടി യഥാസമയം പൂർത്തീകരിക്കുന്നതിന് വേണ്ടി 27/05/2008-ലെ ജി.ഒ.(എം.എസ്) 126/2008/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ചു. സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള **18**551 ആഡിറ്റ് ചെയ്യാവുന്ന സഹകരണ സംഘങ്ങളിലായി **21**109 ആഡിറ്റ് ബാക്കി നിൽപ്പുള്ളതിൽ 31/03/2024 വരെ **18**118 ആഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളതും, 2469 ആഡിറ്റ് കുടിശ്ശികയുമാണ്.




സഹകരണ ആഡിറ്റ്  ഡയറക്ടറേറ്റിൽ സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ടി ആഫീസിൽ സഹകരണ ആഡിറ്റ് ഡയറക്ടർ ഐ.എ.എസ് കേഡറിലെ ഒരു എക്സ് കേഡർ തസ്തികയാണ്. ഡയറക്ടറേറ്റിൽ താഴെപ്പറയും പ്രകാരം ജീവനക്കാർ സേവനമനുഷ്ടിച്ചു വരുന്നു.

അഡീഷണൽ ഡയറക്ടർ –1

ജോയിൻറ് ഡയറക്ടർ –1

| | |
|---|---|
| ഡെപ്യൂട്ടി ഡയറക്ടർ | -1 |
| അസിസ്റ്റൻറ് ഡയറക്ടർ | -1 |
| ഡയറക്ടറുടെ പി.എ | -1 |
| ആഡിറ്റർമാർ | -8 |
| അഡീഷണൽ | |
| ഡയറക്ടറുടെ സി.എ | -1 |
| ക്ലാർക്കുമാർ | -2 |
| ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ | -2 |
| ഓഫീസ് അറ്റൻഡന്റുമാർ | -3 |
| പാർട്ടൈം സ്വീപ്പർ | -1 |
| **ആകെ** | **22** |

അനുവദിച്ച നൽകിയ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ഒരാളും, ഡ്രൈവർ തസ്തികയിൽ രണ്ടുപേരും ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു.

ഡയറക്ടറേറ്റിന് പുറമേ 14 ജില്ലകളിലായി 64 സർക്കിൾ ആഫീസുകളുണ്ട്. ജില്ലാതലത്തിൽ ജോയിൻറ് ഡയറക്ടറും, താലൂക്ക് തലത്തിൽ അസിസ്റ്റൻറ് ഡയറക്ടറുമാണ് ആഫീസ് മേധാവികൾ.

**<u>ജില്ലാതല ആഫീസിന്റെ ഘടന</u>**

| | |
|---|---|
| ജോയിന്റ് ഡയറക്ടർ | -1 |
| അസിസ്റ്റന്റ് ഡയറക്ടർ | -1 |
| ആഫീസ് ആഡിറ്റർമാർ | -2 |
| ടൈപ്പിസ്റ്റ് | -1 |
| ഓഫീസ് അറ്റൻഡന്റുമാർ | -2 |
| പാർട്ട് ടൈം സ്വീപ്പർ | -1 |

**<u>സർക്കിൾതല ആഫീസിന്റെ ഘടന</u>**

| | |
|---|---|
| അസിസ്റ്റൻറ് ഡയറക്ടർ | -1 |
| ആഫീസ് ആഡിറ്റർ | -1 |
| ഓഫീസ് അറ്റൻഡൻറുമാർ | -1 |

**<u>യൂണിറ്റ് / കൺകറൻറ് ആഡിറ്റർമാർ</u>**

സഹകരണ ആഡിറ്റ് വിഭാഗത്തിൽ 31.03.2024-ലെ കണക്ക് പ്രകാരം 437 യൂണിറ്റ് ആഡിറ്റർമാരും കെ.എസ്.ആർ 156 പ്രകാരമുള്ള കൺകറന്റ് ആഡിറ്റർമാർ 1222 പേരുമാണുള്ളത്. ടി ആഡിറ്റർ മാരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

**പട്ടിക –1 ജില്ല തിരിച്ചുള്ള ആഡിറ്റർമാരുടെ തസ്തികകകളുടെ വിവരം (31/03/2024)**

| ജില്ല | യൂണിറ്റ് ആഡിറ്റർമാരുടെ തസ്തികകളുടെ എണ്ണം | കൺകറന്റ് ആഡിറ്റർമാരുടെ തസ്തികകളുടെ എണ്ണം | മൊത്തംതസ്തികകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 57 | 132 | 189 |
| കൊല്ലം | 43 | 84 | 127 |
| പത്തനംതിട്ട | 18 | 34 | 52 |
| ആലപ്പുഴ | 37 | 75 | 112 |
| കോട്ടയം | 32 | 87 | 119 |
| ഇടുക്കി | 18 | 29 | 47 |
| എറണാകുളം | 37 | 122 | 159 |
| തൃശ്ശൂർ | 44 | 93 | 137 |
| പാലക്കാട് | 23 | 75 | 98 |
| മലപ്പുറം | 31 | 84 | 115 |
| കോഴിക്കോട് | 37 | 85 | 122 |
| വയനാട് | 8 | 24 | 32 |
| കണ്ണൂർ | 36 | 149 | 185 |
| കാസർഗോഡ് | 16 | 55 | 71 |
| കെ.സി.എം.എം.എഫ് | | 94 | 94 |
| **ആകെ** | **437** | **1222** | **1659** |

**പട്ടിക 2 കെ.എസ്.ആർ 156 പ്രകാരം അനുവദിച്ച തസ്തികകളുടെ വിവരം (31/03/2024)**

| ജില്ല | അഡീഷണൽ ഡയറക്ടർ/ സമകാല ആഡിറ്റർ | ജോയിന്റ് ഡയറക്ടർ/ സമകാല ആഡിറ്റർ | ഡെപ്യൂട്ടി ഡയറക്ടർ/ സമകാല ആഡിറ്റർ | അസിസ്റ്റന്റ് ഡയറക്ടർ/ സമകാല ആഡിറ്റർ | സ്പെഷ്യൽ ഗ്രേഡ് സമകാല ആഡിറ്റർ | സീനിയർ ആഡിറ്റർ | ജൂനിയർ ആഡിറ്റർ | സ്പെഷ്യൽ ഗ്രേഡ് അഡീഷണൽ ആഡിറ്റർ | സീനിയർ അഡീഷണൽ ആഡിറ്റർ | ജൂനിയർ അഡീഷണൽ ആഡിറ്റർ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 0 | 3 | 0 | 26 | 15 | 35 | 44 | 1 | 5 | 3 | 132 |
| കൊല്ലം | 0 | 1 | 1 | 18 | 7 | 36 | 21 | 0 | 0 | 0 | 84 |
| പത്തനംതിട്ട | 0 | 1 | 0 | 0 | 0 | 7 | 25 | 0 | 1 | 0 | 34 |
| ആലപ്പുഴ | 0 | 1 | 0 | 6 | 5 | 19 | 41 | 2 | 1 | 0 | 75 |
| കോട്ടയം | 0 | 1 | 0 | 15 | 9 | 25 | 36 | 1 | 0 | 0 | 87 |
| ഇടുക്കി | 0 | 1 | 0 | 0 | 1 | 10 | 16 | 0 | 1 | 0 | 29 |
| എറണാകുളം | 0 | 2 | 2 | 15 | 14 | 48 | 35 | 1 | 1 | 4 | 122 |
| തൃശ്ശൂർ | 0 | 1 | 0 | 17 | 14 | 38 | 21 | 0 | 2 | 0 | 93 |
| പാലക്കാട് | 0 | 1 | 0 | 13 | 7 | 36 | 17 | 1 | 0 | 0 | 75 |
| മലപ്പുറം | 0 | 1 | 0 | 14 | 13 | 37 | 14 | 1 | 2 | 2 | 84 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| കോഴിക്കോട് | 0 | 1 | 0 | 21 | 15 | 17 | 27 | 1 | 0 | 3 | 85 |
| വയനാട് | 0 | 1 | 0 | 0 | 5 | 6 | 11 | 0 | 1 | 0 | 24 |
| കണ്ണൂർ | 0 | 1 | 0 | 29 | 18 | 44 | 53 | 0 | 1 | 3 | 149 |
| കാസർഗോഡ് | 0 | 1 | 0 | 7 | 8 | 15 | 23 | 0 | 0 | 1 | 55 |
| കെ.സി.എം.എം.എഫ് | 0 | 0 | 1 | 4 | 24 | 43 | 22 | 0 | 0 | 0 | 94 |
| **ആകെ** | **0** | **17** | **4** | **185** | **155** | **416** | **406** | **8** | **15** | **16** | **1222** |

## സഹകരണ ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം

1969-ലെ സഹകരണ നിയമം വകുപ്പ് 64 പ്രകാരം സഹകരണ ആഡിറ്റ് എന്നതിൽ ബാക്കിയിരുപ്പ് പണം, സെക്യൂരിറ്റി എന്നിവയുടെ പരിശോധനയും സംഘത്തിന്റെ ആസ്തികളുടെ വിലയിരുത്തലും ബാധ്യതകളുടെ പരിശോധനയും, ക്രമക്കേടുകൾ ആഡിറ്റ് വർഷത്തിൽ കണ്ടെത്തിയാൽ സഹകരണ സംഘം രജിസ്ട്രാറുടെ 11/1979 സർക്കുലർ പ്രകാരമുള്ള സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിക്കുക, സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ 50/2021 സർക്കുലറുകൾ പ്രകാരം നടപടി സ്വീകരിക്കുക, അപ്രകാരമുള്ള മറ്റ് ആഡിറ്റ് കാര്യങ്ങളും ഉൾപ്പെടുന്നു. സഹകരണ ആഡിറ്റ് എന്നാൽ ധനകാര്യ ആഡിറ്റ് മാത്രമല്ല ഭരണപരമായ ആഡിറ്റും ഉൾപ്പെടുന്നു. 2013-ലെ സഹകരണ നിയമ ഭേദഗതിയിലൂടെ സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനകം ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്. ഇതിനായി ആവശ്യമായ രേഖകൾ തയ്യാറാക്കി ആഡിറ്റിന് ലഭ്യമാക്കേണ്ടത് സംഘം ഭരണസമിതിയുടെ ചുമതലയാണ്.

## സഹകരണ മേഖലയിൽ ടീം ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി

സഹകരണ മേഖലയിലെ ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തു ന്നതിനും, ആഡിറ്റ് സമകാലികമാക്കുന്നതിനും അതിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും വേണ്ടി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് **ടീം ആഡിറ്റ് .** ജനാധിപത്യ ഭരണ നിയന്ത്രണം എന്ന തത്വത്തിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

ടീം ആഡിറ്റ് സംവിധാനം സർക്കാരിന്റെ മൂന്നാം 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുള്ള എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകികൊണ്ട് 06/05/2023-ന് സ.ഉ.(അച്ചടി) നം.114/2023/Co-Op നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ 16/08/2022 നും തൃശ്ശൂർ ജില്ലയിൽ 03/12/2022 നും ടീം ആഡിറ്റ് ആരംഭിച്ചു. കെ.എസ്.ആർ 156 സംവിധാനം നിലനിർത്തിക്കൊണ്ട് ആലപ്പുഴ, കോട്ടയം, കണ്ണൂർ ജില്ലകളിൽ ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന് 27/06/2023-ലെ സ.ഉ (അച്ചടി) നം. 158/2023/സഹ. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ലഭിക്കുകയും 14.03.2024 ലെ എ2/9/2024/സഹ നം. കത്ത് പ്രകാരം ബാക്കിയുള്ള എല്ലാ ജില്ലകളിലും മുൻ മാതൃകയിൽ

ടീം ആഡിറ്റ് നടത്താവുന്നതാണെന്ന് അറിയിക്കുകയും അങ്ങനെ നിലവിൽ എല്ലാ ജില്ലകളിലും ടീം ആഡിറ്റ് ആരംഭിക്കുകയും വിജയകരമായി നടന്നു വരുകയും ചെയ്യുന്നു.

## ആഡിറ്റിൽ കൊണ്ടുവന്ന നൂതന സമ്പ്രദായങ്ങൾ

ആഡിറ്റ് കാര്യക്ഷമമാക്കാൻ വേണ്ടി സർക്കുലർ നമ്പർ 01/2023, സർക്കുലർ നമ്പർ 02/2023 വഴി സഹകരണ ആഡിറ്റ് ഡയറക്ടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എല്ലാ ജില്ലാകളിലും നടപ്പിലാക്കിയ ടീം ഓഡിറ്റിലെ നൂതന സമ്പ്രദായങ്ങൾ ചുവടെ ചേർക്കുന്നു.

1. **ആഡിറ്റ് മെട്രിക്സ്**

ഓരോ തരം സംഘങ്ങൾക്കുമായി ആഡിറ്റ് മെട്രിക്സ് നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കണം. ആഡിറ്റ് മെട്രിക്സിൽ ആഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും അടങ്ങിയിരിക്കും. ഈ ആഡിറ്റ് ചോദ്യങ്ങൾ ആഡിറ്റർ ക്ക് ആഡിറ്റ് കാലയളവിൽ ഒരു ചെക്ക് ലിസ്റ്റായി ഉപയോഗിക്കാം. ആഡിറ്റ് ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പോസിറ്റീവ് ആണോ നെഗറ്റീവ് ആണോ എന്ന് പരിഗണിക്കാതെ തന്നെ ആഡിറ്റ് വേളയിൽ ആഡിറ്റ് മെട്രിക്സിന്റെ നിശ്ചിത കോളത്തിൽ ആഡിറ്റർ രേഖപ്പെടുത്തണം. ആഡിറ്റ് പൂർത്തിയാകുമ്പോൾ ആഡിറ്റ് മെട്രിക്സും പൂർത്തിയാകും. അത് ആഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിയ്ക്ക് സമർപ്പിക്കണം.

2. **ഡ്രാഫ്റ്റ് ആഡിറ്റ് മെമ്മോ**

ഡ്രാഫ്റ്റ് ആഡിറ്റ് മെമ്മോ എന്നാൽ ആഡിറ്റ് സമയത്ത് സംഘത്തിന് നൽകുന്ന ഒരു കുറിപ്പ് അല്ലെങ്കിൽ കത്ത് എന്നാണ് അർത്ഥമാക്കുന്നത്. ആഡിറ്റ് വേളയിൽ ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും, വസ്തുതകളുടെ സ്ഥിരീകരണത്തിനും, ഉന്നയിക്കപ്പെട്ട വിവിധ ചോദ്യങ്ങളും കണ്ടെത്തിയ എല്ലാ പ്രധാനപ്പെട്ട ന്യൂനതകളും ഡ്രാഫ്റ്റ് ആഡിറ്റ് മെമ്മോ വഴി സംഘത്തെ അറിയിക്കേണ്ടതാണ്. സംഘത്തിന് നൽകിയ ഡ്രാഫ്റ്റ് ആഡിറ്റ് മെമ്മോകൾക്ക് തൃപ്തികരമായ മറുപടി/വിശദീകരണം ലഭിച്ചിട്ടുണ്ടെങ്കിൽ ന്യൂനതാ സംഗ്രഹത്തിൽ നിന്ന് ഒഴിവാക്കാവുന്നതാണ്.

3. **വർക്കിംഗ് ഷീറ്റ്** :-

ആഡിറ്റ് മാന്വൽ ഭാഗം ഒന്നിലെ ഖണ്ഡിക 5.17 അനുസരിച്ച് ആഡിറ്റർ താഴെപ്പറയുന്ന വിശദാംശങ്ങളോടെ വർക്കിംഗ് ഷീറ്റുകൾ തയ്യാറാക്കേണ്ടതാണ്.

i. ആഡിറ്റ് വേളയിൽ സംഘത്തോട് ഉന്നയിക്കേണ്ടിവന്ന വിവിധ ചോദ്യങ്ങൾ.
ii. ഓഡിറ്റിൽ കണ്ടെത്തിയ ന്യൂനതകൾ.
iii. ഡ്രാഫ്റ്റ് ആഡിറ്റ് മെമ്മോകൾക്ക് സംഘം രേഖാമൂലം നൽകിയ മറുപടി/ വിശദീകരണങ്ങൾ.
iv. ആധികാരികമായ രേഖകളില്ലാതെ സംഘം കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വൗച്ചറുകളുടെയും രസീതുകളുടെയും ഇൻവോയ്സുകളുടെയും വിശദാംശങ്ങൾ.

v. സംഘം ഭരണസമിതിയുമായോ, ചീഫ് എക്സിക്യൂട്ടീവുമായോ ചർച്ച ചെയ്തവിശദാംശങ്ങൾ.

vi. ഗുരുതരമായ ക്രമക്കേടുകളിൽ ആഡിറ്റർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് തുടങ്ങിയവ.

4. **ആഡിറ്റ് റിപ്പോർട്ടിലെ ന്യൂനതാ സംഗ്രഹം :-**

ന്യൂനത സംഗ്രഹം താഴെ ചേർത്ത വിശദാംശങ്ങളുൾപ്പെടെ ഉള്ളതായിരിക്കണം.

i. ആമുഖം (Introduction)

ii. ഓഡിറ്റ്കണ്ടെത്തലുകൾ (Audit Findings)

iii. ആഡിറ്റ് വിലയിരുത്തൽ റിപ്പോർട്ട് (Evaluation Report)

iv. ഓഡിറ്റ്പാര (Audit para)

v. കംപ്ലയൻസ് രജിസ്റ്റർ

vi. എൻട്രിമീറ്റിംഗ്

vii. എക്സിറ്റ് മീറ്റിംഗ്

5. **ന്യൂനതാ പരിഹരണം**

കേരള സഹകരണ ഭേദഗതി നിയമം അനുസരിച്ച് സഹകരണ ഓഡിറ്റിംഗ് സമ്പ്രദായത്തിൽ കാര്യമായ മാറ്റങ്ങൾ കൊണ്ടുവരികയും കംപ്ലയൻസ് ആഡിറ്റ് ഉൾപ്പെടെ സഹകരണ ഓഡിറ്റിന്റെ വ്യാപ്തി വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ആഡിറ്റ് സമ്പ്രദായം ടീം ഓഡിറ്റിലേക്ക് മാറുകയും സമയബന്ധിതമായി ആഡിറ്റ് പൂർത്തിയാക്കുകയും ആഡിറ്റ് റിപ്പോർട്ടുകൾ അംഗീകരിച്ചു നൽകുകയും ചെയ്യുന്നതിനുള്ള വ്യക്തമായ വ്യവസ്ഥകൾ നിലവിൽ വന്നിരിക്കുന്നു. അപ്രകാരം ഓഡിറ്റിൽ കണ്ടെത്തുന്ന ന്യൂനതകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും പരിഹരണ റിപ്പോർട്ട് ഫയൽ ചെയ്യുന്നതിനും കേരള സഹകരണ നിയമം വകുപ്പ് 64 (9) പ്രകാരം സംഘം ഭരണസമിതിക്ക് ഉത്തരവാദിത്തം കൽപ്പിച്ചു നൽകിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ആഡിറ്റ് ന്യൂനതകൾ സമയബന്ധിതമായി പരിഹരിക്കുന്നുണ്ട് എന്ന് നിയമപരമായി ഉറപ്പുവരുത്തുന്നതിനായി കംപ്ലയൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നത് സംബന്ധിച്ച് 02/2024 നമ്പർ പ്രകാരം വിശദമായ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

6. **Audit Follow-Up**

ന്യൂനത സംഗ്രഹത്തിൽ പരാമർശിച്ചിരിക്കുന്ന ന്യൂനതകൾ സംഘം പരിഹരിക്കുന്ന മുറയ്ക്ക് ആയവ കംപ്ലയൻസ് രജിസ്റ്ററിൽ നിന്നും ഒഴിവാക്കി നൽകുന്നു.

✓ പ്രതിമാസ നിക്ഷേപ പദ്ധതികളുടെ അക്കൗണ്ടിംഗ് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശം തുടർനടപടികൾക്കായി സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്.

- ✓ അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക്മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടു ണ്ട്.
- ✓ Audit end to end computerization ന് വേണ്ടിയുള്ള URS(User Requirement Specification)തുടർ നടപടികൾക്കായി സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്.
- ✓ Asset revaluation സംബന്ധിച്ച നിർദ്ദേശം തുടർ നടപടികൾക്കായി സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്.

## <u>പ്രതിമാസ നിക്ഷേപ പദ്ധതി (MDS) ഏകീകൃത അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുന്ന തിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചു.</u>

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ നിലവിൽ നടത്തിവരുന്ന എംഡിഎസ്/ജിഡിസിഎസ് ഇടപാടുകൾ (പ്രതിമാസ നിക്ഷേപ പദ്ധതി) എഴുതി സൂക്ഷിക്കുന്നതിൽ ഏകീകൃത സ്വഭാവം പിന്തുടർന്ന് കാണുന്നില്ലായെന്നും, ടി ഇടപാടുകൾ എഴുതി സൂക്ഷിക്കുന്നതിലെ അപാകതകൾ കാരണം ബന്ധപ്പെട്ട സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ടുകളിലെ ബാക്കിപത്രങ്ങളിൽ അയഥാർത്ഥ്യ കണക്കുകളാണ് പലപ്പോഴും രേഖപ്പെടുത്തി കാണുന്നതെന്നും ചില സംഘങ്ങൾ ടി ഇടപാടുകളിന്മേൽ അംഗങ്ങളിൽ നിന്നും സ്വീകരിക്കുന്ന തുകകൾ സംഘത്തിൽ നിന്നും നല്കാനുള്ള കണക്കുകളിൽ ഉൾപ്പെടുത്തിയും ടി ഇടപാടുകളിന്മേൽ അംഗങ്ങൾക്ക് നൽകിയ തുകകൾ സംഘത്തിന് ലഭിക്കാനുള്ള കണക്കിൽ ഉൾപ്പെടുത്തിയുമാണ് ബാക്കിപത്രത്തിൽ രേഖപ്പെടുത്തി വരുന്നതെന്നും, ഇപ്രകാരം അയഥാർത്ഥ തുകകൾ ബാക്കിപത്രത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നത് അതാത് സംഘങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിവാക്കുന്നതല്ലെന്നും ശ്രദ്ധയിൽപെടുകയുണ്ടായി.

മേൽ സാഹചര്യത്തിൽ എംഡിഎസ്/ജിഡിസിഎസ് നടത്തുന്ന സഹകരണ സംഘങ്ങൾ പിന്തുടരേണ്ട ഏകീകൃത വ്യവസ്ഥകൾ, കണക്കെഴുത്ത് രീതി, ബാക്കിപത്രത്തിൽ എംഡിഎസ്/ജിഡിസിഎസ് ഇടപാടിലെ ബാക്കിനില്പ് രേഖപ്പെടുത്തേണ്ടതായ വിധം, എന്നിവയിൽ വ്യക്തത വരുത്തിക്കൊണ്ട്, എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബാധകമാകും വിധം, ഒരു കരട് സർക്കുലർ തയ്യാറാക്കി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എം ഡി എസ് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ 19/2024 സർക്കുലർ മുഖാന്തിരം പുറപ്പെടുവിക്കുകയും ചെയ്യുകയുണ്ടായി.

## <u>പരിഷ്കരിച്ച ആഡിറ്റ് മാന്വലിന്റെ പരിഭാഷ</u>

10/03/2023-ലെ ഡി.സി.എ 312/2023/എഡി(2) നമ്പർ ഉത്തരവ് പ്രകാരം ആഡിറ്റ് മാന്വൽ മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിനായി കമ്മിറ്റി രൂപീകരിക്കുകയും. പ്രസ്തുത കമ്മിറ്റി ആഡിറ്റ് മാന്വൽ പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

## ഭരണപരമായ പ്രവർത്തനങ്ങൾ

1969-ലെ സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളിലേയും ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട ജീവനക്കാരെ നിയോഗിക്കുകയും താലൂക്ക്/ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ആഡിറ്റിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നത് സഹകരണ ആഡിറ്റ് ഡയറക്ടറുടെ കർത്തവ്യമാണ്. ഇതിനായി ജില്ലാതല ഉദ്യോഗസ്ഥരുടെയും, താലൂക്ക്തല ഉദ്യോഗസ്ഥരുടെയും പ്രതിമാസ അവലോകനയോഗങ്ങൾ നടത്തിവരുന്നു.

വിവിധ സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്നതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

### പട്ടിക3

| ക്രമ നം | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ | വിവിധ സഹകരണ സ്ഥാപനങ്ങളുടെ/ആഡിറ്റിന്റെ ഇനം | |
|---|---|---|---|
| 1. | ആഡിറ്റ് അഡീഷണൽ ഡയറക്ടർ | 1. | അപ്പെക്സ് സഹകരണ സംഘങ്ങൾ |
| | | 2. | സെൻട്രൽ സഹകരണ സംഘങ്ങൾ |
| | | 3. | സഹകരണ മേഖലയിലെ ബോർഡുകൾ, സംസ്ഥാന സഹകരണ യൂണിയൻ |
| 2. | ജില്ലാ തല ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർ (14 എണ്ണം) | 1. | ജൂനിയർ ആഡിറ്റർ തസ്തികയ്ക്ക് മുകളിൽ ഉള്ളതും ജോയിൻറ് ഡയറക്ടർ തസ്തികയ്ക്ക് താഴെയുള്ളതുമായ സമകാല ആഡിറ്റർമാർ ആഡിറ്റ് ചെയ്യുന്ന സഹകരണ സംഘങ്ങൾ. |
| | | 2. | ഫെഡറൽ സഹകരണ സംഘങ്ങൾ (സംഘം നിയമാവലി പ്രകാരം ആസ്ഥാനം ഏതു ജില്ലയിലാണോ പ്രസ്തുത ആഡിറ്റ് ജോയിന്റ് ഡയറക്ടർ) |
| | | 3. | സർക്കിൾ സഹകരണ യൂണിയൻ |
| 3. | സർക്കിൾതല ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർമാർ (64 എണ്ണം) | 1. | മേൽ സൂചിപ്പിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ ഒഴികെയുള്ള എല്ലാ യൂണിറ്റ്/അരിയർ ആഡിറ്റുകളും ജൂനിയർ ആഡിറ്റർമാർ നിർവ്വഹിക്കുന്ന സമകാലീന ആഡിറ്റുകളും. |

## 2023-24 സാമ്പത്തിക വർഷത്തെ ആഡിറ്റ് പുരോഗതി

സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെയും ഭരണനിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആഡിറ്റ് നടത്തുന്നത് ആഡിറ്റ് ഡയറക്ടറുടെ ചുമതലയാണ്. 2023-24 സാമ്പത്തിക വർഷത്തിൽ 01/04/2023 ലെ

കണക്ക് പ്രകാരം 21109 സംഘങ്ങൾ നിലവിലുണ്ട്. ഇതിൽ 18551 എണ്ണം ആഡിറ്റ് ചെയ്യാവുന്നവയും 2558 എണ്ണം പ്രവർത്തനരഹിതവുമാണ്.

01/04/2023-ലെ കണക്ക് പ്രകാരം ആഡിറ്റ് ചെയ്യാവുന്ന 18551 സംഘങ്ങളിലായി 21109 ആഡിറ്റ് ബാക്കി നിൽപ്പുള്ളതിൽ 31/03/2024 വരെ 18118 ആഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളതും, 2469 ആഡിറ്റ് കുടിശ്ശികയുമാണ്.

**പട്ടിക -4**

| ബാക്കി നിൽപുള്ള ആഡിറ്റ് ജില്ല തിരിച്ചുള്ള വിവരം | | | | | | | |
|---|---|---|---|---|---|---|---|
| 2024 മാർച്ച് | | | | | | | |
| ക്രമ നം | ജില്ല | 01/04/23-ൽ ഉള്ള സംഘങ്ങൾ | 01/04/23-ൽ ഉള്ളആഡിറ്റ് | 31/03/2023 വരെ പൂർത്തിയാക്കിയ ആഡിറ്റ് | 31/03/2023 വരെ കൂട്ടി ചേർത്ത ആഡിറ്റുകളുടെ എണ്ണം | ഈവർഷം നീക്കം ചെയ്യു ആഡിറ്റുകളുടെ എണ്ണം | ബാക്കി നിൽക്കുന്ന ആഡിറ്റുകളുടെ എണ്ണം |
| 1 | തിരുവനന്തപുരം | 1985 | 2229 | 1844 | 0 | 242 | 143 |
| 2 | കൊല്ലം | 1493 | 1500 | 1447 | 0 | 42 | 11 |
| 3 | പത്തനംതിട്ട | 641 | 646 | 630 | 0 | 8 | 8 |
| 4 | ആലപ്പുഴ | 1285 | 1305 | 1277 | 0 | 11 | 17 |
| 5 | കോട്ടയം | 1111 | 1125 | 1100 | 0 | 4 | 21 |
| 6 | ഇടുക്കി | 633 | 638 | 625 | 0 | 4 | 9 |
| 7 | എറണാകുളം | 1356 | 1374 | 1331 | 0 | 16 | 27 |
| 8 | തൃശ്ശൂർ | 1316 | 1361 | 1256 | 0 | 82 | 23 |
| 9 | പാലക്കാട് | 980 | 988 | 952 | 0 | 23 | 13 |
| 10 | മലപ്പുറം | 1186 | 1200 | 1169 | 0 | 9 | 22 |
| 11 | കോഴിക്കോട് | 1416 | 1455 | 1384 | 0 | 27 | 44 |
| 12 | വയനാട് | 301 | 303 | 289 | 0 | 11 | 3 |
| 13 | കണ്ണൂർ | 1585 | 1585 | 1551 | 0 | 34 | 0 |
| 14 | കാസർഗോഡ് | 633 | 638 | 622 | 0 | 9 | 7 |
| 15 | ആപ്ക്കോസ് | 2630 | 4762 | 2641 | 0 | 0 | 2121 |
| ആകെ | | 18551 | 21109 | 18118 | 0 | 522 | 2469 |

**പട്ടിക -5**

**ആഡിറ്റബിൾ സംഘങ്ങളുടെ വകുപ്പ് തിരിച്ചുള്ള നിലവിലുള്ള സ്ഥിതി**

| ക്രമ നം | വകുപ്പ് | സംഘ ങ്ങൾ | ആകെ ആഡിറ്റ് | 31/03/2024 വരെ പൂർത്തീകരിച്ച ആഡിറ്റ് | 31/03/2024 വരെ നീക്കം ചെയ്ത ആഡിറ്റുകൾ | ബാക്കി നിൽപ്പ് ആകെ ആഡിറ്റ് |
|---|---|---|---|---|---|---|
| 1 | സഹകരണ വകുപ്പ് | 13119 | 13499 | 12786 | 376 | 324 |
| 2 | കൈത്തറി | 449 | 456 | 438 | 14 | 4 |
| 3 | കയർ | 679 | 688 | 667 | 13 | 8 |
| 4 | ഖാദി & വില്ലേജ് | 388 | 388 | 358 | 30 | 0 |
| 5 | മറ്റ് വ്യവസായം | 686 | 707 | 643 | 54 | 10 |
| 6 | ക്ഷീരം | 233 | 239 | 225 | 13 | 1 |
| 7 | ഫിഷറീസ് | 367 | 370 | 360 | 9 | 1 |
| 8 | ആപ്കോസ് | 2630 | 4762 | 2641 | 0 | 2121 |
| **ആകെ** | | 18551 | 21109 | 18118 | 509 | 2469 |

**പട്ടിക -6**

| **ആപ്ക്കോസ് ആഡിറ്റ് - 2024 മാർച്ച്** | | | | | | | | |
|---|---|---|---|---|---|---|---|---|
| **31/03/2024 വരെ ബാക്കി നിൽപ്.** | | | | | | | | |
| ക്രമ നം | സ്ഥാപനം | 2015-18 വരെ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | ആകെ |
| 1 | ആപ്ക്കോസ് തിരുവനന്തപുരം യൂണിയൻ | 1 | 1 | 1 | 5 | 59 | 275 | 342 |
| 2 | ആപ്ക്കോസ് എറണാകുളം | 35 | 38 | 125 | 199 | 313 | 474 | 1184 |
| 3 | ആപ്ക്കോസ് മലബാർ | 25 | 13 | 21 | 48 | 130 | 358 | 595 |
| **ആകെ** | | 61 | 52 | 147 | 252 | 502 | 1107 | 2121 |

**പട്ടിക -7**

| **ബാക്കി നിൽപുള്ള ആർ.എൻ.എ ആഡിറ്റ് ജില്ല തിരിച്ചുള്ള വിവരം.** | | | | | | |
|---|---|---|---|---|---|---|
| 2024 മാർച്ച് | | | | | | |
| ജില്ല | ആർ.എൻ.എ | | | | | |
| | വർഷാരംഭത്തി ലുണ്ടായിരുന്ന സംഘങ്ങളുടെ എണ്ണം | വർഷാരംഭത്തിൽ പൂർത്തി യാക്കാനുണ്ടായിരുന്ന ആഡിറ്റുകളുടെ എണ്ണം | പൂർത്തിയാക്കിയ ആഡിറ്റ് | തൻവർഷം നീക്കം ചെയ്ത ആഡിറ്റുകളുടെ എണ്ണം | തൻവർഷംകൂട്ടിച്ചേർത്ത ആഡിറ്റുകളുടെ എണ്ണം | ബാക്കി നിൽക്കുന്ന ആഡിറ്റ് |
| തിരുവനന്തപുരം | 1271 | 9394 | 0 | 0 | 0 | 9394 |

| | | | | | | |
|---|---|---|---|---|---|---|
| കൊല്ലം | 590 | 13173 | 0 | 0 | 0 | 13173 |
| പത്തനംതിട്ട | 196 | 4519 | 5 | 0 | 8 | 4522 |
| ആലപ്പുഴ | 676 | 14264 | 35 | 0 | 10 | 14239 |
| കോട്ടയം | 517 | 12430 | 2 | 0 | 0 | 12428 |
| ഇടുക്കി | 366 | 8269 | 15 | 0 | 0 | 8254 |
| എറണാകുളം | 629 | 14743 | 15 | 0 | 0 | 14728 |
| തൃശ്ശൂർ | 701 | 15794 | 74 | 0 | 82 | 15802 |
| പാലക്കാട് | 272 | 6388 | 0 | 0 | 0 | 6388 |
| മലപ്പുറം | 347 | 6693 | 18 | 0 | 6 | 6681 |
| കോഴിക്കോട് | 343 | 5577 | 0 | 0 | 0 | 5577 |
| വയനാട് | 158 | 3776 | 0 | 0 | 0 | 3776 |
| കണ്ണൂർ | 520 | 9569 | 29 | 0 | 0 | 9540 |
| കാസറകോഡ് | 164 | 3048 | 2 | 0 | 8 | 3054 |
| ആപ്‌ക്കോസ് | 434 | 3894 | 14 | 1 | 0 | 3879 |
| **ആകെ** | **7184** | **131531** | **209** | **1** | **114** | **131435** |

**പട്ടിക -8**

**അപ്പെക്സ് സംഘങ്ങളുടെ ആഡിറ്റ് വിവരം**

| ക്രമ നം | അപ്പെക്സ് സ്ഥാപനങ്ങളുടെ പേര് വിവരം | ഭരണനിയന്ത്രണം | ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയത് |
|---|---|---|---|
| 1 | കേരള സംസ്ഥാന സഹകരണ ബാങ്ക് | സഹകരണ വകുപ്പ് | 2022-23 |
| 2 | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | സഹകരണ വകുപ്പ് | 2023-24 |
| 3 | കൺസ്യൂമർഫെഡ് | സഹകരണ വകുപ്പ് | 2017-18 |
| 4 | ഹൗസ്ഫെഡ് | സഹകരണ വകുപ്പ് | 2023-24 |
| 5 | മാർക്കറ്റ്ഫെഡ് | സഹകരണ വകുപ്പ് | 2022-23 |
| 6 | റബ്ബർ മാർക്ക് | സഹകരണ വകുപ്പ് | 2022-23 |
| 7 | കേരഫെഡ് | കൃഷി വകുപ്പ് | 2021-22 |
| 8 | പട്ടികജാതി/പട്ടിക വർഗ്ഗ ഫെഡറേഷൻ | സഹകരണ വകുപ്പ് | 2017-18 |
| 9 | ഹോസ്പിറ്റൽ ഫെഡ് | സഹകരണ വകുപ്പ് | 2022-23 |
| 10 | വനിതാഫെഡ് | സഹകരണ വകുപ്പ് | 2022-23 |
| 11 | ടൂർഫെഡ് | സഹകരണ വകുപ്പ് | 2022-23 |
| 12 | മത്സ്യഫെഡ് | ഫിഷറീസ് വകുപ്പ് | 2022-23 |

| | | | |
|---|---|---|---|
| 13 | കേരള സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെ.സി.എം.എം.എഫ്) | ഡയറി വകുപ്പ് | 2023-24 |
| 14 | ഹാൻറക്സ് | കൈത്തറി & ടെക്സ്റ്റയിൽ | 2017-18 |
| 15 | കയർഫെഡ് | കയർ വികസന വകുപ്പ് | 2018-19 |
| 16 | ടെക്സ്ഫെഡ് | കൈത്തറി & ടെക്സ്റ്റയിൽ | 2023-24 |
| 17 | സുരഭി | വ്യവസായ വകുപ്പ് | 2020-21 |
| 18 | റ്റൂട്രോണിക്സ് | ഖാദി &വില്ലേജ് ഇൻഡസ്ട്രീസ് | 2022-23 |
| 19 | ലേബർഫെഡ് | സഹകരണ വകുപ്പ് | 2022-23 |
| 20 | കാപ്പെക്സ് | വ്യവസായ വകുപ്പ് | 1997-1998 (RNA) |
| 21 | കേരള സംസ്ഥാന സെറികൾച്ചറൽ സഹകരണ ഫെഡറേഷൻ (സെറിഫെഡ്) | വ്യവസായ വകുപ്പ് | 2007-08 (RNA) |
| **സഹകരണ വകുപ്പിനു കീഴിലുള്ള ബോർഡുകളുടെ ആഡിറ്റ് പുരോഗതി** | | | |
| 1. | കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫയർ ബോർഡ് | സഹകരണ വകുപ്പ് | 2022-23 |
| 2. | കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് | സഹകരണ വകുപ്പ് | 2022-23 |
| 3. | കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ് | സഹകരണ വകുപ്പ് | 2020-21 |
| 4. | കേരള സംസ്ഥാന സഹകരണ വികസന ക്ഷേമ നിധി ബോർഡ് | സഹകരണ വകുപ്പ് | 2021-22 |
| 5. | സംസ്ഥാന സഹകരണ എക്സാമിനേഷൻ ബോർഡ് | സഹകരണ വകുപ്പ് | 2019-20 |

## സഹകരണ വകുപ്പിലെ ആഡിറ്റർമാർക്ക് നൽകിയിട്ടുള്ള പരിശീലന പരിപാടികൾ

സഹകരണ വകുപ്പിലെ ആഡിറ്റിന്റെ കൃത്യതയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനും ആഡിറ്റർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഭരണനിർവ്വഹണ ആഡിറ്റ്, കോസ്റ്റ് ആഡിറ്റ്, മാനേജ്മെന്റ് ഡെവലപ്പ്മെന്റ്, നൈപുണ്യ വികസനം, കമ്പ്യൂട്ടർവൽകൃത ആഡിറ്റ് തുടങ്ങിയ മേഖലകളിൽ സഹകരണ സംഘം രജിസ്ട്രാർ മുഖാന്തിരം പരിശീലന പരിപാടികൾ അഗ്രിക്കൽച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്

(തിരുവനന്തപുരം,കണ്ണൂർ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (തിരുവനന്തപുരം) തുടങ്ങിയ സ്ഥാപനങ്ങൾ വഴി നടത്തിയിട്ടുണ്ട്.

Service matters of Government and co-operative Officers, Induction Training തുടങ്ങിയ വിഷയങ്ങളിൽ ആഡിറ്റർമാർക്ക് IMG യിൽ വച്ച് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. Special training Program closing loopholes in the preparation of Audit reports KCS Act 65,66,68 preparation and Verification of loan & Bond and Service Book, Training Program for co-operative Establishment and audit Defect Rectification തുടങ്ങിയ വിഷയങ്ങളിൽ ACSTI യിൽ ആഡിറ്റർമാർക്ക് ട്രെയിനിംഗ് നൽകി.

Training Program for IT Environment (Master Training) -Auditing, Special Report, Project Formulation, Financial Security and Monitoring and Stock Verification എന്ന വിഷയത്തിൽ (മിൽമ ആഡിറ്റർമാർക്കും), Training Program for MDS and Accounting System, Training Program for -Cyber Security Audit, Induction Training തുടങ്ങിയ വിഷയങ്ങളിൽ ICM വച്ച് ആഡിറ്റർ മാർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. കേരള ബാങ്ക് ജോയിന്റ് ഡയറക്ടർമാർ/ കൺകറന്റ് ആഡിറ്റർമാർ ഉൾപ്പെടെയുള്ള ആഡിറ്റർമാർക്ക് ഫിനാക്കിൾ ട്രെയിനിംഗ് ICM ൽ വച്ച് നൽകിട്ടുണ്ട്. Accounting Standards, Auditing standards എന്നീ വിഷയങ്ങൾ സംബന്ധിച്ച പരിശീലനം (Master Trainers) നൽകിയിട്ടുണ്ട്. കൂടാതെ Accounting Standers സംബന്ധിച്ച് ക്ലാസ് ആഡിറ്റർമാർക്കും ചീഫ് എക്സിക്യൂട്ടിവുകൾക്കും മാസ്റ്റർ ട്രെയിനേഴ്സിനെ ഉപയോഗിച്ച് നൽകിട്ടുണ്ട്.

**<u>ധനവരവ് വിവരം</u>**

കേരള സർവ്വീസ് റൂൾ പാർട്ട് 1 ചട്ടം 156 പ്രകാരം സഹകരണ ആഡിറ്റ് വിഭാഗത്തിൽ സമകാല ആഡിറ്റർമാരുടെ സേവനം വിട്ടുകൊടുക്കുന്നതിന് വേണ്ടി 2023-24 സാമ്പത്തിക വർഷത്തിൽ ആഡിറ്റ് കോസ്റ്റ്, അവധി വേതനം &പെൻഷൻ വിഹിതം എന്നീ ഇനത്തിൽ സഹകരണ സ്ഥാപനങ്ങൾ ഒടുക്കിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ആഡിറ്റ് കോസ്റ്റ്, അവധി വേതനം & പെൻഷൻ വിഹിതം 2023-24 | | | |
|---|---|---|---|
| ക്രമ നം | മാസം | ആഡിറ്റ് കോസ്റ്റ് | അവധി വേതനം &പെൻഷൻ വിഹിതം |
| 1 | **ഏപ്രിൽ 2023** | 94315319 | 21051426 |
| 2 | **മെയ് 2023** | 98389525 | 22383879 |
| 3 | **ജൂൺ 2023** | 92931077 | 20601719 |
| 4 | **ജൂലൈ 2023** | 89813569 | 20029149 |
| 5 | **ആഗസ്റ്റ് 2023** | 94392677 | 20716195 |
| 6 | **സെപ്റ്റംബർ 2023** | 92116006 | 20068400 |
| 7 | **ഒക്ടോബർ 2023** | 99606332 | 21878333 |
| 8 | **നവംബർ 2023** | 93869124 | 20756137 |
| 9 | **ഡിസംബർ 2023** | 94870043 | 21386329 |
| 10 | **ജനുവരി 2024** | 93765285 | 20689202 |
| 11 | **ഫെബ്രുവരി 2024** | 90667819 | 20152913 |
| 12 | **മാർച്ച് 2024** | 94379371 | 20709267 |
| **ആകെ** | | **1129116147** | **250422949** |